jeevadeepthi@gmail.com

ജീവദീപ്തി

November 2026 Book 11 Volume 16



ഉയലാടുന്നോ
ഓർമ്മകൾ ബാല്യം..



മരട് മൂത്തേടം
വിശുദ്ധ മേരി മാഗ്ദലീൻ
ദൈവാലയത്തിൽ



ദൈവദാസൻ ജോർജ് വാകയിലച്ചന്റെ 95-ാം സ്മരണോത്സവം

2026 നവംബർ 3 ചൊവ്വ വൈകിട്ട് 5.30



ആഘോഷമായ ദിവ്യബലി
മുഖ്യകാർമ്മികൻ
റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ
(വരാപ്പുഴ അതിരൂപത സഹായ മെത്രാൻ)

2026 നവംബർ 4 ബുധൻ രാവിലെ 9.30



ആഘോഷമായ ദിവ്യബലി
മുഖ്യകാർമ്മികൻ
മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)
നേർച്ചസദ്യ



മൂത്തേടം ബൈബിൾ കൺവെൻഷൻ

2025 ഒക്ടോബർ 28 മുതൽ നവംബർ 1 വരെ
വൈകിട്ട് 5.00 മുതൽ 9.30 വരെ
ജപമാല | ദിവ്യബലി | വചനശുശ്രൂഷ
നയിക്കുന്നത്: **മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ**
(ഷംഷാബാദ് ആർച്ച്എപ്പാർക്കി മെത്രാപ്പോലീത്ത)

2025 ഒക്ടോബർ 28 ബുധൻ വൈ. 5.00 ന്



ആഘോഷമായ ദിവ്യബലി
മുഖ്യകാർമ്മികൻ
റൈറ്റ്. റവ. ഡോ. ആന്റണി കാട്ടിപ്പറമ്പിൽ
(കൊച്ചിരൂപത മെത്രാൻ)

മരണത്തിന്റെ കറുപ്പും തണുപ്പും



ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

2012 സെപ്തംബർ 9-ാം തീയതി ഞായറാഴ്ച കാക്കനാട് സെന്റ് മൈക്കിൾസ് പള്ളി വികാരിയായിരിക്കെ, രാവിലെ 9 മണിയുടെ കുർബാനയർപ്പിച്ചുകൊണ്ടിരിക്കുന്ന സമയം. 'സ്വർഗ്ഗത്തിൽ വാഴും' എന്ന ഗാനം ആലപിച്ചുകൊണ്ടിരിക്കുന്ന സമയം. ഡീക്കൻ വന്ന് എന്റെ കാതിൽ എന്റെ അമ്മയുടെ മരണവാർത്ത അറിയിച്ചു. ദുഃഖം അണപൊട്ടിയൊഴുകി. ഒരുവിധത്തിൽ വി. കുർബാന അർപ്പിച്ച് പൂർത്തിയാക്കി.

പിറ്റേന്ന് 10-ാം തീയതി തിങ്കളാഴ്ചയായിരുന്നു ശവസംസ്ക്കാര ശുശ്രൂഷ. മുഖ്യകാർമ്മികനായി അമ്മയുടെ ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ബലിയർപ്പിക്കാൻ മകനായ എനിക്ക് സാധിച്ചില്ല. അന്നത്തെ വികാരി ജനറാളിനെ ആ ദൗത്യം ഏല്പിച്ച് ഞാൻ സഹകാർമ്മികനായി നിലകൊണ്ടു. എല്ലാവർക്കും നന്ദിപറഞ്ഞ അവസരത്തിൽ വാക്കുകൾ മുറിഞ്ഞ് കരഞ്ഞുപോയി. മരണത്തെക്കുറിച്ച് പ്രഘോഷിക്കുകയും, മറ്റുള്ളവരുടെ മരണ വീട്ടിൽ ചെന്ന് സാന്ത്വനപ്പെടുത്തുകയും ചെയ്യുന്ന വൈദികനായ ഞാൻ, സ്വന്തം അമ്മയുടെ മരണത്തിൽ പതറിപ്പോയത് ഇന്നുമോർക്കുന്നു.

ഗുരു ശിഷ്യനോട് ചോദിച്ചു. മരണത്തിന്റെ നിറമെന്താണ്.

ശിഷ്യൻ പറഞ്ഞു: കറുപ്പ്.

ഗുരു തിരുത്തി, അല്ല വെളുപ്പാണ്. മരണം ഒരാളെ പ്രകാശത്തിലേക്ക് കൊണ്ടുപോകുന്നു. അതിനാൽ മരണത്തിന്റെ നിറം കറുപ്പല്ല, വെളുപ്പാണ്.

ഗുരു ചോദ്യം തുടർന്നു: മരണത്തിന് തണുപ്പാണോ, ചൂടാണോ?

ശിഷ്യൻ പറഞ്ഞു: തണുപ്പാണ്. മരവിപ്പാണ്.

ഗുരു തിരുത്തി, അല്ല ചൂടാണ്. മരവിപ്പല്ല, ഉണർവാണ്.

മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ യാഥാർത്ഥ്യമാണ് മരണം. സോറൻഗീർക്കഗാർഡ് മരണത്തിന് നല്കിയ ഒരു നിർവചനം ഇങ്ങനെയാണ്: "The highest possibility of man in this life is death."

ക്രൈസ്തവജീവിതത്തിന്റെ കാതൽ ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. കുരിശുമരണത്തിന്റെ ഇരുളിനു മേൽ ഉയിർന്നുവന്നു ഉത്ഥാനത്തിന്റെ വെളിച്ചം. മരണം ഒരു പരാജയമല്ല, മറിച്ച് വിജയമാണ്. വിശുദ്ധ ജോൺ ക്രിസോസ്റ്റോം ഇപ്രകാരമെഴുതി: "മനുഷ്യന്റെ കണ്ണിൽ മരണം ഒരു അവസാനമാണ്, എന്നാൽ ദൈവത്തിന്റെ കണ്ണിൽ അത് മനുഷ്യജീവിതത്തിന്റെ യഥാർത്ഥ തുടക്കമാണ്."



ജീവദീപ്തി
JEEVADEEPTHI

November 2026 Vol 16 Book 11

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

ചീഫ് എഡിറ്റർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ഞേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

06



01

പരിശുദ്ധ ജപമാല: സൗഖ്യമേകുന്ന പ്രാർത്ഥന

മനസ്സിനും ശരീരത്തിനും ആത്മാ വിനും ഒന്നുപോലെ ശാന്തിയും പ്രശാന്തതയും പകരുന്ന അദ്ഭുത കരമായ ദൈവിക സമ്മാനമാണ് പരിശുദ്ധ ജപമാല.



നവംബറിന്റെ ഓർമ്മ

മരണത്തെ ധ്യാനിക്കാനും പൂർവ്വികരെ സ്നേഹത്തോടെ സ്മരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും



04

മരണത്തിന്റെ ദൈവശാസ്ത്രം: നിത്യജീവനിലേക്കുള്ള വാതിൽ

ക്രിസ്തീയ വിശ്വാസത്തിൽ മരണം ഒരിക്കലും സർവ്വനാശമോ പ്രതീക്ഷയുടെ അവസാനമോ അല്ല; മറിച്ച്,





സമയരഥത്തിന്റെ ധ്യാനഗുരു: ഫ്രാൻസിസ്

കോളറ ബാധിച്ച് മരിച്ചുകൊണ്ടിരിക്കുന്ന കുന്നംകുളത്തെ സാധാരണക്കാരെ ആശ്വസിപ്പിക്കുവാൻ ജർമനി

09

ഒരു സെമിത്തേരി പുരാണം....11
ശിശുദിനചിന്തകൾ....14
കുട്ടികളും അക്രമവാസനയും....16
അസാധാരണ ബാല്യങ്ങൾ....18
ഫാ. ജോർജ്ജ് വാകയിൽ....23
ഇന്നാണ് എന്റെ മരണം! 26
തിരിച്ചറിവിന്റെ വഴിയിൽ....27
അണയാത്ത പ്രത്യാശ....28
കാർമ്മൽഗിരി സെമിനാരി 30
കാലചക്രം തിരിയുമ്പോൾ 31
പ്രമേഹം തിരിച്ചറിയാം....35
Students forum 33
വാർത്തകൾ....35
ബൈബിൾ വിചിന്തനം....38
പിൻമൊഴി....40

മരണത്തിന്റെ ദൈവശാസ്ത്രം: നിത്യജീവനിലേക്കുള്ള വാതിൽ



ആർച്ച്ബിഷപ്പ്
ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത
മെത്രാപ്പോലീത്ത)

ക്രിസ്തീയ വിശ്വാസത്തിൽ മരണം ഒരിക്കലും സർവ്വനാശമോ പ്രതീക്ഷയുടെ അവസാനമോ അല്ല; മറിച്ച്, ദൈവവുമായുള്ള നിത്യമായ ഐക്യത്തിലേക്കുള്ള മനോഹരമായ ഒരു പ്രവേശന കവാടമാണ്. ഐഹിക ജീവിതത്തിന്റെ താത്കാലിക വസ്ത്രമഴിച്ചുവച്ച്, ദൈവിക സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കുന്ന ഈ പവിത്ര നിമിഷത്തെ ഭയത്തോടെയല്ല, മറിച്ച് അടിയുറച്ച പ്രത്യാശയോടെയാണ് കത്തോലിക്ക സഭ വീക്ഷിക്കുന്നത്. ലൗകിക ചിന്തകളിൽ മരണം വേദന നിറഞ്ഞ ഒരു വേർപാടായി തോന്നാമെങ്കിലും, ക്രിസ്തീയ വെളിച്ചത്തിൽ അത് സ്നേഹനിധിയായ പിതാവിന്റെ നിത്യഭവനത്തിലേക്കുള്ള സന്തോഷകരമായ മടക്കയാത്രയാണ്. മനുഷ്യന്റെ ആത്മാവ് അതിന്റെ സ്രഷ്ടാവിനെ മുഖാമുഖം കാണുന്ന ധന്യമായ നിമിഷമാണിത്.

ക്രൂശിലെ വിജയം നൽകുന്ന പ്രത്യാശ

യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ് ക്രൈസ്തവന്റെ മരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ അടിത്തറ. തന്റെ പുനരുത്ഥാനത്തിലൂടെ അവിടുന്ന് മരണത്തിന്റെ ശക്തിയെ എന്നേക്കുമായി കീഴടക്കുകയും നമുക്ക് നിത്യജീവൻ നേടിത്തരികയും ചെയ്തു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ പ്രത്യാശയുടെ ഈ സന്ദേശം ഉച്ചത്തിൽ പ്രഖ്യാപിക്കുന്നുണ്ട്. മരണമേ, നിന്റെ വിജയം എവിടെ, മരണമേ, നിന്റെ ദംശനം എവിടെ എന്ന് അപ്പസ്തോലൻ ചോദ്യമുയർത്തുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവന് മരണം നാശമല്ല, മറിച്ച് അനുഗൃഹീതമായ നിത്യതയുടെ ആരംഭമാണ്. നാം ഈ ഭൂമിയിൽ ജീവിക്കുന്നത് താൽകാലിക പരദേശികളായി മാത്രമാണ്; നമ്മുടെ യഥാർത്ഥ പൗരത്വവും ഭവനവും സ്വർഗ്ഗത്തിലാണ്. കുരിശിലെ യാഗത്തിലൂടെ യേശു നമുക്കുവേണ്ടി തുറന്നുവച്ച സ്വർഗ്ഗത്തിന്റെ വാതിലാണ് മരണത്തിലൂടെ യാഥാർത്ഥ്യമാകുന്നത്. മരണം എന്നാൽ ക്രിസ്തുവിനോടൊപ്പം ഉയിർത്തെഴുന്നേൽക്കാനുള്ള മനോഹരമായ നിമിഷമാണ്.

പാപപരിഹാരവും രക്ഷാകര പദ്ധതിയും

മനുഷ്യചരിത്രത്തിന്റെ ആരംഭത്തിൽ പാപംമൂലം കടന്നുവന്ന ഒന്നാണ് ഭൗതിക മരണം. ദൈവിക രക്ഷാകര പദ്ധതിയിൽ, അവിടുത്തെ അനുസരണവും സ്വയം സമർപ്പണവും വഴി മരണത്തിന്റെ ശാപത്തെ അവിടുന്ന് അനുഗ്രഹമാക്കി മാറ്റി. മാമ്മോദീസായിലൂടെ നാം ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളികളാകുന്നു. അതിനാൽ, ഒരു ക്രൈസ്തവനെ സംബന്ധിച്ച് ഭൗതിക മരണം എന്നത് മാമ്മോദീസായിൽ ആരംഭിച്ച ആത്മീയ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പൂർത്തീകരണമാണ്. അത് പഴയ മനുഷ്യനിൽ നിന്ന് പുതിയ മനുഷ്യനിലേക്കുള്ള, ദൈവിക തേജസ്സിലേക്കുള്ള പരിവർത്തനമാണ്.

വിശുദ്ധരുടെ കാഴ്ചപ്പാടിൽ മരണം

വിശുദ്ധരുടെ ജീവിതവും അമൂല്യമായ വാക്കുകളും മരണത്തെക്കുറിച്ചുള്ള ഭയം അകറ്റി മനോഹരമായ പ്രത്യാശ നമ്മിൽ നിറയ്ക്കുന്നു. ചെറുപുഷ്പമായ വിശുദ്ധ തെരേസ തന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ സാക്ഷ്യപ്പെടുത്തിയത് താൻ മരിക്കുകയല്ല, മറിച്ച് ജീവനിലേക്ക് പ്രവേശിക്കുകയാണെന്നാണ്. മരണം ദൈവസ്നേഹത്തിന്റെ പൂർണ്ണത നേരിട്ട് അനുഭവിച്ചറിയാനുള്ള സുവർണ്ണ അവസരമാണെന്ന് അവർ തിരിച്ചറിഞ്ഞു. അതുപോലെ, അസ്സീസിയിലെ വിശുദ്ധ

ഫ്രാൻസിസ് മരണത്തെ ഒരു ശത്രുവായല്ല, മറിച്ച് 'സഹോദരി' എന്നാണ് വിശേഷിപ്പിച്ചത്. ദൈവത്തിലേക്ക് അടുപ്പിക്കുന്ന ഏത് അനുഭവവും വിശുദ്ധർക്ക് ഏറെ പ്രിയങ്കരമായിരുന്നു.

പ്രിയപ്പെട്ടവരുടെ വിയോഗത്തിൽ ദുഃഖിക്കുന്നവർക്കായി വിശുദ്ധ അഗസ്റ്റിൻ എഴുതിയ ആശ്വാസ വചനങ്ങൾ എക്കാലത്തും പ്രസക്തമാണ്. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ലെന്നും, മരണം ഒരു മറ മാത്രമാണെന്നും, താൻ അപ്പുറത്തെ മുറിയിലേക്ക് മാറിയെന്നേയുള്ളൂ എന്നും അഗസ്റ്റിൻ ചിന്തിപ്പിച്ചു. ഈ വാക്കുകൾ മരണമടഞ്ഞ നമ്മുടെ പ്രിയപ്പെട്ടവർ പൂർണ്ണമായി നമ്മിൽ നിന്ന് വേർപിരിഞ്ഞു പോയിട്ടില്ലെന്നും, ദൈവസാന്നിധ്യത്തിൽ അവർ നമ്മെ ഓർക്കുകയും നമുക്കായി മധ്യസ്ഥത വഹിക്കുകയും ചെയ്യുന്നുണ്ടെന്നുമുള്ള ദിവ്യസാന്ത്വനം നൽകുന്നു.

വിശുദ്ധ കുർബാനയും കൂദാശകളും

സഭയുടെ കൂദാശകൾ ജീവിക്കുന്ന വ്യക്തിയെ അവന്റെ യാത്രയിലുടനീളം നിത്യജീവനിലേക്ക് ഒരുക്കുന്നു. വിശുദ്ധ കുർബാന നിത്യജീവിതത്തിന്റെ ഔഷധവും അമൃതവുമാണ്. തന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്നും, ഒടുവിലത്തെ ദിവസം അവനെ ഉയിർപ്പിക്കുമെന്നും യേശു അരുളിച്ചെയ്തിട്ടുണ്ട്. മരണാസന്നർക്ക് നൽകപ്പെടുന്ന രോഗീലേപനവും അവസാന യാത്രാഭക്ഷണമായ തിരുപ്പാഥേയവും അന്ത്യനിമിഷങ്ങളിൽ ആത്മാവിന് വലിയ ധൈര്യവും ആശ്വാസവും പകരുന്നു. ഭയമില്ലാതെ ദൈവകരങ്ങളിലേക്ക് സ്വന്തം ആത്മാവിനെ ഭരമേൽപ്പിക്കാൻ ഈ സാന്നിധ്യം ഓരോ വിശ്വാസിയെയും പ്രാപ്തനാക്കുന്നു.

മരണാനന്തര ജീവിതവും സഭാപഠനവും

കത്തോലിക്ക സഭയുടെ ഔദ്യോഗിക പഠനമനുസരിച്ച് മരണ ശേഷം ആത്മാവ് ദൈവത്തിന്റെ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും വെളിച്ചത്തിൽ സ്വന്തം ജീവിതത്തെ കാണുന്നു. ദൈവവുമായുള്ള പരിപൂർണ്ണവും നിത്യവുമായ ഐക്യമാണ് സ്വർഗ്ഗം. ദൈവത്തിന്റെ പരിശുദ്ധിയിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ആത്മാവിനുണ്ടാകുന്ന സ്നേഹനിർഭരമായ ഒരുക്കവും ശുദ്ധീകരണവുമാണ് ശുദ്ധീകരണസ്ഥലം. ദൈവത്തിന്റെ അളവറ്റ കരുണയിൽ പ്രത്യാശ അർപ്പിക്കുന്ന ക്രൈസ്തവന് മരണം ഭയപ്പെടേണ്ട ഒന്നല്ല, മറിച്ച് ദൈവിക നീതിയുടെയും കരുണയുടെയും പൂർത്തീകരണമാണ്.

പ്രിയപ്പെട്ടവരുടെ വേർപാടും സഭയുടെ മധ്യസ്ഥതയും

വേർപാടിന്റെ തത്കാലിക സങ്കടം മനുഷ്യസഹജമാണ്. യേശുപോലും തന്റെ പ്രിയ സുഹൃത്തായ ലാസറിന്റെ കല്ലറയിൽ കണ്ണീരൊഴുക്കി. എന്നാൽ ക്രൈസ്തവന്റെ ദുഃഖം പ്രത്യാശയില്ലാത്തവരുടെ ദുഃഖമല്ല. മരിച്ചവർക്കായി പ്രാർത്ഥിക്കുക എന്നത് സഭയുടെ വലിയൊരു ദൗത്യമാണ്. നാം അർപ്പിക്കുന്ന വിശുദ്ധ കുർബാനകളും പ്രാർത്ഥനകളും വഴി മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരുടെ ആത്മാക്കൾക്ക് നിത്യശാന്തി ലഭിക്കുന്നു.

നിത്യവെളിച്ചത്തിലേക്കുള്ള പ്രയാണം

ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാണ് എന്നും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നുമുള്ള യേശുവിന്റെ വാഗ്ദാനം ക്രിസ്തീയ വിശ്വാസിയുടെ ഏറ്റവും വലിയ ബലമാണ്. ഭൂമിയിലെ നമ്മുടെ സഹനങ്ങളും കണ്ണീരും നിത്യതയിലെ ആനന്ദത്തിന് മുന്നിൽ തീർത്തും അപ്രസക്തമാണ്. കുരിശുമരണത്തിലൂടെ പാപത്തെ തോൽപ്പിച്ച ക്രിസ്തുവിന്റെ സ്നേഹം നമ്മെ മരണത്തിനപ്പുറമുള്ള ലോകത്തേക്ക് കൈപിടിച്ചു നടത്തുന്നു.



വേർപാടിന്റെ സങ്കടങ്ങൾക്കിടയിലും മരണത്തെ കണ്ട് നാം ഭയപ്പെടേണ്ടതില്ല. കാരണം, നമ്മെ അനുദിനം സ്നേഹിക്കുന്ന, നമുക്കായി കാത്തിരിക്കുന്ന കരുണാമയനായ ദൈവത്തിന്റെ കൈകളിലേക്കാണ് നാം നമ്മുടെ ജീവനെ ഭരമേൽപ്പിക്കുന്നത്. മരണം സ്നേഹത്തിലേക്ക് കണ്ണുതുറക്കലാണ്; നിത്യവെളിച്ചത്തിലേക്കുള്ള മനോഹരമായ പ്രയാണമാണ്. ഈ ദൈവിക പ്രത്യാശ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ സദാ ജ്വലിച്ചുനിൽക്കട്ടെ.

നവംബറിന്റെ ഓർമ്മ



ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ

മരണത്തെ ധ്യാനിക്കാനും പൂർവ്വികരെ സ്നേഹത്തോടെ സ്മരിക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനും മാറ്റിവയ്ക്കപ്പെട്ട നവംബർ മാസം. നവംബറിന്റെ ഓർമ്മകൾ മരണത്തെയും ശുദ്ധീകരണസ്ഥലത്തെയും കുറിച്ച് ധ്യാനിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു.

മരണം

മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം. അതിനുശേഷം വിധി എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു (ഹെബ്രാ 9,27). "നീ പൊടിയാകുന്നു. പൊടിയിലേക്കുതന്നെ നീ മടങ്ങും" (ഉൽപ 3,19). മരണമെന്ന സമസ്യയുടെ ഉത്തരം വിശ്വാസി കണ്ടെത്തുന്നത് ക്രിസ്തുവിന്റെ മരണത്തിലാണ്. "പിതാവേ അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46). ജീവദാതാവായ ദൈവത്തിന്റെ തൃക്കരങ്ങളിൽ ജീവനെ തിരിച്ചു സമർപ്പിക്കലാണ് മരണം.


എന്നാണ് ജീവനെ ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കേണ്ടത്? "എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ. 19,30). പിതാവ് തന്നെ ഏൽപ്പിച്ചതെല്ലാം പൂർത്തിയായപ്പോഴാണ് യേശു തന്റെ ആത്മാവിനെ സമർപ്പിക്കുന്നത്. ഭൂമിയിൽ പൂർത്തീകരിക്കുവാൻ ദൈവം നിശ്ചയിച്ചിട്ടുള്ള ദൗത്യം നിറവേറ്റിക്കഴിയുമ്പോൾ ഒരു വ്യക്തിയെ ദൈവം വിളിക്കുന്നു. അതിന് പ്രായപരിധിയില്ല. ഓരോരുത്തരുടേയും നിയോഗങ്ങൾ വ്യത്യസ്തങ്ങളാണ്. ചുരുക്കം ചിലർ അത് ശൈശവത്തിൽ പൂർത്തിയാക്കുന്നു. മറ്റുചിലർ യൗവനത്തിലും കൂടുതൽ പേർ വാർദ്ധക്യത്തിലും അത് നിറവേറ്റുന്നു.

ക്രൈസ്തവന് മരണം ക്രിസ്തുവിന്റെ മരണത്തിലുള്ള പങ്കുപറ്റലാണ്. പിതാവിന്റെ ഇഷ്ടത്തിന് വിധേയപ്പെട്ട് അപരനു വേണ്ടി ബലിയായി മാറിയ ജീവിതത്തിന്റെ പൂർണ്ണതയാണ് ക്രിസ്തുവിന്റെ മരണം. ക്രൈസ്തവന്റെ നിയോഗവും മറ്റൊന്നല്ല. മറ്റുള്ളവർക്കുവേണ്ടി, കുടുംബത്തിനു വേണ്ടി സ്നേഹപൂർവ്വം ജീവിക്കുമ്പോൾ വിശ്വാസി ഓരോ ദിവസവും ക്രിസ്തുവിന്റെ മരണത്തിൽ പങ്കുചേരുന്നു. മരണത്തെ നിദ്രയെന്നാണ് ക്രിസ്തു വിശേഷിപ്പിക്കുന്നത്. ബാലിക "ഉറങ്ങുകയാണ്" (ലൂക്ക 8,52) "നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ് (യോഹ 11,11). ഉറങ്ങുന്നവർ ഉണരും. വിദേശരാജ്യത്ത് നിന്ന് വിമാനത്തിൽ കയറി ഒന്നുറങ്ങി എഴുന്നേൽക്കുമ്പോൾ മറ്റൊരു രാജ്യത്ത് എത്തിയിരിക്കും. ഇതുപോലെയാണ് മരണവും. ഉണരുമ്പോൾ നാം സ്വർഗ്ഗത്തിൽ.

ക്രിസ്തുവില്ലാത്ത അനുഭവമാണ് മരണമെന്ന് ലാസറിന്റെ സഹോദരി മർത്താ വ്യാഖ്യാനിക്കുന്നു. "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു" (യോഹ 11,21). ജീവന്റെ ഉറവിടമായ ക്രിസ്തു ഇല്ലാത്തതാണ് മരണം. ക്രിസ്തു കൂടെയുള്ളവന് നിത്യമായ മരണമില്ല. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11,25). മരിച്ചവർ എവിടെയാണ്?

മരിച്ചവർ എവിടെയാണെന്ന ചോദ്യത്തിന്റെ ഉത്തരം ജ്ഞാനത്തിന്റെ പുസ്തകം നൽകുന്നുണ്ട്. "നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ്" (ജ്ഞാനം 3,1). ക്രിസ്തുവിനോടുകൂടെ മരിക്കുന്നവർ അവനോടുകൂടെ പറുദീസയിലായിരിക്കും (ലൂക്കാ 23,43). എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം (ഫിലി 1,21). "ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു" (2 തിമോ 4,6-8). ക്രിസ്തുവിനോടുകൂടെ മരിക്കുന്നവരുടെ അവസ്ഥയാണിത്.

ക്രിസ്തുവിനെ നിരാകരിക്കുന്നവർക്ക് നിത്യശിക്ഷയായിരിക്കും ലഭിക്കുക.



ശുദ്ധീകരണസ്ഥലം

ദൈവവുമായുള്ള സൗഹൃദത്തിൽ മരിക്കുന്നവർ അവരുടെ നിത്യരക്ഷയുടെ കാര്യത്തിൽ ഉറപ്പുള്ളവരാണെങ്കിലും സ്വർഗ്ഗീയസൗഭാഗ്യത്തിൽ പ്രവേശിക്കുവാൻ വീണ്ടും ശുദ്ധീകരണസ്ഥലത്തിന്റെ ആവശ്യമുള്ളവരാണ്. ഈ അവസ്ഥയെയാണ് ശുദ്ധീകരണസ്ഥലമെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. (സാർവത്രികസഭയുടെ മതബോധനഗ്രന്ഥം നമ്പർ 1030).

2 മക്കബായർ 12,43-45 ൽ മരിച്ചവർക്കുവേണ്ടി ബലികളും കാഴ്ചകളും അർപ്പിക്കുന്നതിനെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവർക്കുവേണ്ടി പാപപരിഹാരകർമ്മം അനുഷ്ഠിച്ചു. "പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ, ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (മത്തായി 12,31). ചില പാപങ്ങളിൽ ഈ ഭൂമിയിൽ വച്ചും ചില പാപങ്ങൾ മരണശേഷവും ക്ഷമിക്കപ്പെടും എന്ന് വചനം വ്യക്തമാക്കുന്നു. അവസാനതുട്ടും കൊടുത്തു വീട്ടാൻ അവസരമുണ്ടെന്ന് ക്രിസ്തുവചനം സാക്ഷ്യപ്പെടുത്തുന്നു (ലൂക്കാ 12,59).

ദൈവദർശനത്തിന് വിശുദ്ധി അനിവാര്യമാണ്. വേദപുസ്തകം നിരന്തരം ഓർമ്മിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും" (മത്തായി 5,8). "അശുദ്ധമായതൊന്നും, മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും അതിൽ പ്രവേശിക്കുകയില്ല" (വെളിപാട്

ചിന്താകവിത; കവിതാ ചിന്ത

പഠിച്ചുപഠിച്ച് ഡോക്ടറാകും!

യുകെജിയിൽ പഠിക്കുന്ന കുസൃതിയുടെ തലതൊട്ടപ്പനായ ജോസ്കുട്ടനോട് അവനെക്കൊണ്ടു മടുത്ത ബെറ്റി ടീച്ചർ കരയുംപോലെ പറഞ്ഞു:

ജോസ്കുട്ടാ, നിന്റെ കൈയക്ഷരം അറുബോറാണ്, ഒരക്ഷരംപോലും വായിച്ചെടുക്കാൻ പറ്റുന്നില്ല. വെറുതെ കുത്തിവരച്ചിട്ടിരിക്കുകയാണ്. ഒടേതമ്പുരാനുപോലും ഇതു വായിക്കാൻ പറ്റില്ല. വെറും തലേലെഴുത്ത്! നിന്നെക്കൊണ്ടു ഞാൻ തോറ്റു. എത്ര പറഞ്ഞാലും നിന്റെ തലേൽ കേറില്ല. ഇങ്ങനെ പോയാൽ നീ എവിടെച്ചെന്നെത്തും? എന്താ നിന്റെ പ്ലാൻ?

അക്ഷോഭ്യനായി ജോസ്കുട്ടൻ തറപ്പിച്ചു പറഞ്ഞു.

എന്റെ കൈയക്ഷരം അറുബോറാണെന്നും ഒരക്ഷരംപോലും വായിച്ചെടുക്കാൻ പറ്റുന്നില്ലെന്നും ടീച്ചർ പറഞ്ഞില്ലേ? അതോർത്തു ടീച്ചർ വെഷമിക്കണ്ടാ. പഠിച്ചു പഠിച്ച് ഞാനൊരു ഡോക്ടറാകാൻ തീരുമാനിച്ചിരിക്യാ.

എന്നാറേ, ബെറ്റി ടീച്ചർക്ക് പൊടുന്നനേ ഒരു തൊണ്ടവരൾച്ച അനുഭവപ്പെടുകയുണ്ടായി.

ഷെവ. ഡോ. പ്രീമുസ് പെരിഞ്ചേരി

21,27). വിശുദ്ധി ദൈവത്തിന്റെ ദാനമാണ്. ദൈവമാണ് വിശുദ്ധീകരിക്കുന്നത്. മാമ്മോദീസയിൽ ആരംഭിക്കുന്ന വിശുദ്ധീകരണ പ്രക്രിയ പാതിവഴിയിൽ ഉപേക്ഷിക്കുന്നവ നല്ല ദൈവം. ശാരീരിക മരണം ഒരു തടസ്സമല്ല. കാരണം എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്ന് അവൻ ഉറപ്പുതരുന്നു (യോഹ 11,25). ഈ ഭൂമിയിൽ ജീവിക്കുന്ന സമയത്തു മാത്രമല്ല, എനിക്ക് അസ്തിത്വമുള്ള കാലം മുഴുവനും ദൈവത്തിന് തന്റെ ശുദ്ധീകര പ്രക്രിയ തുടരാനാകും.

ശുദ്ധീകരണസ്ഥലം പീഡകളുടെ ഇടമെന്നതിനേക്കാൾ വിശുദ്ധീകരണ പ്രക്രിയയുടെ അവസരമാണ്. ദൈവദർശനത്തിന് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്ന ദൈവത്തിന്റെ സ്നേഹപൂർവ്വകമായ ഇടപെടലാണ് ശുദ്ധീകരണം. അമ്മ കുഞ്ഞിനെ കുളിപ്പിച്ചൊരുക്കി വസ്ത്രങ്ങളണിയിച്ച് പള്ളിയിൽ കൊണ്ടുവരുന്നതുപോലെ ഒരു വ്യക്തിയെ ദൈവദർശനത്തിനൊരുക്കുന്ന ശുദ്ധീകരണപ്രക്രിയയാണത്. ഓരോ വിശ്വാസിയും മൗതിക ശരീരത്തിന്റെ ഭാഗമായതുകൊണ്ട് പരസ്പരം സഹായിക്കുവാൻ സാധിക്കുന്നു.

മരിച്ചവരുടെ തിരുനാൾ: കൃതജ്ഞതയുടെ ദിനം:

മരിച്ചവരുടെ കുഴിമാടങ്ങൾക്കു സമീപം നിൽക്കുമ്പോൾ നന്ദി പറയാൻ മറക്കരുത്. കാരണം നമുക്കു ചവുട്ടി നിൽക്കാൻ ഒരിടവും വിശ്വാസത്തിന് അടിസ്ഥാനവും നൽകിയത് പൂർവ്വികരാണ്. പള്ളിയും സംവിധാനങ്ങളും വീടും വിദ്യാഭ്യാസവും വിശ്വാസവും എല്ലാം പൂർവ്വികരുടെ അധ്വാനത്തിന്റേയും പ്രാർത്ഥനയുടേയും പരിണത ഫലങ്ങളാണ്. സ്നേഹത്തോടും നന്ദിയോടുംകൂടി പൂർവ്വികരെ ഓർക്കുന്ന തിരുനാളാണിത്.

പ്രതീക്ഷയുടെ തിരുനാൾ:

മരിച്ചവർ ഉയിർക്കുമെന്ന പ്രതീക്ഷയുള്ളതുകൊണ്ടാണ് നാം കബറിടങ്ങൾ സന്ദർശിക്കുന്നതും പ്രാർത്ഥിക്കുന്നതും. മരിച്ചവരെ ഉയിർപ്പിക്കുന്നതുപോലെ തകർന്ന ജീവിതങ്ങളേയും പുനർജ്ജീവിപ്പിക്കാൻ ദൈവത്തിനാകും. മരണത്തെ തോൽപ്പിച്ച കർത്താവിന് ഒരു മൂന്നാം ദിനത്തിൽ നമ്മെയും രക്ഷിക്കാനാകും. മരണത്തിലവസാനിക്കുന്നതല്ല ക്രൈസ്തവ ജീവിതം. ഉയിർപ്പിന്റെ പ്രതീക്ഷയിൽ ചരിക്കുന്നതാണ് വിശ്വാസ ജീവിതം.

ഓർമ്മപ്പെടുത്തലിന്റെ അവസരം:

മരിച്ചവരുടെ കുഴിമാടങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു: ഞാനും മരിക്കും. എന്റെ കുഴിമാടത്തിലും പ്രിയപ്പെട്ടവർ പുഷ്പങ്ങൾ സമർപ്പിക്കും. തിരികൾ കത്തിക്കും. സ്വന്തം മരണത്തെക്കുറിച്ച് ചിന്തിക്കാനും ജീവിതത്തെ നവീകരിക്കാനും മരിച്ചവരുടെ തിരുനാൾ നിദാനമാകുന്നു.

കൂട്ടായ്മയുടെ ആഘോഷം:

മരിച്ചവരുടെ തിരുനാൾ കൂട്ടായ്മയുടെ ആഘോഷമാണ്. ജീവിച്ചിരിക്കുന്നവരും മരിച്ചവരും വിശുദ്ധരുമെല്ലാം ഒരുമിക്കുന്ന കൂട്ടായ്മയാണ് തിരുസഭ. ഞാൻ ഒറ്റയ്ക്കല്ല. എന്നെ ഓർക്കാൻ സഭയുണ്ട്, കുടുംബമുണ്ട്, പ്രിയപ്പെട്ടവരുണ്ട്, വിശുദ്ധരുണ്ട്, എന്റെ പേരെഴുതി കൈവെള്ളയിൽ കരുതുന്ന ദൈവമുണ്ട്. കൂട്ടായ്മയുടെ ശക്തമായ പ്രകടനമാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ദാനധർമ്മങ്ങളും.

വിശുദ്ധ ജോൺ ക്രിസോസ്തോം ഓർമ്മപ്പെടുത്തുന്നു: "നമുക്ക് അവരെ സഹായിക്കുകയും അവരുടെ ഓർമ്മ ആചരിക്കുകയും ചെയ്യാം. ജോബിന്റെ പുത്രന്മാർ തങ്ങളുടെ പിതാവിന്റെ ബലിവഴി ശുദ്ധീകരിക്കപ്പെട്ടുവെങ്കിൽ, മരിച്ചവർക്കുവേണ്ടിയുള്ള നമ്മുടെ കാഴ്ചകൾ അവർക്ക് അൽപം ആശ്വാസം നൽകുമെന്നതിൽ നാം എന്തിനു സംശയിക്കണം. മരിച്ചവരെ സഹായിക്കുന്നതിലും നമ്മുടെ പ്രാർത്ഥനകൾ അവർക്കായി സമർപ്പിക്കുന്നതിലും നാം ശങ്കിക്കരുത്.

സമയരഥത്തിന്റെ ധ്യാനഗുരു: ഫ്രാൻസിസ്





ഡോ. മാർട്ടിൻ ശങ്കൂരിക്കൽ

കോളറ ബാധിച്ച് മരിച്ചുകൊണ്ടിരിക്കുന്ന കുന്നംകുളത്തെ സാധാരണക്കാരെ ആശ്വസിപ്പിക്കുവാൻ ജർമനിയിൽ നിന്നും മിഷൻ പ്രവർത്തനത്തിനായി കേരളത്തിലെത്തിയ വോൾബ്രെഹ്റ്റ് നാഗൽ എന്ന പാസ്റ്റർ അനശ്വരമായ ഒരു ഗാനം എഴുതിയിട്ടുണ്ട്. മൃതസംസ്കാര സമയത്ത് ആലപിക്കപ്പെടുന്ന "സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു" എന്ന ഗാനമാണത്. സമയരഥത്തിലെ സഞ്ചാരിയാണ് മനുഷ്യൻ എന്ന ചിന്തയോടെ അവന്റെ ഹ്രസ്വജീവിതത്തെ ക്രമപ്പെടുത്താനുള്ള ഓർമ്മപ്പെടുത്തൽ ആയ ഈ ഗാനം വളരെ അർത്ഥവത്താണ്. അസ്സീസിയിലെ ഫ്രാൻസിസ് ഈ അവബോധത്തിലേക്ക് നേരത്തേ പ്രവേശിച്ചവനാണ്.

കണ്ണീരും വിലാപവും നിറഞ്ഞ മരണക്കിടക്കയല്ല ഫ്രാൻസിസ് ആഗ്രഹിച്ചത്. മരണ വാർത്ത അറയിച്ച വൈദ്യനോട് അദ്ദേഹം പറഞ്ഞത്, "സ്വാഗതം, മരണസഹോദരീ" എന്നായിരുന്നു. യാത്ര അവസാനിച്ച ഒരു വഴിയാത്രക്കാരനെ വീട്ടിലേക്ക് സ്വീകരിക്കാനെത്തുന്ന സ്നേഹനിധിയായ സഹോദരിയായി മരണത്തെ ദർശിച്ച ഫ്രാൻസിസ്! തുടർന്ന് സഹോദരങ്ങളോട് "സൂര്യ കീർത്തനം" ഉറക്കെ പാടാൻ അദ്ദേഹം ആവശ്യപ്പെട്ടു. കരച്ചിലിന് പകരം സ്തുതിഗീതങ്ങളോടെയാണ് ആ കുടിലിൽ മരണം സ്വീകരിക്കപ്പെട്ടത്.

സൂര്യപ്രകാശത്തെ മാത്രം സ്നേഹിക്കുന്ന വാനമ്പാടി പക്ഷികൾ സാധാരണ സന്ധ്യാസമയത്ത് പാടാറില്ല. എന്നാൽ തോമസ് ഓഫ് ചെലാനോ രേഖപ്പെടുത്തുന്ന ചരിത്രസംഭവമനുസരിച്ച്, ഫ്രാൻസിസ് അന്ത്യശ്വാസം വലിച്ച ആ സന്ധ്യയിൽ, നൂറുകണക്കിന് വാനമ്പാടികൾ പോർസ്യുങ്കുളയിലെ കുടിലിന് മുകളിൽ വട്ടമിട്ട് പറന്ന് ചിറകടിച്ചു പാടി. പ്രകൃതിപോലും ആ മരണത്തെ ഭയത്തോടെയല്ല, മറിച്ച് ഒരു ഉത്സവമായാണ് യാത്രയാക്കിയത്.

"മരണോന്മുഖമായ ഉന്മ" (Being unto Death) എന്നാണ് ജർമൻ തത്ത്വചിന്തകനായ മാർട്ടിൻ ഹൈഡഗർ മനുഷ്യനെ വിളിക്കുന്നത്. എന്നാൽ താക്കോലില്ലാത്ത താഴാണോ മരണം? ജീവിതത്തിൽ താക്കോൽ എറിഞ്ഞുകളയുന്ന പരിപാടിയല്ല മരണം. ഫ്രാൻസിസ്കൻ പാരമ്പര്യങ്ങളിൽ അനുസ്മരിക്കപ്പെടുന്നതു പോലെ അതൊരു Transitus ആണ്; കടന്നുപോകൽ എന്നർത്ഥം! താൻ കടന്നുപോകേണ്ട സഞ്ചാരിയാണെന്ന തിരിച്ചറിവ് ഫ്രാൻസിസിനെ നിർഭയനാക്കി.

സ്വന്തം ഭവനത്തിലേക്കുള്ള മടക്കയാത്ര മാത്രമായി മാറുന്നു. മരണത്തോട് അടുത്ത നിമിഷങ്ങളിൽ ഫ്രാൻസിസ് തന്റെ വസ്ത്രങ്ങൾ അഴിച്ചുമാറ്റി നഗ്നനായി മണ്ണിൽ കിടത്താൻ സഹോദരന്മാരോട് ആവശ്യപ്പെട്ടു. തനിക്ക് ഭൂമിയിൽ ഒന്നുമില്ലെന്നും, പൊടിയിൽ നിന്ന് വന്ന താൻ വെറും മണ്ണായി ദൈവത്തിലേക്ക് തിരികെ പോകുന്നുവെന്നുമുള്ള പൂർണ്ണമായ സമർപ്പണമായിരുന്നു അത്. ഈ തിരിച്ചറിവിൽ തന്റെ വിഖ്യാതമായ "സൃഷ്ടികളുടെ കീർത്തനത്തിൽ" അന്ത്യനാളുകളിൽ അദ്ദേഹം ഒരു ചരണംകൂടി എഴുതിച്ചേർത്തു: "എന്റെ കർത്താവേ, ശാരീരിക മരണമായ ഞങ്ങളുടെ സഹോദരി വഴിയായും അങ്ങേയ്ക്ക് സ്തുതി. ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനും അവളുടെ കയ്യിൽ നിന്ന് രക്ഷപ്പെടാനാവില്ല; എന്നാൽ അങ്ങയുടെ തിരുവിഷ്ടം നിറവേറ്റുന്നവർക്ക് രണ്ടാമതൊരു മരണം വരുത്താൻ അവൾക്കാവില്ല.' ഇതൊരു നിർഭയത്വമാണ്, സ്വർഗ്ഗത്തെ വീടായി കണ്ടവന്റെ ഗൃഹപ്രവേശം!

ഫ്രാൻസിസ്കൻ ആശ്രമങ്ങളിൽ ഫ്രാൻസിസിന്റെ മരണം അനുസ്മരിക്കപ്പെടുന്നത് Transitus എന്ന പേരിലാണ്. ഫ്രാൻസിസിന്റെ "കടന്നുപോകലിനെ" അനുസ്മരിപ്പിക്കുന്ന ഹൃദ്യമായ ഒരു പ്രാർത്ഥനാ ശുശ്രൂഷയാണത്. അവൻ എങ്ങോട്ടാണ് കടന്നുപോയത്? ജീവിതത്തെ ഒരു വഴിയമ്പലം ആയി കണ്ട ഫ്രാൻസിസിന് മരണം ഒരു ഗൃഹപ്രവേശം ആയിരുന്നു. ഭൗതിക ശരീരത്തിന്റെ വേർപാട് ഒന്നിന്റെയും അവസാനമല്ല. മറിച്ച് യാത്രക്കാരൻ തന്റെ യഥാർത്ഥ ഭവനമായ നിത്യതയിലേക്ക് പ്രവേശിക്കുന്ന വാതിലാണത്.

ജി.കെ. ചെസ്റ്റർട്ടന്റെ വാക്കുകളിൽ "ഫ്രാൻസിസിനെ സംബന്ധിച്ച് മരണം എന്നത് ദൈവസ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് പ്രവേശിക്കാനുള്ള പടിവാതിലാണ്. പ്രപഞ്ചത്തിലെ സർവ്വതിനെയും സ്വന്തമാക്കാൻ ആഗ്രഹിക്കാതെ ഉപേക്ഷിച്ച ഒരാളിൽ നിന്ന് അപഹരിക്കാൻ മരണത്തിന് ഒന്നുമില്ലായിരുന്നു." ഒന്നും സ്വന്തമാക്കാത്തവൻ ഭയപ്പെടാൻ ഒന്നുമില്ലാത്തവനാണ്. മടിയിൽ കനമില്ലാത്തവന് വഴിയിൽ ഭയമില്ല എന്ന് പഴമക്കാർ പറയാറുണ്ടല്ലോ. ഒരാളിൽ നിന്ന് ഒന്നും കവർന്നെടുക്കാൻ ഇല്ലാതെ വരുമ്പോൾ മരണം നിരുപദ്രവകാരിയായ സന്ദർശകയായി മാറുന്നു.


ട്രാപ്പിസ്റ്റ് സന്ന്യാസിമാരുടെ മരണധ്യാനം വളരെ പ്രസിദ്ധമാണ്. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചും സ്വന്തം മരണത്തെക്കുറിച്ചും ഓർക്കാൻ എന്നും അവർ ആശ്രമ സിമിത്തേരിയിൽ പോകും. ആശ്രമ സിമിത്തേരിയിൽ അവർക്കായി നിശ്ചയിക്കപ്പെട്ട കുഴിമാടത്തിൽ നിന്ന് ഒരു പിടി മണ്ണുമാറ്റിക്കൊണ്ടാണ് അവർ തങ്ങളുടെ മരണത്തെക്കുറിച്ച് ധ്യാനിക്കുക. മരണ ധ്യാനമല്ലേ യഥാർത്ഥത്തിൽ ജീവിതധ്യാനം? അങ്ങനെയെങ്കിൽ ഫ്രാൻസിസാണ് ഏറ്റവും നല്ല ധ്യാനഗുരു!

"രാജാ ഹരിചന്ദ്ര" എന്ന പേരിൽ 1955-ൽ ഇറങ്ങിയ മലയാള ചലച്ചിത്രത്തിൽ നായകൻ ശ്മശാനത്തിന്റെ നടുവിൽ നിന്ന് പാടുന്ന ഒരു പാട്ടാണ് "ആത്മവിദ്യാലയമേ" എന്നുള്ളത്. സിമിത്തേരിയെ ആണ് കഥാനായകൻ ആത്മവിദ്യാലയം എന്ന് വിളിക്കുന്നത്. ആ ഗാനത്തിന്റെ പദങ്ങൾ പറയുന്നത് മനുഷ്യജീവിതത്തെക്കുറിച്ചുള്ള ശാശ്വത സത്യവും.

"മന്നവനാട്ടെ, യാചകനാട്ടെ
വന്നിടുമൊടുവിൽ
മൺചിത നടുവിൽ
ആത്മവിദ്യാലയമേ"

എത്ര അർത്ഥവത്തായ വരികളാണിവ. മനുഷ്യനെ ജീവിതത്തിന്റെ സമസ്ത പാഠങ്ങളും നശ്വരതയും പഠിപ്പിക്കുന്ന സെമിത്തേരി അല്ലേ യഥാർത്ഥത്തിൽ ആത്മവിദ്യാലയം? ഫ്രാൻസിസെന്ന മരണ ധ്യാനഗുരുവിന്റെ ശിഷ്യരായതുകൊണ്ടാണ് കപ്പുച്ചിൻ അച്ചന്മാർ സിമിത്തേരിയെന്ന ആത്മവിദ്യാലയത്തിൽ വന്നു തലയോട്ടി പിടിച്ച് മിഷൻ ധ്യാനം നടത്തുന്നത്! ആത്മവിദ്യാലയത്തിന്റെ ധ്യാനഗുരുക്കന്മാർ!

ഒരു സെമിത്തേരി പുരാണം





ഡോ. ജോഷി മയ്യാറ്റിൽ

2005-ൽ റോമിലെ പഠനാവധിക്കാലത്ത് ജർമനിയിൽ ഇടവകശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ മരിയനൗ എന്ന പ്രസിദ്ധമായ കർത്തൂസിയൻ ആശ്രമത്തിൽ പോകാനിടയായി. വിശാല മായ ആ ആശ്രമത്തിൽ അന്ന് ഇരുപതിലേറെ സന്ന്യാസികൾ ഉണ്ടായിരുന്നു. നാലുകെട്ടുപോലെ തോന്നിക്കുന്ന ആ ആശ്രമത്തിന്റെ നടുമുറ്റത്ത് കണ്ടത് അവരുടെ സെമിത്തേരിയായിരുന്നു. ശവകുടീരങ്ങളിലെ കുരിശിൽ ഒന്നിലും ആരുടെയും പേര് ഉണ്ടായിരുന്നില്ല. സെമിത്തേരിയിൽ നിന്ന് ഇറങ്ങു മ്പോൾ അവിടെ ഒരു കല്ലിൽ ഒരു ലിഖിതം കണ്ടു: ***'ഞങ്ങൾ പേരില്ലാതെ ജീവിച്ചു; പേരില്ലാതെ മരിക്കുന്നു. ഞങ്ങളുടെ പേര് ദൈവം തന്റെ ഉള്ളംകൈയിൽ എഴുതിവച്ചിട്ടുണ്ട്'.***

സെമിത്തേരിയുമായി കത്തോലിക്കർക്ക് വൈകാരികമായ അടുപ്പമുണ്ട് - തങ്ങളുടെ മൃതരെ സംസ്കരിക്കുന്നയിടങ്ങളുമായി മറ്റു മതസ്ഥർക്കിടയിൽ കാണാത്ത ഒരു ബന്ധം! അതിന്റെ അടിസ്ഥാനകാരണങ്ങൾ മൂന്നാണ്: ശരീരത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും ശരീരങ്ങളുടെ ഉയിർപ്പിനെ ക്കുറിച്ചും പുണ്യവാന്മാരുടെ ഐക്യത്തെക്കുറിച്ചുമുള്ള കത്തോലിക്ക കാഴ്ചപ്പാടുകൾ. ആ ബന്ധം സെമിത്തേരികളുടെ പരിപാലനത്തിലും പ്രകടമായിരിക്കും. പൊതുവേ നമ്മുടെ സെമിത്തേരികൾ വൃത്തിയുള്ളവയും നയനമനോഹരങ്ങളുമാണ്. പൂന്തോട്ടം, ഉദ്യാനോദ്യാനം, ശാന്തിതീരം എന്നിങ്ങനെ പല പേരുകൾ പല സെമിത്തേരികളിലും എഴുതിവച്ചിരിക്കുന്നതു കാണാം.

എല്ലാ പള്ളികളിലും രാവിലെ കാണാവുന്ന ഒരു സുന്ദരകാഴ്ചയുണ്ട് - ദിവ്യബലിക്കുശേഷം സെമിത്തേരിയിൽ പോയി മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടു മാത്രം തിരികെപോകുന്നവർ! നവംബർ രണ്ടാം തീയതിയോടനുബന്ധിച്ച് എത്ര കാര്യമായാണ് സെമിത്തേരികൾ അലങ്കരിക്കപ്പെടുന്നത്! എത്രയേറെ ജനമാണ് അന്ന് സെമിത്തേരികളിൽ വന്നു പ്രാർത്ഥിക്കുന്നത്!

ഒരു പദപുരാണം

മരിച്ചവരെ അടക്കുന്നതിനുള്ള സ്ഥലത്തെ സൂചിപ്പിക്കാൻ റോമാക്കാർ ഉപയോഗിച്ചിരുന്നത് 'മൃതരുടെ നഗരം' എന്നർത്ഥമുള്ള നെക്രോപോളിസ് എന്ന പദമാണ്. ഈ പദത്തിനു പകരം, 'ഉറങ്ങുന്നയിടം' എന്നർത്ഥമുള്ള കൊയ്മെത്തേരിയോൺ (koimeterion) എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത് ക്രൈസ്തവരാണ്. പ്രാചീനകാലം മുതൽ കിടപ്പുമുറിക്ക് ഉപയോഗിച്ചിരുന്ന ഈ ഗ്രീക്കുപദം തികച്ചും നൂതനമായ ഒരു അർത്ഥത്തിലാണ്, മരിച്ചവരെ അടക്കുന്ന സ്ഥലത്തെ സൂചിപ്പിക്കാൻ ആദിമ ക്രൈസ്തവസഭയിലെ തെർത്തുല്യനെപ്പോലുള്ള എഴുത്തുകാർ ഉപയോഗിച്ചത്. ഈ പദമാണ് പിന്നീട് ലത്തീനിൽ ചേമെത്തേരിയും (Coemeterium) ആയി മാറിയത്. കൊയ്മെത്തേരിയും എന്ന എഴുത്ത് എക്ലേസിയാസ്റ്റിക്കൽ ലത്തീനിൽ ചേമെത്തേരിയും എന്ന് ഉച്ചരിക്കുന്നു എന്നുമാത്രം. പഴയ ഫ്രഞ്ചു ഭാഷയിൽ ഇത് സെമിറ്റിയേ (cemetiere) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്നാണ് ഇംഗ്ലീഷിലെ സെമെട്രി (cemetry) എന്ന വാക്ക് വന്നത്. ഇംഗ്ലീഷ് വാക്കിൽ നിന്ന് നാം ഇന്ന് മലയാളത്തിൽ ഉപയോഗിക്കുന്ന 'സെമിത്തേരി' എന്ന വാക്കുണ്ടായി.

സെമിത്തേരികൾ പാരിസ്ഥിതികബോധത്തോടെ നവീകരിക്കാൻ ഇന്ന് പല ഇടവകകളും മുന്നോട്ടുവരുന്നത് ഏറെ സന്തോഷം നല്കുന്ന കാഴ്ചയാണ്. അത് സാമാന്യജനത്തിന് ഉളവാക്കുന്ന പാരിസ്ഥിതിക അവബോധം വളരെ വലുതാണ്. എങ്കിലും ഓരോ ശവസംസ്കാരവും അവശേഷിപ്പിക്കുന്ന റീത്തുകൂമ്പാരങ്ങൾക്ക് ഇനിയും ഒരു കുറവും വന്നിട്ടില്ല എന്നത് ഇടവക സമിതികൾ ചർച്ചാവിഷയമാക്കേണ്ടതാണെന്നു തോന്നുന്നു.

സെമിത്തേരി എന്നതിന്റെ അർത്ഥം എന്താണ്? എഴുന്നേല്ക്കാനുള്ള ഇടം എന്നു തന്നെയാണ്. ഇതാണ് ക്രൈസ്തവ കാഴ്ചപ്പാടും. യേശുക്രിസ്തു കുരിശിൽ മരിച്ച് കല്ലറയിൽനിന്ന് മൂന്നാം ദിവസം എഴുന്നേറ്റു. യേശുക്രിസ്തുവിൽ നിദ്രപാപിച്ച എല്ലാവരും ഉണരുക തന്നെ ചെയ്യും - ഇതാണ് മരണ സംബന്ധിയായ ക്രൈസ്തവ വിശ്വാസം. ഈ വിശ്വാസമാണ് മൃതസംസ്കാരത്തിനുള്ള ഇടത്തെ ഇത്തരത്തിൽ നാമകരണം ചെയ്യാൻ ആദിമ ക്രൈസ്തവരെ പ്രേരിപ്പിച്ചത്. അത് വെറും ഒരു പദമല്ല, ഒരു മഹാവിശ്വാസ പ്രഖ്യാപനമാണ്!

സെമിത്തേരിയെയും ശവസംസ്കാരത്തെയും കുറിച്ചുള്ള സഭാപ്രബോധനം

സെമിത്തേരികളിലെ ശവസംസ്കാരത്തെക്കുറിച്ച് വ്യക്തതയും കൃത്യതയുമുള്ള കാഴ്ചപ്പാട് സഭയ്ക്കുണ്ട്. പുരാതന ക്രിസ്തീയ പാരമ്പര്യമനുസരിച്ച്, മരിച്ചവരുടെ ഭൗതികശരീരം സെമിത്തേരികളിലോ മറ്റ് വിശുദ്ധ സ്ഥലങ്ങളിലോ അടക്കം ചെയ്യണമെന്ന് സഭ ശക്തമായി ശുപാർശ ചെയ്യുന്നു കോവിഡുകാലത്തോടെ, മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന രീതിയിൽ പലർക്കും താല്പര്യം വർധിച്ചിട്ടുണ്ടെങ്കിലും, 'ശരീരത്തിന്റെ ഉയിർത്തെഴുന്നേൽപ്പിലുള്ള വിശ്വാസവും പ്രത്യാശയും പ്രകടിപ്പിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ മാർഗ്ഗം സംസ്കാരമാണ്' എന്ന കത്തോലിക്കാസഭയുടെ പ്രബോധനത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. 2016-ൽ വിശ്വാസതിരുസംഘം പുറത്തിറക്കിയ ആദ്റിസർജെന്തും കും ക്രിസ്തോ എന്ന പ്രബോധനരേഖയിലെ മൂന്നാം ഖണ്ഡിക സെമിത്തേരിയിലെ ശവസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നത് ഇപ്രകാരമാണ്: 'മാമ്മോദീസയിലൂടെ പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി മാറിയ ശരീരത്തോടുള്ള ആദരവുകൂടിയാണ് ശവസംസ്കാരം... മരിച്ചവരെ സെമിത്തേരികളിലോ മറ്റ് വിശുദ്ധ സ്ഥലങ്ങളിലോ



അടക്കം ചെയ്യുന്നത് കുടുംബാംഗങ്ങളെയും മുഴുവൻ ക്രിസ്തീയ സമൂഹത്തെയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ ഓർക്കാനും പ്രചോദിപ്പിക്കുന്നു; അതേസമയം തന്നെ, രക്തസാക്ഷികളുടെയും വിശുദ്ധരുടെയും വണക്കം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു'. എന്നിരുന്നാലും, വ്യക്തിപരമോ സാമ്പത്തികമോ സാമൂഹികമോ ആയ കാരണങ്ങളാൽ മൃതദേഹം ദഹിപ്പിക്കുന്നത് വിശ്വാസവിരുദ്ധമല്ലാത്തതിനാൽ സഭ അത് അനുവദിക്കുന്നുണ്ട്. പക്ഷേ, ദൈവവിശ്വാസമില്ലായ്മയോ പ്രകൃതിപൂജയോ ശൂന്യതാവാദമോ പോലുള്ള തെറ്റായ ധാരണകൾ ഒഴിവാക്കാൻ, ചിതാഭസ്മം വായുവിലോ കടലിലോ വിതറാനോ ആഭരണങ്ങളിലോ സ്മാരകങ്ങളിലോ സൂക്ഷിക്കാനോ പങ്കിട്ടെടുക്കാനോ പാടില്ല എന്ന് സഭ നിഷ്കർഷിക്കുന്നു (Ad Resergendum cum Cristo, 47).

സെമിത്തേരികൾ വിശ്വാസപ്രഘോഷണ കേന്ദ്രങ്ങൾ

സെമിത്തേരികൾ എത്ര സുന്ദരമായും ആകർഷകമായും പ്രാർത്ഥനാനിർഭരമായും നിലനിറുത്തപ്പെടുമോ, അത്രമാത്രം ശക്തവും ദൃശ്യപരവുമായിരിക്കും ഒരു ഇടവകക്കൂട്ടായ്മയുടെ ഉത്ഥാനപ്രത്യാശയും ഉത്ഥിതപ്രഘോഷണവും. ഉത്ഥാനപ്രത്യാശ ഫലപ്രദമായി പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങളോ ശില്പങ്ങളോ കൊണ്ട് സെമിത്തേരി സ്ഥായിയായി അലങ്കരിക്കുന്നത് അഭിലഷണീയമാണ്. ഈശോയുടെ കല്ലറ സ്ഥിതി ചെയ്തിരുന്ന തോട്ടമായി ആർക്കും എളുപ്പത്തിൽ സങ്കല്പിക്കാൻ കഴിയും വിധം ഓരോ സെമിത്തേരിയും ഹൃദ്യമായും ഭാവാത്മകമായും രൂപകല്പന ചെയ്യപ്പെട്ടിരുന്നെങ്കിൽ!

സെമിത്തേരിയെ ചുറ്റിപ്പറ്റി പലവിധത്തിൽ ഭയം വളർത്തിയെടുക്കാൻ കാലാകാലങ്ങളായി ശ്രമങ്ങളുണ്ടായിട്ടുണ്ട്. സാഹിത്യത്തിലെയും സിനിമയിലെയും പ്രേതകഥകൾ അതിന് കാര്യമായ സംഭാവന നല്കിയിട്ടുണ്ട്. ഇന്ന് അത്തരം ഭയങ്ങൾ മുതലെടുക്കുന്നവർ ചിലയിടത്തെങ്കിലും മയക്കുമരുന്നു കച്ചവടക്കാരാണെന്ന് പറഞ്ഞുകേൾക്കുന്നുണ്ട്. ഇതിനൊക്കെ അന്ത്യമുണ്ടാകാൻ കൃത്യമായ പ്രബോധനങ്ങൾ വൈദികരുടെ ഭാഗത്തു നിന്നുണ്ടാകണം. പ്രേതങ്ങൾ എന്ന ഒന്ന് കത്തോലിക്കാവിശ്വാസത്തിൽ ഇല്ലെന്നും മരണശേഷം ആത്മാക്കൾ ഭൂമിയിൽ വ്യാപരിക്കുന്നില്ലെന്നും ആത്മാക്കൾ കുടികൊള്ളുന്ന ഇടമല്ല സെമിത്തേരിയെന്നും കൃത്യമായ അവബോധം ജനത്തിനു ലഭിക്കേണ്ടതുണ്ട്.

സെമിത്തേരികൾ പാരിസ്ഥിതികബോധത്തോടെ നവീകരിക്കാൻ ഇന്ന് പല ഇടവകകളും മുന്നോട്ടുവരുന്നത് ഏറെ സന്തോഷം നല്കുന്ന കാഴ്ചയാണ്. അത് സാമാന്യജനത്തിന് ഉളവാക്കുന്ന പാരിസ്ഥിതിക അവബോധം വളരെ വലുതാണ്. എങ്കിലും ഓരോ ശവസംസ്കാരവും അവശേഷിപ്പിക്കുന്ന റീത്തുകൂമ്പാരങ്ങൾക്ക് ഇനിയും ഒരു കുറവും വന്നിട്ടില്ല എന്നത് ഇടവക സമിതികൾ ചർച്ചാവിഷയമാക്കേണ്ടതാണെന്നു തോന്നുന്നു.

ആത്മാക്കളുടെ ദിനത്തിൽ മാത്രമല്ല, വർഷം മുഴുവനും സെമിത്തേരി വൃത്തിയും വെടിപ്പുമുള്ളതായും സുന്ദരമായും കാത്തുസൂക്ഷിക്കാനുള്ള ജാഗ്രത എല്ലാവരും പാലിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ശിശുദിനചിന്തകൾ...

എ.ആർകെ വടുതല



സ്നേഹത്തിന്റെയും കരുതലിന്റെയും വെളിച്ചം പരത്തുന്ന ദിനങ്ങൾ ഏവർക്കും എന്നും പ്രിയപ്പെട്ടതാണ്. അത്തരം ദിനങ്ങളിൽ ഏറ്റവും നിർണ്ണായകവും ഹൃദ്യവുമായ ഒന്നാണ് നവംബർ 14-ന് നാം ആചരിക്കുന്ന ശിശുദിനം. കുട്ടികളുടെ നിഷ്കളങ്കമായ പുഞ്ചിരിയും അവരുടെ വളർച്ചയുമാണ് ഏതൊരു സമൂഹത്തിന്റെയും നാളെയുടെ ഭാവി നിശ്ചയിക്കുന്നത്. ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ കുഞ്ഞുങ്ങൾക്കുള്ള പ്രാധാന്യവും, അവരെ സ്നേഹത്തോടും ദൈവീകമായ കരുതലോടെയും വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും ഓർമ്മിപ്പിക്കുന്ന മനോഹരമായ ഒരു നാഴികക്കല്ലാണ് ഈ ദിനം.

ശിശുദിനം: ചരിത്രവും പിന്നാമ്പുറവും

ശിശുദിനാചരണത്തിന് അന്താരാഷ്ട്രതലത്തിലും ഭാരതീയമായും ചരിത്രമുണ്ട്. ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം ആഗോളതലത്തിൽ നവംബർ 20-നാണ് 'സാർവദേശീയ ശിശുദിന'മായി ആചരിക്കുന്നത്. എന്നാൽ ഇന്ത്യയിൽ നവംബർ 14 ശിശുദിനമായി ആചരിക്കാൻ സവിശേഷമായ ഒരു കാരണമുണ്ട്. **സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് നവംബർ 14.**

1964-ൽ നെഹ്റുവിന്റെ വിയോഗത്തിന് മുൻപുവരെ ഇന്ത്യയിലും ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ച നവംബർ 20 തന്നെയായിരുന്നു ശിശുദിനമായി ആചരിച്ചിരുന്നത്. എന്നാൽ കുട്ടികളോട് അദ്ദേഹം കാണിച്ച അളവറ്റ സ്നേഹവും, രാജ്യത്തിന്റെ ഭാവിയായ കുഞ്ഞുങ്ങളുടെ ക്ഷേമത്തിനായി അദ്ദേഹം നൽകിയ സംഭാവനകളും കണക്കിലെടുത്ത്, 1964-ൽ പാർലമെന്റിൽ പ്രമേയം പാസാക്കിക്കൊണ്ടാണ് അദ്ദേഹത്തിന്റെ ജന്മദിനം ദേശീയ ശിശുദിനമായി പ്രഖ്യാപിച്ചത്.

നെഹ്റുവും കുട്ടികളും: സ്നേഹത്തിന്റെ അനശ്വര ബന്ധം

കുട്ടികൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ സ്നേഹത്തോടെ 'ചാച്ചാജി' എന്ന് വിളിച്ചു. രാജതന്ത്രജ്ഞനും ദീർഘദർശിയായ ഭരണാധികാരിയുമായിരുന്ന

നെഹ്റുവിന് കുട്ടികളുടെ സാമീപ്യം നൽകിയത് വലിയൊരു ആശ്വാസവും ആനന്ദവുമായിരുന്നു. 'ഇന്നത്തെ കുട്ടികളാണ് നാളെയുടെ ഇന്ത്യയെ കെട്ടിപ്പടുക്കുന്നത്. നാം അവരെ വളർത്തുന്ന രീതിയിലാണ് രാജ്യത്തിന്റെ ഭാവി നിലകൊള്ളുന്നത്' എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം.

മനോഹരമായ പൂന്തോട്ടത്തിൽ വിരിയുന്ന റോസാപ്പൂക്കളോട് അദ്ദേഹം കുട്ടികളെ ഉപമിച്ചു. റോസാപ്പൂക്കൾ പരിപാലിക്കപ്പെടേണ്ടതുപോലെ, കുട്ടികളും സ്നേഹവും കരുതലും നന്മയും നൽകി വളർത്തപ്പെടേണ്ടവരാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അതുകൊണ്ടുതന്നെയാണ് തന്റെ കുപ്പായത്തിൽ എപ്പോഴും ഒരു ചുവന്ന റോസാപ്പൂ അദ്ദേഹം അണിഞ്ഞിരുന്നത്. കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും വലിയ മുൻഗണന നൽകിയ അദ്ദേഹം, ലോകോത്തര സ്ഥാപനങ്ങൾക്ക് തറക്കല്ലിട്ടതും ഭാരതത്തിന്റെ വരുംതല മുറയെ ലക്ഷ്യമാക്കിയായിരുന്നു.

പ്രൊഫഷണൽ ആധുനിക ലോകത്ത് ശിശുദിനത്തിന്റെ ഇന്നത്തെ പ്രസക്തി

ആധുനിക ലോകത്ത് ശിശുദിനാചരണം വെറുമൊരു ആഘോഷമായി മാത്രം ഒതുങ്ങിപ്പോ കരുത്. ഡിജിറ്റൽ യുഗത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ മുൻകാലങ്ങളേക്കാൾ സങ്കീർണ്ണമാണ്. സ്മാർട്ട്ഫോണുകളുടെയും സോഷ്യൽ മീഡിയയുടെയും ലോകത്ത് കുഞ്ഞുങ്ങളുടെ ബാല്യം കൂട്ടിലടയ്ക്കപ്പെടുകയും, യാന്ത്രികമായ പഠനരീതികളിൽ അവരുടെ സർഗ്ഗാത്മകത നഷ്ടപ്പെടുകയും ചെയ്യുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ ഈശോ തമ്പുരാൻ വ്യക്തമായി പറയുന്നുണ്ട്: 'കുട്ടികൾ എന്റെ അടുക്കൽ വരട്ടെ; അവരെ തടയരുത്, എന്തെന്നാൽ സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതാണ്'. ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് ഓരോ കുഞ്ഞും. എന്നാൽ ഇന്ന് കുട്ടികൾ അനുഭവിക്കുന്ന ഭയവും ഒറ്റപ്പെടലും ചൂഷണങ്ങളും നാം കാണാതെ പോകരുത്. കുടുംബത്തിലും സമൂഹത്തിലും കുട്ടികൾക്ക് സുരക്ഷിതത്വവും അർഹിക്കുന്ന ആദരവും നൽകപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ഈ ദിനം നമ്മെ പ്രേരിപ്പിക്കുന്നു.

കുട്ടികളോട് നാം എങ്ങിനെ ഇടപെടണം?

കത്തോലിക്ക കുടുംബങ്ങളും സമൂഹവും കുട്ടികളുടെ വളർച്ചയിൽ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇന്നത്തെ തലമുറയിലെ കുട്ടികളോട് ഇടപെടേണ്ട രീതികളിൽ ചില പ്രധാന മാറ്റങ്ങൾ നാം വരുത്തേണ്ടതുണ്ട്:

കേൾക്കാൻ തയ്യാറാവുക:

കുട്ടികളോട് സംസാരിക്കുന്നതിനേക്കാൾ പ്രധാനം അവരുടെ വാക്കുകൾ കേൾക്കുക എന്നതാണ്. അവരുടെ സംശയങ്ങൾ, ഭയങ്ങൾ, ആഗ്രഹങ്ങൾ എന്നിവ ക്ഷമയോടെ കേൾക്കാൻ മാതാപിതാക്കളും മുതിർന്നവരും സമയം കണ്ടെത്തണം.

സ്നേഹവും പ്രോത്സാഹനവും നൽകുക:

മാർക്കുകളെയോ നേട്ടങ്ങളെയോ മാത്രം അടിസ്ഥാനമാക്കി കുട്ടികളെ അളക്കരുത്. അവരുടെ വ്യക്തിത്വത്തെ ആദരിക്കുകയും നന്മകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. നെഗറ്റീവ് വാക്കുകൾ കൊണ്ട് അവരെ തളർത്താതിരിക്കുക.

ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ പകരുക:

പ്രാർത്ഥന, കരുണ, വിട്ടുവീഴ്ച, എളിമ തുടങ്ങിയ ദൈവിക മൂല്യങ്ങൾ വാക്കുകളിലൂടെയല്ല, മാതൃകാപരമായ ജീവിതത്തിലൂടെയാണ് കുട്ടികൾക്ക് നൽകേണ്ടത്. കുടുംബം തന്നെയാണ് അവരുടെ ആദ്യത്തെ വിദ്യാലയവും ദൈവാലയവും.

സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക:

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത്, അവർക്ക് ശാരീരികമായും മാനസികമായും പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കാൻ മുതിർന്നവർക്ക് ഉത്തരവാദിത്തമുണ്ട്. അവരെ വിശ്വസിക്കുക, അവർക്ക് ആത്മവിശ്വാസം നൽകുക.

സൃഷ്ടിയോടും പ്രകൃതിയോടും ഇണങ്ങി വളർത്തുക:

ഡിജിറ്റൽ സ്ക്രീനുകളിൽ നിന്ന് മാറി പ്രകൃതിയെ സ്നേഹിക്കാനും, മറ്റുള്ളവരുമായി സഹാനുഭൂതിയോടെ പെരുമാറാനും അവരെ പരിശീലിപ്പിക്കുക.

ശിശുദിനം എന്നത് കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങൾ നൽകുന്നതിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല; മറിച്ച്, അവർക്കായി ദൈവികമായ സ്നേഹത്തോടെ ഒരു സുരക്ഷിത ലോകം കെട്ടിപ്പടുക്കുമെന്ന പുനരർപ്പണത്തിന്റെ ദിനമാണ്. പൂന്തോട്ടത്തിലെ പൂക്കൾക്ക് നല്ല മണ്ണും നീരും വെളിച്ചവും നൽകുന്നതുപോലെ, നമ്മുടെ മക്കൾക്ക് നല്ല ബോധ്യങ്ങളും, സ്നേഹമുള്ള കുടുംബ അന്തരീക്ഷവും, പ്രാർത്ഥനാ നിർഭരമായ ചുറ്റുപാടും നൽകാം. നാളെയുടെ പ്രകാശങ്ങളായ നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിൽ വളർത്താൻ ഈ ശിശുദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

കുട്ടികളും അക്രമവാസനയും



ഡോ. ജോർജ് തൗണ്ടയിൽ



ഒത്തിരിയേറെ മാതാപിതാക്കൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ് കുട്ടികളിൽ ഉണ്ടാകുന്ന അക്രമവാസന. പല മാതാപിതാക്കന്മാർക്കും ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയാതെ പോകുന്നു. അതുകൊണ്ടുതന്നെ മാതാപിതാക്കന്മാരുടെ റിയാക്ഷൻ സാഹചര്യത്തെ പലപ്പോഴും കൂടുതൽ വഷളാക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ മാനസികവും, ശാരീരികവും, സാമൂഹികവുമായ വളർച്ചയിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണിത്. കുട്ടികളുടെ ഇത്തരം പെരുമാറ്റങ്ങളെ കേവലം അനുസരണക്കേടായി മാത്രം കാണാതെ അതിനു പിന്നിലുള്ള മാനസികവും കുടുംബപരവും സാമൂഹികവുമായ കാരണങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

അക്രമവാസനയുടെ ലക്ഷണങ്ങൾ

* ചെറിയ കാര്യങ്ങൾക്ക് പോലും അമിതമായി ദേഷ്യപ്പെടുക.
* മറ്റുള്ളവരെ അടിക്കുകയോ, തള്ളുകയോ, കടിക്കുകയോ ചെയ്യുക.
* സഹപാഠികളെ ഭീഷണിപ്പെടുത്തുകയോ, പരിഹസിക്കുകയോ ചെയ്യുക.
* വസ്തുവകകൾ എറിഞ്ഞുടയ്ക്കുകയോ, നശിപ്പിക്കുകയോ ചെയ്യുക.
* തോൽവിയും, കുറ്റപ്പെടുത്തലും സഹിക്കാനോ, നിരാശ നിയന്ത്രിക്കാനോ കഴിയാതിരിക്കുക.
* മറ്റുള്ളവരുടെ വികാരങ്ങളും, സാഹചര്യങ്ങളും മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ട് കാണി

ക്കുക തുടങ്ങിയവയാണ്.
എന്തൊക്കെയാണ് കാരണങ്ങൾ

* ***കുടുംബാന്തരീക്ഷം:*** മാതാപിതാക്കൾ തമ്മിലുള്ള വഴക്ക്, ഗാർഹികപീഡനത്തിനും, നിരന്തരമായ ശകാരങ്ങൾക്കും സാക്ഷികളാവുക.
* ***സ്നേഹത്തിന്റെയും ശ്രദ്ധയുടെയും കുറവ്:*** കുട്ടികൾ ആഗ്രഹിക്കുന്ന ശ്രദ്ധ കിട്ടാതെ വരുന്നത്, അവരുടെ വികാരങ്ങളും, ആവശ്യങ്ങളും അവഗണിക്കപ്പെടുന്നത്.
* ***അക്രമകരമായ മാതൃകകൾ:*** മുതിർന്നവരുടെ അക്രമപരമായ മാതൃകകൾ അനുകരിക്കുന്നത്.
* ***സഹപാഠികളുടെ സ്വാധീനം:*** കൂട്ടുകാരുമായുള്ള താരതമ്യം, അവരുടെ സമ്മർദ്ദം, പരിഹാസം, ഭീഷണിപ്പെടുത്തലുകൾ ഒക്കെ സ്വാധീനിക്കുന്നു.
* ***മാധ്യമങ്ങളുടെ സ്വാധീനം:*** അക്രമംനിറഞ്ഞ സിനിമകൾ, വീഡിയോകൾ, ഗെയിമുകൾ എന്നിവയോടുള്ള അമിതമായ സമ്പർക്കം.
* ***വൈകാരിക നിയന്ത്രണത്തിലെ ബുദ്ധിമുട്ടുകൾ:*** സ്വന്തം ദേഷ്യം, നിരാശ, ഭയം എന്നിവയൊക്കെ ആരോഗ്യപരമായി എങ്ങനെ പ്രകടിപ്പിക്കണമെന്ന് അറിയാത്തത്.
* ***മാനസികവും വികസനപരവുമായ പ്രശ്നങ്ങൾ:*** ചില കുട്ടികൾക്ക് പെരുമാറ്റ നിയന്ത്രണത്തിനും, സാമൂഹിക ഇടപെടലുകൾക്കും മുതിർന്ന വ്യക്തികളുടെ സഹായം ആവശ്യമായി വന്നേക്കാം.

എങ്ങനെ മാനസികാരോഗ്യത്തെ ബാധിക്കുന്നു.

ഈ സ്വഭാവദൂഷ്യം കുട്ടികളുടെ ഇപ്പോഴത്തെ അവസ്ഥയേയും ഭാവിയേയും വളരെ സാരമായിട്ടുതന്നെ ബാധിക്കുന്നു എന്നതാണ് സത്യം.

* കുറ്റബോധവും ആത്മവിശ്വാസക്കുറവും ഉണ്ടാകാം.
* വീട്ടിലും സ്കൂളിലും ഉള്ള വ്യക്തിബന്ധങ്ങൾ മോശമാകാം
* പഠനത്തിൽ ശ്രദ്ധ കുറയാം

കുട്ടികളുടെ അക്രമ വാസനയെ ശിക്ഷ കൊണ്ട് മാത്രം നിയന്ത്രിക്കുന്നതിന് പകരം സ്നേഹം, സുരക്ഷിതമായ കുടുംബാന്തരീക്ഷം, വ്യക്തമായ അതിരുകൾ, വൈകാരിക പരിശീലനം തുടങ്ങിയവയിലൂടെ കുട്ടികളുടെ അക്രമവാസനയെ മാറ്റിയെടുക്കാൻ സാധിക്കും.

എന്ത് ചെയ്യാൻ സാധിക്കും?

കുട്ടിയെ ശ്രദ്ധിച്ചു കേൾക്കുക: കുട്ടിയുടെ ദേഷ്യത്തിനും, വിഷമത്തിനും, പിന്നിലുള്ള വികാരത്തെയും, കാരണങ്ങളെയും മനസ്സിലാക്കാൻ ശ്രമിക്കുക. വികാരങ്ങളെ അംഗീകരിക്കുക. എന്നാൽ അക്രമത്തെ അംഗീകരിക്കരുത്.
നല്ല മാതൃകയാവുക: കുട്ടികളെ ഉടനെ തന്നെ ശിക്ഷിക്കുകയല്ല, മറിച്ച്, ദേഷ്യം നിയന്ത്രിച്ച് പ്രശ്നങ്ങൾ സംസാരിച്ച് പരിഹരിക്കുക.
വികാരങ്ങൾ പ്രകടിപ്പിക്കാൻ പഠിപ്പിക്കുക: "എനിക്ക് ദേഷ്യമുണ്ട്", "എനിക്ക് വിഷമമായി", "എനിക്ക് സങ്കടമുണ്ട്" എന്നിങ്ങനെ പറയാൻ പഠിപ്പിക്കു. ആരോഗ്യകരമായി വികാരങ്ങൾ പ്രകടിപ്പിക്കാൻ പഠിപ്പിക്കുക.
നല്ല പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുക: പങ്കുവയ്ക്കൽ, സഹകരണം, ക്ഷമ എന്നിവയ്ക്ക് അംഗീകാരം നൽകുക.
അക്രമപരമായ ശിക്ഷ ഒഴിവാക്കുക: അടിയും, മറ്റുള്ളവരുടെ മുന്നിൽ വച്ചുള്ള ശിക്ഷണ രീതികളും കുട്ടിയുടെ അക്രമസ്വഭാവം വർദ്ധിക്കാൻ കാരണമാകും.
സ്നേഹവും സുരക്ഷിതത്വവും നല്കുക: കുട്ടികളോടൊപ്പം സമയം ചെലവഴിക്കുക, അവർക്ക് മനസ്സിലാകുന്ന, ബോധ്യമാകുന്ന രീതിയിൽ നിയന്ത്രണങ്ങൾ നല്കുക.

ഒഴിവാകേണ്ട കാര്യങ്ങൾ

* കുട്ടിയെ മറ്റുള്ളവരുടെ മുന്നിൽ വച്ച് അപമാനിക്കാതിരിക്കുക.
* അക്രമത്തിന് മറുപടിയായി ശാരീരിക ശിക്ഷണം നല്കാതിരിക്കുക.
* മറ്റു കുട്ടികളുമായി താരതമ്യം ചെയ്യാതിരിക്കുക.
* കുട്ടിയെ 'അക്രമകാരി', 'മോശം കുട്ടി' എന്നിങ്ങനെ നെഗറ്റീവ് കമന്റുകൊണ്ട് മുദ്ര കുത്താതിരിക്കുക.
* അക്രമ സ്വഭാവത്തെ എല്ലായ്പ്പോഴും തമാശയായി കാണുകയോ, അവഗണിക്കുകയോ ചെയ്യാതിരിക്കുക തുടങ്ങിയവയാണ് നമ്മൾ ഇത്തരത്തിലുള്ള കുട്ടികളെ കൈകാര്യം ചെയ്യുമ്പോൾ ചെയ്യേണ്ടത്.

അക്രമസ്വഭാവം തുടർച്ചയായി കാണപ്പെടുകയോ, സ്കൂളിലും വീട്ടിലും ബന്ധങ്ങളെ ബാധിക്കുകയോ, മറ്റുള്ളവർക്ക് പരിക്കേൽക്കുകയോ, കുട്ടിക്ക് സ്വയം നിയന്ത്രിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ ശിശുരോഗ വിദഗ്ദ്ധന്റെയോ മാനസികരോഗ വിദഗ്ദ്ധന്റെയോ സഹായം തേടുക.

കുട്ടികളുടെ അക്രമവാസനയെ ശിക്ഷകൊണ്ട് മാത്രം നിയന്ത്രിക്കുന്നതിന് പകരം സ്നേഹം, സുരക്ഷിതമായ കുടുംബാന്തരീക്ഷം, വ്യക്തമായ അതിരുകൾ, വൈകാരിക പരിശീലനം തുടങ്ങിയവയിലൂടെ കുട്ടികളുടെ അക്രമവാസനയെ മാറ്റിയെടുക്കാൻ സാധിക്കും.

ലോകത്തെ മാറ്റിയ അസാധാരണ ബാല്യങ്ങൾ



ഫാ. ജോബ് കുണ്ടോണി

ലോക ചരിത്രത്തിന്റെ താളുകൾ മിക്കപ്പോഴും അടയാളപ്പെടുത്തപ്പെട്ടിട്ടുള്ളത് രാജാക്കന്മാരുടെയും പടത്തലവന്മാരുടെയും തത്ത്വചിന്തകരുടെയും വിജയഗാഥകളിലൂടെയാണ്. എന്നാൽ, പട വാളുകളേക്കാളും സിംഹാസനങ്ങളേക്കാളും ശക്തമായി മനുഷ്യകുലത്തിന്റെ ഗതി നിർണ്ണയിച്ചിട്ടുള്ളത് വിറയാർന്ന കൊച്ചുകൈകളോ, വിപ്ലവകരമായ ആശയങ്ങളുള്ള ബാല്യങ്ങളോ ആണ്. ഭാവനയുടെയും നിഷ്കളങ്കതയുടെയും ലോകത്ത് കളിച്ചുനടക്കേണ്ട പ്രായത്തിൽ ലോകത്തിന്റെ നെഞ്ചിലേക്ക് വലിയ ചോദ്യചിഹ്നങ്ങൾ എറിഞ്ഞുവെച്ച കുട്ടികളുടെ ജീവിതം, മാനവികതയുടെ ഏറ്റവും വലിയ മാതൃകകളാണ്. ചരിത്രം തിരുത്തിക്കുറിച്ച അത്തരം ബാല്യങ്ങളുടെ കഥകൾ:

മാലാല യൂസഫ്സായ്: അറിവിനായി തോക്കിൻമുനയെ നേരിട്ട പെൺകുട്ടി

'ഒരു കുട്ടിക്കും, ഒരു അധ്യാപകനും, ഒരു പേനയ്ക്കും, ഒരു പുസ്തകത്തിനും ഈ ലോകത്തെ മാറ്റാൻ കഴിയും.' പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനായി താലിബാൻ ഭീകരതയുടെ തോക്കിൻ മുനയ്ക്ക് മുന്നിൽ പതറാതെ നിന്ന ധീരബാലിക. തലയ്ക്ക് വെടിയേറ്റെങ്കിലും അടിച്ചമർത്തലുകൾക്ക് മുന്നിൽ തോറ്റുകൊടുക്കാൻ അവൾ തയ്യാറായില്ല. ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ സമ്മാന ജേതാവായ മാലാല, ഇന്ന് ലോകമെമ്പാടുമുള്ള പെൺകുട്ടികളുടെ അറിവിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിന്റെ ആഗോള പ്രതീകമാണ്.

പാകിസ്ഥാനിലെ സ്വാത് ഗാന്ധിയിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട നാളുകളിൽ, 'ഗുൽ മക്കായ്' എന്ന രഹസ്യനാമത്തിൽ ബിബിസി ഉറുദു സേവനത്തിനായി ബ്ലോഗ് എഴുതിയാണ് മാലാല തന്റെ പ്രതിരോധം ആരംഭിച്ചത്. സ്വന്തം ജീവൻ പണയം വച്ചും പെൺകുട്ടികളുടെ സ്കൂളുകൾ അടച്ചുപൂട്ടുന്നതിനെതിരെ അവൾ സംസാരിച്ചു. 2012 ഒക്ടോബർ 9-ന് സ്കൂൾ ബസിൽ വച്ച് താലിബാൻ ഭീകരൻ അവളുടെ തലയിലേക്ക് വെടിയുതിർത്തുവെങ്കിലും, മരണത്തെ മുഖാമുഖം കണ്ട ആ നിമിഷം പോലും അവളുടെ ഇച്ഛാശക്തിയെ തകർക്കാൻ കഴിഞ്ഞില്ല.



ആക്രമണത്തെ അതിജീവിച്ച മാലാല, അന്താരാഷ്ട്ര വേദികളിലെത്തി ലോകനേതാക്കളുടെ കണ്ണുകളിലേക്ക് നോക്കി തന്റെ ആവശ്യങ്ങൾ ഉന്നയിച്ചു. ഐക്യരാഷ്ട്രസഭയെ അഭിസംബോധന ചെയ്തുകൊണ്ട് അവൾ പറഞ്ഞു, 'ഒരു പുസ്തകം, ഒരു പേന, ഒരു അധ്യാപകൻ എന്നിവയ്ക്ക് ഈ ലോകത്തെ മാറ്റാൻ കഴിയും. 'ഇന്ന്' മാലാല ഫണ്ട്' വഴി ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് പെൺകുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ അവൾ സജീവമായി പ്രവർത്തിക്കുന്നു.

അന ഫ്രാങ്ക്: യുദ്ധത്തിന്റെ ക്രൂരതയെ വരികളാൽ തോൽപ്പിച്ചവൾ

നാസി ഭീകരതയുടെ കറുത്ത നാളുകളിൽ, ആംസ്റ്റർഡാമിലെ ഒരു രഹസ്യമുറിയിൽ ഒളിച്ചിരുന്ന് അവൾ എഴുതിയ ഡയറിക്കുറിപ്പുകൾ ലോക ചരിത്രത്തെ തന്നെ ഉലച്ചുകളഞ്ഞു. യുദ്ധത്തിന്റെയും ഫാസിസത്തിന്റെയും ക്രൂരതകൾക്കിട



യിലും മനുഷ്യന്റെ അതിജീവന ത്തെയും പ്രകാശത്തെയും കുറിച്ച് എഴുതിയ ആ കൊച്ചു പെൺകുട്ടി, ലോക സാഹിത്യത്തിലെയും മാനവികതയിലെയും എക്കാല ത്തെയും വലിയ പ്രതീകമായി മാറി


രണ്ടാം ലോകമഹായുദ്ധ കാലത്ത് ഹിറ്റ്ലറുടെ നാസിപ്പട ജൂതന്മാർക്ക് മേൽ അടിച്ചേൽപ്പിച്ച ക്രൂരതകളിൽ നിന്ന് രക്ഷപ്പെടാൻ, 1942 ജൂലൈയിൽ അനയുടെ കുടുംബം ആംസ്റ്റർഡാമിലെ പിതാവിന്റെ ഓഫീസിനുള്ളിലെ രഹസ്യമുറിയിലേക്ക് ഒളിച്ചോടാൻ നിർബന്ധിതരായി. രണ്ട് വർഷ ത്തിലേറെക്കാലം പുറംലോക ത്തിന്റെ വെളിച്ചവും വായുവും കാണാതെ, അതീവ ദുരിത പൂർണ്ണമായ ജീവിതം നയിക്കു മ്പോഴും അന തന്റെ പതിമൂന്നാം പിറന്നാളിന് ലഭിച്ച ചെറിയ നോട്ടു ബുക്കിൽ കുറിപ്പുകൾ എഴുതു ന്നത് തുടർന്നു. 'കിറ്റി' എന്ന് പേരിട്ട തന്റെ ഡയറിയിലേക്ക് അവൾ തന്റെ ഭയങ്ങളും പ്രതീ ക്ഷകളും മാനവികതയെക്കുറി ച്ചുള്ള ചിന്തകളും വിശ്വസ്ത യോടെ പകർന്നുനൽകി.

1944 ആഗസ്റ്റിൽ നാസി രഹസ്യപോലീസിന്റെ പിടിയി ലാകുകയും ബെർഗൻ-ബെൽ സൺ കോൺസെൻട്രേഷൻ ക്യാമ്പിൽ അടയ്ക്കപ്പെടുകയും ചെയ്ത അന, യുദ്ധം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് ടൈഫസ് ബാധിച്ച് ദാരുണമായി മരണപ്പെട്ടു. എന്നാൽ അവൾ ബാക്കിവച്ച ഡയറിക്കുറിപ്പുകൾ അവളുടെ പിതാവ് ഓട്ടോ ഫ്രാങ്ക് പിന്നീട് പ്രസിദ്ധീകരിക്കുകയും, അത് ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് വായനക്കാരുടെ കണ്ണുതുറപ്പിക്കുകയും ചെയ്തു. മനുഷ്യ സ്നേഹത്തിന്റെ സന്ദേശ വുമായി ഇന്നും ലോകമെമ്പാടു മുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ഹൃദയങ്ങളിൽ അന ഫ്രാങ്ക് ജീവിക്കുന്നു.

സമന്തി സ്മിത്ത്: ശീതയുദ്ധത്തിന്റെ മതിലുകൾ തകർത്ത സമാധാന ദൂതൻ

അമേരിക്കയും സോവി യറ്റ് യൂണിയനും തമ്മിൽ ആണവയുദ്ധത്തിന്റെ വക്കിലാ യിരുന്ന ശീത യുദ്ധകാലം. പത്തുവയസ്സുകാരിയായ സമന്തി സ്മിത്ത് സോവിയറ്റ് നേതാവ് യൂറി ആൻഡ്രോക്കോവിന് ഒരു കത്തയച്ചു. 'നിങ്ങൾ എന്തിനാണ് അമേരിക്കയുമായി യുദ്ധം ചെയ്യാ ൻ ആഗ്രഹിക്കുന്നത്? ലോകത്തെ നശിപ്പിക്കാൻ എന്തുകൊണ്ട് ശ്രമിക്കുന്നു?' എന്ന ആ കൊച്ചുകു ട്ടിയുടെ ചോദ്യം ലോകമെമ്പാടു മുള്ള മാധ്യമ ങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റി. അവളുടെ നിഷ്കള ങ്കമായ കത്തിൽ സന്തോഷം പ്രകടിപ്പിച്ച സോവിയറ്റ് യൂണിയൻ, അവളെ രാജ്യത്തേക്ക് ഔദ്യോ ഗികമായി അതിഥിയായി ക്ഷണിച്ചു. ഇരു രാജ്യങ്ങൾക്കുമിട യിലെ ശത്രുതയുടെ മതിലുകൾ തകർക്കാൻ ഒരു കൊച്ചുകുട്ടിയുടെ സമാധാനാഭ്യർത്ഥനയ്ക്ക് കഴിഞ്ഞു എന്നത് ലോകചരിത്ര ത്തിലെ വിസ്മയകര മായ ഒരു അധ്യായമാണ്.

1982-ൽ അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ ആണവയുദ്ധം പൊട്ടിപ്പുറപ്പെടു മെന്ന ഭീതി പരന്ന ഘട്ടത്തിലാണ് സമന്തി സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിക്ക് കത്തെഴു തിയത്. ലോകം സമാധാനപരമായി നിലനിൽക്കാൻ തങ്ങൾ ആഗ്രഹിക്കുന്നുവെന്നും ആ കൊച്ചുകുട്ടി തന്റെ കത്തിലൂടെ ചോദ്യം ചെയ്തു. സമന്തിയുടെ ആ നിഷ്കളങ്കവും ശക്തവുമായ



കത്ത് സോവിയറ്റ് പത്രമായ 'പാവ്ദ'യിൽ പ്രസിദ്ധീകരിക്ക പ്പെടുകയും ലോകമാധ്യമങ്ങളുടെ മുഴുവൻ ശ്രദ്ധയും അത് പിടിച്ചുപറ്റുകയും ചെയ്തു.

തുടർന്ന് സോവിയറ്റ് യൂണിയനിലേക്ക് ഔദ്യോഗിക അതിഥിയായി കുടുംബത്തോ ടൊപ്പം യാത്ര ചെയ്യാൻ സമന്തിക്ക് ക്ഷണം ലഭിച്ചു. റഷ്യൻ ജനത യോടൊപ്പം സമയം ചെലവഴിച്ച അവൾ, 'റഷ്യക്കാരും നമ്മെപ്പോലെ സാധാരണക്കാരാണ്, അവർ യുദ്ധം ആഗ്രഹിക്കുന്നില്ല' എന്ന് ലോക ത്തോട് വിളിച്ചുപറഞ്ഞു. ഈ ചെറിയ സന്ദർശനം ശീതയുദ്ധകാലത്തെ ശത്രുതയുടെ മതിൽ ക്കെട്ടുകളിൽ വലിയ വിള്ളലുകൾ വീഴ്ത്തുകയും, ലോക സമാധാനത്തിനായി കുട്ടികൾക്കും ശബ്ദമുണ്ടാകാം എന്ന് തെളിയിക്കുകയും ചെയ്തു.

റൂബി ബ്രിഡ്ജസ്: അസമത്വത്തിന്റെ മതിൽ പൊളിച്ച ആറുവയസ്സുകാരി

1960-ൽ, അമേരിക്കയിൽ വംശീയ വേർതിരിവ് ശക്തമാ യിരുന്ന കാലത്ത്, വെള്ളക്കാർ മാത്രം പഠിച്ചിരുന്ന സ്കൂളിലേക്ക് നടന്നു കയറിയ ആദ്യത്തെ കറുത്തവർഗ്ഗക്കാരിയായ പെൺകുട്ടി. വംശീയവെറിയ ന്മാരുടെ ഭീഷണികൾക്കും കൂക്കിവിളികൾക്കും നടുവിലൂടെ



ഫെഡറൽ മാർഷൽ മാരുടെ സംരക്ഷണത്തിൽ പുഞ്ചിരിയോടെ സ്കൂളിലേക്ക് നടന്ന റൂബിയുടെ ആ കൊച്ചു ചുവടുകളാണ് അമേരിക്കയിലെ വിദ്യാഭ്യാസ സമത്വത്തിന് വഴിയൊരുക്കിയത്.

1960 നവംബർ 14-ന്, അമേരിക്കയിലെ ലൂയിസിയാന യിൽ വംശീയ വേർതിരിവുകൾ കൊടുമ്പിരികൊണ്ടിരുന്ന കാല ത്ത്, ഒൺട്രാ ഫ്രാൻസ് എലി മെന്ററി സ്കൂളിലേക്ക് നടന്നു കയറിയ ആറുവയസ്സുകാരിയായ റൂബി ബ്രിഡ്ജസ് അമേരിക്കൻ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു വഴിത്തിരി വായിരുന്നു. വെള്ള ക്കാർ മാത്രം പഠിച്ചിരുന്ന ആ സ്കൂളിൽ കറുത്തവർഗ്ഗക്കാർക്ക് പ്രവേശനം അനുവദിച്ചുകൊ ണ്ടുള്ള കോടതി ഉത്തരവ് നടപ്പി ലാക്കാൻ എത്തിയപ്പോൾ, രോഷാകുലരായ വെള്ളക്കാരായ ജനക്കൂട്ടം സ്കൂളിന് മുന്നിൽ തടിച്ചുകൂടി കൊലവിളി മുഴക്കി. ഭയന്നുവിറക്കേണ്ട പ്രായമായി രുന്നിട്ടും, ഫെഡറൽ മാർഷൽ മാരുടെ കനത്ത സുരക്ഷയിൽ തന്റെ കൊച്ചുകുഞ്ഞു കാലടികൾ വച്ച് പുഞ്ചിരിച്ചുകൊണ്ടാണ് റൂബി ആ വിദ്യാലയത്തിലേക്ക് പ്രവേശിച്ചത്.വർഷങ്ങളോളം ഭീഷണികൾക്കും ഒറ്റപ്പെടലിനും ഇടയിലാണ് റൂബി ആ സ്കൂളിൽ പഠനം പൂർത്തിയാക്കിയത്; അവളുടെ ക്ലാസിൽ അവൾ മാത്രമായിരുന്നു വിദ്യാർത്ഥി, അധ്യാപികയും അവളെ മാത്രം പഠിപ്പിച്ചു. എന്നാൽ അവളുടെ ആ ധീരമായ ചുവടുവയ്പ് അമേരി ക്കൻ സമൂഹത്തിൽ വംശീയ വേർതിരിവുകൾക്കെതിരെയുള്ള വലിയൊരു മുന്നേറ്റത്തിന് ആക്കംകൂട്ടി. പിൽക്കാലത്ത് പൗരാവകാശ പ്രവർത്തകയും എഴുത്തുകാരിയുമായി മാറിയ റൂബി ബ്രിഡ്ജസ്, സമത്വത്തിനും മനുഷ്യസ്നേഹത്തിനുമുള്ള പോരാട്ടത്തിന്റെ ചരിത്രത്തിലെ തിളങ്ങുന്ന മാതൃകയാണ്.

ഇക്ബാൽ മസീഹ്: ബാലവേലയ്ക്കെതിരെ പോരാടിയ രക്തസാക്ഷി

നാലാം വയസ്സിൽ വെറും പന്ത്രണ്ടു ഡോളറിന്റെ കത്തി നുവേണ്ടി ഒരു കാർപെറ്റ് ഫാക്ടറിയിലെ അടിമപ്പണിയിലേക്ക് വിറ്റഴിക്കപ്പെട്ടവൻ. ദിവസേന മണി ക്കൂറുകളോളം നീണ്ട ക്രൂരമായ പീഡനങ്ങളെ അതിജീവിച്ച ആ കുട്ടി, പന്ത്രണ്ടാം വയസ്സിൽ ആ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു. പാകിസ്ഥാനിലെ ബാലവേലയ്ക്കെ തിരെയുള്ള പ്രസ്ഥാനങ്ങളുടെ മുഖമായി മാറി ലോകമെമ്പാടു മുള്ള ദശലക്ഷ ക്കണക്കിന് കുട്ടികൾക്ക് സ്വപ്നം കാണാനുള്ള സ്വാതന്ത്ര്യം സമ്മാനിച്ച ആ കൊച്ചുമനുഷ്യൻ, ചെറുപ്രായത്തി ൽ വെടിയേറ്റ് മരിക്കുമ്പോൾ ലോകത്തോട് ചോദിച്ച ചോദ്യ ങ്ങൾ ഇന്നും പ്രസക്തമാണ്. പാകിസ്ഥാനിലെ ലാഹോറിനടു ത്തുള്ള മുരിദ്കെ യിൽ, വെറും പന്ത്രണ്ട് ഡോളർ കടത്തിന്മേൽ നാലാമത്തെ വയസ്സിൽ ഒരു കാർപെറ്റ് ഫാക്ടറി യിലെ ക്രൂരമായ അടിമപ്പണി യിലേക്ക് ഇക്ബാൽ മസീഹ് വിറ്റഴിക്കപ്പെട്ടു. ദിവസവും പതിനാല് മണിക്കൂറോളം നീളുന്ന കഠിനാധ്വാനവും ഇരുണ്ട മുറിയിലെ പീഡനങ്ങളും ആ കൊച്ചുകുട്ടിയുടെ ബാല്യം കവർ ന്നെടുത്തു. ഒടുവിൽ പന്ത്രണ്ടാം വയസ്സിൽ മറ്റ് കുട്ടികൾക്കൊപ്പം ഫാക്ടറിയിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞ ഇക്ബാൽ, പാകി സ്ഥാനിൽ ബാലവേലയ്ക്കെതിരെ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ഓഫ് ലേബർ ലിബറേഷൻ സംഘടന യുമായി ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി.



തന്റെ ഇളംപ്രായത്തിൽ തന്നെ ആയിരക്കണക്കിന് കുട്ടികളെ ബാലവേലയുടെ ചങ്ങലകളിൽ നിന്ന് മോചിപ്പിക്കാൻ ഇക്ബാൽ മുന്നിൽ നിന്നു. ലോകമെമ്പാടുമു ള്ള വേദികളിൽ ബാലവേലയുടെ ക്രൂരതകളെക്കുറിച്ചും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും അവൻ സംസാരിച്ചു. എന്നാൽ, 1995 ഏപ്രിൽ 16-ന് പന്ത്രണ്ടാമത്തെ വയസ്സിൽ ദുരൂഹമായ സാഹചര്യ ത്തിൽ വെടിയേറ്റു മരിച്ച ഇക്ബാൽ, ലോകത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ചുകൊണ്ട് ബാലവേലയ്ക്കെതിരെയുള്ള പോരാട്ട ത്തിലെ ഏറ്റവും വലിയ രക്തസാക്ഷിയായി മാറി.

ക്ലോഡിയറ്റ് കോൾവിൻ: പൗരാവകാശ പ്രസ്ഥാനത്തിന്റെ നിശബ്ദ വിപ്ലവം

റോസ പാർക്ക്സ് ബസിൽ സീറ്റ് ഒഴിഞ്ഞുകൊടു ക്കാൻ വിസമ്മതിക്കുന്നതിന് മാസങ്ങൾക്ക് മുമ്പ്, 1955-ൽ, അൽബാമയിലെ മോണ്ട്ഗോ മേരിയിൽ പതിഞ്ചുകാരിയായ ക്ലോഡിയറ്റ് കോൾവിൻ അതേ ധീരത കാണിച്ചു. വെള്ളക്കാരായ യാത്രക്കാർക്ക് തന്റെ ഇരിപ്പിടം നൽകാൻ വിസമ്മതിച്ചതിന്റെ പേരിൽ അവൾ അറസ്റ്റ് ചെയ്യപ്പെട്ടു. അമേരിക്കൻ പൗരാവകാശ പ്രസ്ഥാനത്തിന് തിരിതെളിച്ച ആ ചരിത്രപരമായ നിയമപോരാട്ടത്തിന് പിന്നിലെ യഥാർത്ഥ വിത്ത് പാകിയത് ഒരു



കൗമാരക്കാരിയുടെ നീതിബോധമായിരുന്നു.

1955 മാർച്ച് 2-ന്, അൽബാമയിലെ മോണ്ട്ഗോമേരിയിൽ ബസിൽ യാത്ര ചെയ്യുകയായിരുന്ന പതിനഞ്ചുകാരിയായ ക്ലോഡിയറ്റ് കോൾവിൻ അമേരിക്കൻ ചരിത്രത്തിലെ നിർണ്ണായകമായ ഒരു ധീരത കാട്ടി. ബസിൽ വെള്ളക്കാരായ യാത്രക്കാർക്ക് ഇരിക്കാൻ സീറ്റില്ലാതെ വന്നപ്പോൾ, ഡ്രൈവർ തനിക്കിരുന്ന സീറ്റ് ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഒരു കറുത്തവർഗ്ഗക്കാരിയായ താൻ എന്തിനാണ് പണം നൽകി എടുത്ത സീറ്റ് ഒഴിഞ്ഞുകൊടുക്കേണ്ടത് എന്ന് ചോദിച്ചുകൊണ്ട് അവൾ ആ ഉത്തരവിനെ ധൈര്യപൂർവ്വം എതിർത്തു. തുടർന്ന് പോലീസെത്തി അവളെ വിലങ്ങുവച്ച് അറസ്റ്റ് ചെയ്യുകയും ക്രൂരമായി ഉപദ്രവിക്കുകയും ചെയ്തു.

റോസ പാർക്ക്സ് ചരിത്രപ്രസിദ്ധമായ ആ സമരം നടത്തുന്നതിന് മാസങ്ങൾക്ക് മുമ്പേയാണ് ക്ലോഡിയറ്റ് ഈ നിയമപോരാട്ടത്തിന് തിരിതെളിച്ചത്. പിന്നീട് മോണ്ട്ഗോമേരി ബസ് ബഹിഷ്കരണ പ്രസ്ഥാനം കോടതിയിൽ ചോദ്യം ചെയ്ത പ്പോൾ, അതിന് ആധാരമായ പ്രധാന കേസുകളിൽ ഒന്നിലെ മുഖ്യ വാദിയായി ക്ലോഡിയറ്റ് കോൾവിൻ മാറി. ചരിത്രത്തിൽ വേണ്ടത്ര അംഗീകാരം ലഭിച്ചില്ലെങ്കിലും, അമേരിക്കയിലെ പൗരാവകാശ പ്രസ്ഥാനത്തിന് യഥാർത്ഥ അടിത്തറയിട്ട ധീരയായ കൗമാരക്കാരിയായിരുന്നു അവൾ.



ഹെലൻ കെല്ലർ: അന്ധതയെയും ബധിരതയെയും അതിജീവിച്ച അത്ഭുത ബാല്യം

പതിനെട്ടാം മാപ്പിൽ വന്ന ഗുരുതരമായ അസുഖം മൂലം കാഴ്ചയും കേൾവിയും പൂർണ്ണമായി നഷ്ടപ്പെട്ട ഹെലൻ കെല്ലർ, ഇരുട്ടിന്റെ ലോകത്ത് നിന്ന് അറിവിന്റെ വെളിച്ചത്തിലേക്ക് സ്വയം നടന്നു കയറിയ ധീരയായ പെൺകുട്ടിയാണ്. തന്റെ അധ്യാപികയായ ആനി സുലിവന്റെ സഹായത്തോടെ ലോകം കീഴടക്കിയ അവൾ, കൗമാരപ്രായത്തിൽ തന്നെ തന്റെ ആത്മകഥയെഴുതുകയും ലോകമെമ്പാടുമുള്ള അവശതയനുഭവിക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് പ്രത്യാശയുടെ പ്രകാശഗോപുരമായി മാറുകയും ചെയ്തു. പരിമിതികളെ ഇച്ഛാശക്തികൊണ്ട് തോൽപ്പിക്കാമെന്ന് ലോകത്തിന് കാണിച്ചു കൊടുത്ത ഏറ്റവും വലിയ മാതൃകയാണ് ഹെലൻ കെല്ലർ.

പത്തൊൻപതാം മാസത്തിൽ ബാധിച്ച കടുത്ത രോഗത്തെ തുടർന്ന് കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട ഹെലൻ കെല്ലർ, ഇരുട്ടിലും നിശ്ശബ്ദതയിലും പെട്ടുപോയ ഒരു ബാല്യമായിരുന്നു. ആശയ വിനിമയം നടത്താനാകാതെ ദേഷ്യവും നിരാശയും നിറഞ്ഞ ആ കൊച്ചുകുട്ടിയുടെ ജീവിതത്തിലേക്ക് അടിയുറച്ച സ്നേഹവുമായി കടന്നുവന്നതാണ് അധ്യാപികയായ ആനി സുലിവൻ. വിരലുകൾ കൊണ്ട് ഉള്ളംകയ്യിൽ അക്ഷരങ്ങൾ കോറിയിട്ടുകൊണ്ട് ആനി അവൾക്ക് ഭാഷയും ലോകവും പകർന്നുനൽകി. ആ കഠിനാധ്വാനത്തിന്റെ ഫലമായി ഹെലൻ കാഴ്ചയുടെയും കേൾവിയുടെയും പരിമിതികളെ അക്ഷരാർത്ഥത്തിൽ മറികടന്നു.

ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയ അവൾ ആത്മകഥകൾ അടക്കം നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും, ലോകമെമ്പാടുമുള്ള ഭിന്നശേഷിക്കാർക്കായുള്ള അവകാശപ്പോരാട്ടങ്ങളിൽ മുന്നിൽ നിൽക്കുകയും ചെയ്തു. പരിമിതികൾ മനുഷ്യന്റെ ഇച്ഛാശക്തിക്ക് മുന്നിൽ വെറും തടസ്സങ്ങൾ മാത്രമാണെന്ന് ലോകത്തിന് തെളിയിച്ചുകൊടുത്ത ഹെലൻ കെല്ലർ, മാനവികതയുടെ എക്കാലത്തെയും വലിയ അത്ഭുതമാണ്.

ജീവദീപ്തി വാർഷികപ്പതിപ്പ്

വരാപ്പുഴ അതിരൂപത മുഖപത്രമായ ജീവദീപ്തിയുടെ ക്രിസ്മസ് പതിപ്പ് നവംബർ അവസാനം പുറത്തിറങ്ങുന്നു. ക്രിസ്മസ് അനുബന്ധിയായ ലേഖനങ്ങൾ, കഥകൾ, കവിതകൾ, പരസ്യങ്ങൾ എന്നിവ അടങ്ങുന്ന സചിത്ര വിശേഷാൽ പ്രതിയാണ് പുറത്തിറങ്ങുക. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ഫാ. ആന്റണി റാഫേൽ കൊമരംചാത്ത് ചീഫ് എഡിറ്റർ

ഇന്നാണ് എന്റെ മരണം!



ഫാ. എബിജിൻ
അറക്കൽ



ജീവിതശയ്യയിൽ ഞാൻ മരണം കാത്തു കിടക്കുന്നു –
ഇന്നാണ് എന്റെ മരണം!
കണ്ണുകൾ മെല്ലെയടഞ്ഞു പോകുന്നു – എങ്ങും നിഴലുകൾ!
പിന്നെ ഞാൻ നടന്ന വഴികൾ തെളിയുന്നു.
വഴിയോരത്ത് ഞാനുപേക്ഷിച്ച നിഴലുകൾ എന്നെ
ഭയപ്പെടുത്തുന്നു.
ഓരോ നിമിഷവും മരണത്തിന്റെ മണമുള്ള കാറ്റണയുന്നു.
യാമങ്ങളുടെ മലവെള്ളപ്പാച്ചിലിൽ ഞാൻ തളർന്നു കിടന്നു!
ഞാൻ നടന്ന വഴികൾ ശരിയെന്ന് നിനച്ചിരുന്നു.
നാളെ വിരിയുന്ന പൂക്കൾ എനിക്കു മാത്രമെന്ന് ഞാൻ കരുതി.
'ഇന്നി'നെക്കാളും മെച്ചമാം 'നാളെ' എന്റെ കനവിലുദിച്ചിരുന്നു.
നാളെയെകുറിച്ചുള്ള ചിന്തകൾ എന്റെ 'ഇന്നി'നെ
മായ്ച്ചുകളഞ്ഞു!
ചുറ്റും ഇരുൾ പരന്നതും ഞാനറിഞ്ഞില്ല!
കൂടെ നടന്നവർ ചൊരിഞ്ഞ പ്രകാശം കാണാതെ പോയി!
വഴിയിൽ വെട്ടമുണ്ടി–
പ്പോഴും വിരിയുന്ന പൂക്കളുണ്ട്.
അണിയത്തുസ്നേഹിതർ കൂട്ടിനുണ്ട്.
മിന്നാമിനുങ്ങുകൾ കൂട്ടമായ് മിന്നും പോൽ
വെട്ടമായ് മാറണം, നിഴലുകൾ മായ്ക്കണം.
ശേഷിക്കും യാമങ്ങളിൽ ജീവിതം പ്രകാശിക്കണം,
ഇന്ന് കണ്ണുകൾ അടയും വരെ ഹൃദയം തുറക്കണം,
ഇന്നു ഞാൻ എരിയും വിളക്കാകണം.
ഇനിയെത്ര യാമങ്ങൾ എനിക്കെന്നറിയില്ലെന്നാകിലും
കാലങ്ങൾക്കപ്പുറം എൻ മനമലയുന്നു!
എത്രയലഞ്ഞാലും ഓർമ്മയുണ്ടാകണം
ഇന്നാണെന്റെ മരണം എന്ന സത്യം!

CARTOON **DEEPTHI** — *കേരള പിറവി...* — John Kakkanad



ഫാ. ജോർജ്ജ് വാകയിൽ
'അച്ചൻ പുണ്യവാളൻ'





ഡോ. കോശി മാത്യു ചെള്ളാത്ത്

വരാപ്പുഴ അതിരൂപതയിലെ ഒരു കത്തോലിക്ക വൈദികനായിരുന്നു ഫാദർ ജോർജ്ജ് വാകയിൽ. വീര താപസ ഗുണങ്ങളാൽ (virtutes geroicae) നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. തിരുസഭയുടെ അധികാരികളോടുള്ള അഗാധമായ അനുസരണത്തിലും, തനിക്ക് ലഭിച്ച വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾക്കായുള്ള സ്വാർത്ഥരഹിതമായ സേവനത്തിലും അദ്ദേഹം വേറിട്ടുനിന്നു. അദ്ദേഹത്തിന്റെ മരണശേഷം, പ്രാദേശിക വിശ്വാസികൾ സ്നേഹാദരങ്ങളോടെ അദ്ദേഹത്തെ 'അച്ചൻ പുണ്യവാളൻ' എന്ന് വിളിച്ചുപോരുന്നു.

ആദ്യകാല ജീവിതവും ദൈവവിളിയും (1883-1912)

1883 സെപ്റ്റംബർ 12 ന് വരാപ്പുഴ അതിരൂപതയിലുൾപ്പെട്ട കൂനമ്മാവിലാണ് ജോർജ്ജ് വാക



യിൽ ജനിച്ചത്. പൈലി വാകയിലിന്റെയും ഫ്രാൻസിസ്കയുടെയും രണ്ടാമത്തെ മകനായിരുന്ന അദ്ദേഹത്തെ ചെറുപ്പത്തിൽ 'ജോർജ്ജുകുട്ടി' എന്നാണ് വിളിച്ചിരുന്നത്. ഒരു ജ്യേഷ്ഠനും അനുജത്തിക്കുമൊപ്പം വളർന്ന അദ്ദേഹം കൂനമ്മാവിലെ സെന്റ് ഫിലോമിനാമ്മയുടെ ഇടവക പള്ളിയിൽ വച്ച് മാമോദീസ, ആദ്യകുർബ്ബാന, സ്ഥൈര്യലേപനം എന്നീ കൂദാശകൾ സ്വീകരിച്ചു.

ജോർജ്ജുകുട്ടിക്ക് ഏഴു വയസ്സുള്ളപ്പോൾ അമ്മ മരണപ്പെട്ടു. ഏതാനും വർഷങ്ങൾക്ക് ശേഷം ജ്യേഷ്ഠൻ, അന്നംകുട്ടിയെ വിവാഹം കഴിച്ചു. അവർ ജോർജ്ജുകുട്ടിയെയും സഹോദരിയെയും മാതൃവാത്സല്യത്തോടെ പരിചരിക്കുകയും ദിനംപ്രതി പ്രാർത്ഥനകളിലും ദൈവഭക്തിയിലും വഴിനടത്തുകയും ചെയ്തു. ചെറുപ്പം മുതലേ വിശുദ്ധ കുർബാനയോട് തീവ്രമായ സ്നേഹം പുലർത്തിയ ജോർജ്ജുകുട്ടി, ദിവസവും ദിവ്യബലിയിൽ പങ്കെടുക്കുകയും അൾത്താരബാലനായി സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു.

കൂനമ്മാവിലെ ഇടവക സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, വൈദികനാകാനും മിഷനറിയായി സേവനമനുഷ്ഠിക്കാനും ജോർജ്ജുകുട്ടി ആഗ്രഹിച്ചു. കുടുംബത്തിലെ ഇളയ മകൻ മാതാപിതാക്കളെ നോക്കാൻ വീട്ടിൽ തന്നെ നിൽക്കണമെന്ന അന്നത്തെ ആചാരപ്രകാരം പിതാവ് ആദ്യം ഇതിനെ എതിർത്തുവെങ്കിലും, അമ്മാവനായ ഫാദർ ജോൺ ഡിക്രൂസ് വാകയിലിന്റെയും കൂനമ്മാവിലെ കർമ്മലീത്ത മിഷനറിമാരുടെയും പ്രോത്സാഹനത്താൽ അദ്ദേഹം കൂനമ്മാവിലുള്ള പെറ്റി സെമിനാരിയിൽ ചേർന്നു. പിന്നീട് എറണാകുളം സെന്റ് ആൽബർട്ട്സ് സ്കൂളിൽ പഠനം തുടർന്നു. സെമിനാരി പഠനകാലത്ത് കർമ്മലീത്ത മിഷനറിമാരുടെ കീഴിൽ മികച്ച പഠനമികവിനേക്കാൾ ഉപരി, കർശനമായ അച്ചടക്കവും നിഷ്ഠകളും പാലിക്കുന്നതിൽ ബ്രദർ ജോർജ്ജ് വാകയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1912 ഡിസംബർ 30-ന് വരാപ്പുഴ ആർച്ച്ബിഷപ്പ് ബെർണാർഡ് അർഗുയിൻസോണിസ് ഒ.സി.ഡി. (Bernard Arguinzonis OCD), പുത്തൻപള്ളി സെന്റ് ജോസഫ് സെമിനാരിയിൽ വച്ച് ജോർജ്ജ് വാകയിലിന് പൗരോഹിത്യം നൽകി.



പൗരോഹിത്യ ശുശ്രൂഷകൾ (1913-1931)

പൗരോഹിത്യ സ്വീകരണത്തിന് ശേഷം, ഫാദർ ജോർജ്ജ് വാകയിൽ സഭാധികാരികളോടുള്ള പൂർണ്ണ അനുസരണത്തോടെ ഇടവക ശുശ്രൂഷകളിൽ മുഴുകി. മിഷനറി പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഏർപ്പെടാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും, ആർച്ച്ബിഷപ്പ് ബെർണാർഡ് അർഗുയിൻസോണിസ് നൽകിയ ഓരോ ചുമതലയും ദൈവപരിപാലനയിൽ കണ്ട് അദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചു. 1913 മുതൽ 1916 വരെ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ പള്ളിയിലും, മാടപ്ലാത്തുരുത്ത് സെന്റ് ജോർജ്ജ് പള്ളിയിലും സേവനമനുഷ്ഠിച്ചു. 1916 മുതൽ കോട്ടയം മിഷനിലേക്ക് മാറ്റി നിയമിക്കപ്പെട്ടു. കോട്ടയം ദി ഗുഡ് ഷെപ്പേർഡ് ചർച്ച്, തിരുവാഞ്ചൂർ ഔർ ലേഡി ഓഫ് മൗണ്ട് കാർമ്മൽ ചർച്ച്, നാട്ടകം സെന്റ് തെരേസാസ് ചർച്ച്, കുറിച്ചി സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്തു.

എല്ലാ ഇടവകകളിലും ദിവസേന ദിവ്യബലി അർപ്പിക്കുന്നതിലും, കുമ്പസാരം കേൾക്കുന്നതിലും, മതബോധനം നൽകുന്നതിലും, രോഗികളെ സന്ദർശിക്കുന്നതിലും അദ്ദേഹം ശ്രദ്ധ പതിച്ചു. കുറിച്ചി പള്ളിയിൽ ശുശ്രൂഷ ചെയ്യവേ, രോഗീലേപന കൂദാശ നൽകി മടങ്ങുമ്പോൾ സൈക്കിൾ ഗർത്തത്തിലേക്ക് വീണ് അദ്ദേഹത്തിന്റെ വാരിയെല്ലുകൾക്ക് ഗുരുതരമായി പരിക്കേറ്റു. എറണാകുളം ഗവൺമെന്റ് ആശുപത്രിയിലെ ചികിത്സയ്ക്ക് ശേഷം, ആർച്ച് ബിഷപ്പ് ഏഞ്ചൽ മേരി പെരെസ് സെസിലിയ ഒ.സി.ഡി (Angel Mary Perez Cecelia OCD) അദ്ദേഹത്തെ മൂത്തേടം സെന്റ് മേരി മാഗ്ദലിൻ പള്ളിയിലേക്ക് നിയമിച്ചു. യാതൊരു പരാതിയും കൂടാതെ ആ തീരുമാനം അംഗീകരിച്ച് 1922-ൽ അദ്ദേഹം മൂത്തേടം പള്ളിയിൽ വികാരിയായി ചുമതലയേറ്റു.

മൂത്തേടത്തെ ഇടവക മാറ്റങ്ങൾ

മൂത്തേടത്ത് വികാരിയായി ചുമതലയേറ്റപ്പോൾ, വിശുദ്ധ കുർബാനയിൽ ആളുകളുടെ കുറഞ്ഞ പങ്കാളിത്തവും, ഞായറാഴ്ച കുർബാന പകുതി ആകുമ്പോൾ ജനങ്ങൾ പള്ളിക്കു മുമ്പിൽ ഉണ്ടായിരുന്ന ഇറച്ചിക്കടയിലേക്ക് പോകുന്നതും, ആത്മീയ





ജീവിതത്തിൽ നിന്ന് അകന്നു നിൽക്കുന്ന സമൂഹവും ഉൾപ്പെടെ വലിയ വെല്ലുവിളികളാണ് അദ്ദേഹത്തിന് നേരിടേണ്ടി വന്നത്. ഇടവകയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഫാദർ ജോർജ്ജ് വാകയിൽ എല്ലാ പ്രായക്കാർക്കുമായി മതബോധന ക്ലാസ്സുകൾ ആരംഭിക്കുകയും, പ്രാദേശിയ യുവാക്കളെ അധ്യാപകരായി പരിശീലിപ്പിക്കുകയും ചെയ്തു. ജീർണ്ണാവസ്ഥയിലായിരുന്ന പള്ളി മന്ദിരം പുനരുദ്ധരിക്കാൻ ശ്രമിച്ചപ്പോൾ ആദ്യം എതിർപ്പുകൾ നേരിടേണ്ടി വന്നുവെങ്കിലും, തീക്ഷ്ണമായ പ്രാർത്ഥനയ്ക്കും അഭ്യർത്ഥനകൾക്കും ശേഷം ഇടവകജനങ്ങൾ വലിയ ആവേശത്തോടെ മുന്നോട്ടു വരികയും പള്ളിയുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തു.

മരട് പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക, വിദ്യാഭ്യാസ പുരോഗതിക്കായി അദ്ദേഹം പ്രവർത്തിച്ചു. നിർധനരായ കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കുന്നതിനും ട്യൂഷൻ ക്ലാസു കൾക്കും വസ്ത്രങ്ങൾക്കും പാഠപുസ്തകങ്ങൾക്കുമായി സ്വന്തം പണം നൽകി സഹായിച്ചു. സാക്ഷരത വളർത്തുന്നതിനായി ഒരു പൊതു ലൈബ്രറി സ്ഥാപിച്ചു. വിവാഹം, രോഗം, മരണം തുടങ്ങിയ സന്ദർഭങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടി അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ 'മൂത്തേടം പാരീഷ് വ്യവസായ സഹകരണ സംഘം' സ്ഥാപിച്ചു.

ദിവസവും പുലർച്ചെ 4.30 ന് ഉണർന്ന് പ്രാർത്ഥനയിലും ജപമാലയിലും സമയം ചെലവഴിച്ച അദ്ദേഹം, ദിവ്യബലിക്ക് മുൻപ് മണിക്കൂറുകളോളം കുമ്പസാരം കേൾക്കാൻ സമയം മാറ്റിവച്ചു. അദ്ദേഹത്തിന്റെ ഭവനസന്ദർശനങ്ങളും ആത്മീയ ജീവിതവും നിരവധി ദൈവവിളികൾക്ക് കാരണമായി. ഫാ. ജോൺ ഓഫ് ദി ക്രോസ്, ഫാ. ആന്റണി ഇലഞ്ഞിമറ്റം, ഫാ. ജോർജ്ജ് കുടിലിങ്കൽ, ഫാ. അലക്സാണ്ടർ വടക്കുംതല, സിസ്റ്റർ എവുപ്രാസ്യ ഇലഞ്ഞിമിറ്റം, സിസ്റ്റർ ബാർബറാ നെടുനിലത്ത്, സിസ്റ്റർ പെലാജിയാ വള്ളനാട്, സിസ്റ്റർ ബെനെഡിക്ടാ കാട്ടിത്തറ, സിസ്റ്റർ കൊൺസലീഞ്ഞ കാട്ടിത്തറ, സിസ്റ്റർ കുഞ്ഞേലിയാ എടച്ചേരിത്തറ തുടങ്ങിയവർ അതിൽ ചിലരാണ്.



അന്ത്യം (1931)

1931 സെപ്റ്റംബറോടെ, മുൻപുണ്ടായ സൈക്കിൾ അപകടത്തിലെ പരിക്കുകൾ വീണ്ടും സങ്കീർണ്ണമായതിനെ തുടർന്ന് ഫാദർ ജോർജ്ജിന്റെ ആരോഗ്യം വേഗത്തിൽ ക്ഷയിക്കാൻ തുടങ്ങി. ശരീരത്തിലുടനീളം കഠിനമായ നീര് വന്ന് ചലനം പോലും വേദനനിറഞ്ഞതായി മാറി. കഠിനമായ ശാരീരിക വേദനയുണ്ടായിരുന്നിട്ടും, അദ്ദേഹം അത് ശാന്തമായ എളിമയോടെ സഹിക്കുകയും പ്രഭാതപ്രാർത്ഥന, ജപമാല, കുമ്പസാരം കേൾക്കൽ, ദിവ്യബലി അർപ്പണം എന്നിവ മുടക്കാതിരിക്കുകയും ചെയ്തു.

ഒടുവിൽ, വൃക്കകളുടെയും ഹൃദയത്തിന്റെയും പ്രവർത്തനം തകരാറിലായതിനെ തുടർന്ന് 1931 നവംബർ 4-ന് രാവിലെ 10 മണിക്ക്, 48-ാം വയസ്സിൽ എറണാകുളം ജനറൽ ആശുപത്രിയിൽ വച്ച് ഫാദർ ജോർജ്ജ് വാകയിൽ ദൈവത്തിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിന്റെ മരണവാർത്തയറിഞ്ഞ് അന്തിമോപചാരമർപ്പിക്കാൻ വൻ ജനസഞ്ചയം മൂത്തേടം പള്ളിയിലേക്ക് ഒഴുകിയെത്തി.ഇന്ന്, അദ്ദേഹത്തിന്റെ മാധ്യസ്ഥ്യവും അനുഗ്രഹവും തേടി നിരവധി വിശ്വാസികൾ, പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ, മൂത്തേടം സെമിത്തേരി ചാപ്പലിലുള്ള അദ്ദേഹത്തിന്റെ കല്ലറ സന്ദർശിക്കുന്നു.



മട്ടൻ റോഗൻ ജോഷ്

ടോണി ജോസഫ് ജോൺ

പാചക ദീപ്തി



സവാള – 2 എണ്ണം ചെറുതായി അരിഞ്ഞത്
ഇഞ്ചി – വെളുത്തുള്ളി പേസ്റ്റ് 2 ടീസ്പൂൺ
തൈര് – ½ കപ്പ്
എണ്ണ – 4 ടേബിൾ സ്പൂൺ
വെള്ളം – ആവശ്യത്തിന്
ഉപ്പ് – ആവശ്യത്തിന്
കാശ്മീരി മുളകുപൊടി – 2 ടീസ്പൂൺ
മല്ലിപ്പൊടി – 2 ടീസ്പൂൺ
ജീരകപ്പൊടി – ½ ടീസ്പൂൺ
പെരുംജീരകപ്പൊടി – 1 ടീസ്പൂൺ
മഞ്ഞൾപ്പൊടി – ¼ ടീസ്പൂൺ
ഗരം മസാല – ½ ടീസ്പൂൺ
കറുവപ്പട്ട – 1 ചെറിയ കഷണം
ഏലക്ക – 3 എണ്ണം
ഗ്രാമ്പൂ – 4 എണ്ണം
ബേ ലീഫ് – 1 എണ്ണം
കായം – ¼ ടീസ്പൂൺ

തയ്യാറാക്കുന്ന വിധം :–

തയ്യാറാക്കുന്ന വിധം

മട്ടൺ നന്നായി കഴുകി വെള്ളം കളയുക. ഇഞ്ചി–വെളുത്തുള്ളി പേസ്റ്റും കുറച്ച് ഉപ്പും ചേർത്ത് 10 –15 മിനിറ്റ് മാറ്റിവയ്ക്കുക. കുക്കറിൽ എണ്ണ ചൂടാക്കി കറുവപ്പട്ട, ഏലക്ക, ഗ്രാമ്പൂ, ബേലീഫ് എന്നിവ ചേർക്കുക. അതിനുശേഷം സവാള ചേർത്ത് ചെറുതായിട്ട് ബ്രൗൺ നിറം ആകുന്നതുവരെ വഴറ്റുക.

ഇഞ്ചി–വെളുത്തുള്ളി പേസ്റ്റ് ചേർത്ത് പച്ചമണം മാറുന്നതുവരെ വഴറ്റുക. മട്ടൺ ചേർത്ത് 5–7 മിനിറ്റ് നന്നായി ഇളക്കി വഴറ്റുക. തീ കുറച്ചിട്ട് മുളകുപൊടി, മല്ലിപ്പൊടി, ജീരകപ്പൊടി, മഞ്ഞൾപ്പൊടി എന്നിവ ചേർത്തിളക്കുക. തൈര് നന്നായി അടിച്ചെടുക്കുക. തൈര് പിരിയാതെ ഇരിക്കാൻ തീ കുറച്ചിട്ടു കുറച്ചുകുറച്ചായി ചേർത്ത് തുടർച്ചയായി ഇളക്കുക. എന്നിട്ട് മസാലയിൽ നിന്ന് എണ്ണ തെളിയുന്നതുവരെ വഴറ്റുക.

ആവശ്യത്തിന് ചൂടുവെള്ളം ചേർത്ത് കുക്കർ അടയ്ക്കുക. മട്ടണിന്റെ കഷണങ്ങളുടെ വലിപ്പം അനുസരിച്ച് ഏകദേശം 5–8 വിസിൽ വേവിക്കുക. മട്ടൺ വെന്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ശേഷം ആവശ്യമെങ്കിൽ കുറച്ചുകൂടി വേവിക്കാം. പെരുംജീരകപ്പൊടിയും ഗരംമസാലയും ചേർത്ത് 5 മിനിറ്റ് ചെറിയ തീയിൽ തിളപ്പിക്കുക. ഗ്രേവി ആവശ്യത്തിന് കുറുകിയാൽ തീ ഓഫ് ചെയ്യാം.



തിരിച്ചറിവിന്റെ വഴിയിൽ



ഡാനിയൽ രാജു

നഗരത്തിന്റെ തിരക്കുകൾക്കിടയിൽ ജീവിച്ചിരുന്ന പതിനെട്ടുകാരനായ അരുൺ, തന്റെ ഭാവിയെക്കുറിച്ച് വലിയ സ്വപ്നങ്ങളുള്ള ഒരു യുവാവായിരുന്നു. എന്നാൽ ആ സ്വപ്നങ്ങൾക്ക് വ്യക്തമായൊരു ദിശയുണ്ടായിരുന്നില്ല. സമൂഹ മാധ്യമങ്ങളിലെ കാഴ്ചകളും സുഹൃത്തുക്കളുടെ അഭിപ്രായങ്ങളും പലപ്പോഴും അവന്റെ തീരുമാനങ്ങളെ സ്വാധീനിച്ചു.

"ജീവിതത്തിൽ വിജയിക്കണമെങ്കിൽ മറ്റുള്ളവരെക്കാൾ മുന്നിലെത്തണം," എന്നായിരുന്നു അവന്റെ വിശ്വാസം. പഠനത്തിലും സൗഹൃദങ്ങളിലും അരുൺ മിടുക്കനായിരുന്നു. പക്ഷേ, മറ്റുള്ളവരുടെ പ്രശംസ നേടാനുള്ള ആഗ്രഹം ക്രമേണ അവന്റെ ജീവിതത്തിലെ പ്രധാന ലക്ഷ്യമായി മാറി. ഒരു ദിവസം, സമൂഹമാധ്യമങ്ങളിൽ പങ്കുവച്ച ഒരു പോസ്റ്റിന് പ്രതീക്ഷിച്ചത്ര പ്രതികരണം ലഭിക്കാതിരുന്നതോടെ അവൻ നിരാശനായി. അന്ന് വൈകുന്നേരം കോളേജിൽ നിന്ന് മടങ്ങുമ്പോൾ റോഡരികിൽ ഒറ്റയ്ക്ക് ഇരിക്കുന്ന ഒരു വയോധികനെ അവൻ കണ്ടു.

അരുൺ അടുത്തെത്തി ചോദിച്ചു: 'അച്ചാ, എന്താണ് ഇവിടെ ഇരിക്കുന്നത്?"

വയോധികൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "മകനെ, വീട്ടിലേക്കുള്ള ബസ് കാത്തിരിക്കുകയാണ്. കുറച്ച് നേരമായി ഇവിടെ ഇരിക്കുന്നു."

അരുൺ അദ്ദേഹത്തെ ബസ് സ്റ്റോപ്പിലേക്ക് എത്തിച്ചു. ബസ് വന്നപ്പോൾ വയോധികൻ അവന്റെ കൈപിടിച്ച് പറഞ്ഞു: "മകനെ, ഇന്ന് നീ എനിക്ക് ചെയ്ത ചെറിയ സഹായം എനിക്ക് വലിയ കാര്യമാണ്. നിന്റെ ജീവിതത്തിൽ നീ എത്ര ഉയരത്തിലെത്തിയാലും, മറ്റൊരാളുടെ ജീവിത ത്തിൽ ഒരു നല്ല മാറ്റം വരുത്താൻ കഴിയുന്ന മനുഷ്യനായിരിക്കുക. അതാണ് യഥാർത്ഥ വിജയം." ആ വാക്കുകൾ അരുണിന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു.

അന്ന് രാത്രി അവൻ തന്റെ ജീവിതത്തെക്കുറിച്ച് ആദ്യമായി ഗൗരവമായി ചിന്തിച്ചു. "ഞാൻ ആരാകണം?" അത് മറ്റുള്ളവർ തീരുമാനിക്കേണ്ട ചോദ്യമല്ലെന്ന് അവന് മനസ്സിലായി. തന്റെ കഴിവുകളും മൂല്യങ്ങളും തിരിച്ചറിഞ്ഞ്, ഉത്തരവാദിത്തത്തോടെ സ്വന്തം ജീവിതം രൂപപ്പെടുത്തേണ്ടത് താനാണെന്ന് അവൻ തിരിച്ചറിഞ്ഞു.

അടുത്ത ദിവസം മുതൽ അരുണിൽ ചെറിയ മാറ്റങ്ങൾ ആരംഭിച്ചു. സമൂഹമാധ്യമങ്ങളിൽ സമയം ചെലവഴിക്കുന്നതിനു പകരം പഠനത്തിനും വായനയ്ക്കും സമയം കണ്ടെത്തി. സുഹൃത്തുക്കളുടെ സമ്മർദ്ദത്തിന് വഴങ്ങാതെ, ശരിയെന്ന് തോന്നുന്ന കാര്യങ്ങളിൽ ഉറച്ചുനിന്നു. കോളേജിലെ സാമൂഹിക സേവന പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു.

കുറച്ച് മാസങ്ങൾക്കുശേഷം കോളേജിൽ ഒരു സാമൂഹിക സേവന പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി സമീപത്തെ ഒരു കോളനിയിലെ കുട്ടികൾക്ക് പഠനസഹായം നൽകാൻ വിദ്യാർത്ഥികൾ മുന്നോട്ടുവന്നു. അരുണും സുഹൃത്തുക്കളും ചേർന്ന് കുട്ടികൾക്കായി പഠനക്ലാസുകളും പുസ്തകശേഖരണവും സംഘടിപ്പിച്ചു.

പരിപാടിയുടെ അവസാന ദിവസം, ഒരു ചെറിയ പെൺകുട്ടി അരുണിനോട് പറഞ്ഞു: "ചേട്ടാ, എനിക്ക് വലുതാകുമ്പോൾ ചേട്ടനെപ്പോലെ മറ്റുള്ളവരെ സഹായിക്കുന്ന ഒരാളാകണം."

അരുൺ നിശ്ശബ്ദനായി പുഞ്ചിരിച്ചു. അവന് അന്ന് മനസ്സിലായി നമ്മുടെ ജീവിതത്തിന്റെ മൂല്യം നമുക്ക് ലഭിക്കുന്ന പ്രശംസകളിലല്ല; നമ്മുടെ സാന്നിധ്യം മറ്റൊരാളുടെ ജീവിതത്തിൽ സൃഷ്ടിക്കുന്ന നല്ല മാറ്റത്തിലാണ്.


അരുൺ തന്റെ ഡയറിയിൽ അന്ന് ഒരു വാചകം കുറിച്ചു: 'എന്റെ ഭാവി ഞാൻ മാത്രം നേടേണ്ട ഒന്നല്ല; എന്റെ ജീവിതത്തിലൂടെ മറ്റുള്ളവർക്കും പ്രതീക്ഷ ലഭിക്കണം."

ആ വാക്കുകളോടെ അവന്റെ ജീവിതത്തിലെ ഒരു പുതിയ അധ്യായം ആരംഭിച്ചു.

അഴികൾക്കുള്ളിലും അണയാത്ത പ്രത്യാശ



സിബി ജോയ്



"ഞാൻ കാരാഗൃഹത്തിലായിരുന്നപ്പോൾ നിങ്ങൾ എന്റെയടുത്തു വന്നു" (മത്താ. 25:36) എന്ന തിരുവചന ഭാഗത്തിന് ജീവിത സാക്ഷ്യം നൽകുന്ന കാരുണ്യ ശുശ്രൂഷയാണ് തടവറ പ്രേഷിത പ്രവർത്തനം അഥവാ ജയിൽ മിനിസ്ട്രി. കുറ്റത്തിന്റെ സ്വഭാവത്തെ ന്യായീകരിക്കുക യല്ല; മറിച്ച് പ്രത്യേക സാഹചര്യത്താൽ കുറ്റം ചെയ്തുപോയ ഒരുവന്റെ ഉള്ളിലെ നന്മയെ കണ്ടെത്താനും അവന്റെ ജീവിതത്തിൽ ഒരു പുതിയ തുടക്കത്തിന്റെ വാതിൽ തുറക്കാനും ശ്രമിക്കുകയാണിവർ.

സമൂഹത്തിന്റെ കണ്ണിൽ കുറ്റവാളിയെന്ന മുദ്ര പതിഞ്ഞ ഒരാളുടെ ഉള്ളിലും സ്നേഹിക്കപ്പെടാനും കേൾക്കപ്പെടാനും തിരുത്തപ്പെടാനും പുതുവെളിച്ചത്തിലേക്ക് മടങ്ങിവരാനും ആഗ്രഹ മുണ്ട്. കത്തോലിക്ക സഭയുടെ തടവറ പ്രേഷിത പ്രവർത്തനം കൈനീട്ടുന്നത് അത്തരം മനുഷ്യരിലേക്കാണ്. അവന്റെ സ്വപ്നങ്ങളെ യും പ്രതീക്ഷകളെയും മനുഷ്യ നെന്ന അവകാശത്തെയും തടവി ലാക്കാൻ ഒരു മതിലിനും കഴിയില്ല എന്ന സന്ദേശമാണ് പ്രിസൺ മിനിസ്ട്രിയിലൂടെ നൽകുന്നത്.

നിന്നെ കേൾക്കാൻ ഒരാളുണ്ട്

തടവുകാരെ സന്ദർശിക്കുക എന്നത് ഒരു സാധാരണ കാര്യമല്ല. അഴികൾക്കുള്ളിലേക്ക് മാത്രമല്ല, മനുഷ്യന്റെ ഹൃദയത്തിലേക്ക് എത്തിച്ചേരുകയാണ് അതിന്റെ ലക്ഷ്യം. ഏകാന്തതയിൽ കഴിയുന്ന ഒരാളോട് "നീ ഒറ്റയ്ക്കല്ല" എന്ന് പറയലാണിത്. നിരാശയിൽ കഴിയുന്ന ഒരാളോട് "നിന്റെ ജീവിതം ഇവിടെ അവസാനിക്കുന്നില്ല" എന്ന് ഓർമ്മിപ്പിക്കലാണ്. കുറ്റ ബോധത്തിൽ തളർന്ന ഒരാളോട് ക്ഷമയുടെയും മാനസാന്തരത്തിന്റെയും വഴിയുണ്ടെന്ന് കാണിച്ചു കൊടുക്കലാണ് ജയിൽ മിനിസ്ട്രിയുടെ യഥാർത്ഥ ദൗത്യം. അവനെ കേൾക്കാനായി ഒരാളുണ്ട് എന്ന പ്രതീക്ഷ നൽകുന്നത് ചെറിയ ആശ്വാസമല്ല.

തടവറകളിൽ ക്രിസ്തുവിന്റെ സാന്നിധ്യം

വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെയും സഹായമെത്രാൻ ആന്റണി വാലുങ്കൽ പിതാവിന്റെയും പ്രത്യേക നിർദ്ദേശങ്ങളും പ്രോത്സാഹനവും ഉൾക്കൊണ്ടു കൊണ്ട് തന്നെ തടവറപ്രേഷിത പ്രവർത്തനങ്ങളിലൂടെ അതിരൂപതയിൽ സജീവമായി ക്രമീകരിക്കപ്പെടുന്നുണ്ട്. അതിരൂപത ഡയറക്ടർ

ഫാ. ജിനോ ജോർജ് കടുങ്ങാംപറമ്പിലിന്റെ നേതൃത്വത്തിൽ നിരവധി വൈദികരും സന്ന്യസ്തരും അല്മായ സഹോദരങ്ങളും ഈ പ്രേക്ഷിത ദൗത്യത്തിൽ സജീവമായി പങ്കാളികളാവുന്നുണ്ട്. വിവിധ ജയിലുകളിലും ബോസ്റ്റൺ സ്കൂളിലും നടത്തുന്ന സന്ദർശനങ്ങൾ, പ്രാർത്ഥനകൾ, കൗൺസലിംഗ്, വിനോദ പരിപാടികൾ, മറ്റ് ശുശ്രൂഷകൾ തുടങ്ങിയവ പ്രിസൺ മിനിസ്ട്രി പ്രവർത്തനങ്ങളുടെ ഭാഗമാണ്. ക്രിസ്മസ്, വിശുദ്ധവാരം പോലെയുള്ള വിശേഷാവസരങ്ങളിലൊക്കെ വിവിധ ജയിലുകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയുമൊക്കെ നേതൃത്വത്തിൻ ദിവ്യബലി അർപ്പിക്കാറുണ്ട്. വിശ്വാസപരിശീലനം പോലെതന്നെ ആത്മീയമായി പരിശീലിക്കേണ്ട ഒരു കാരുണ്യ പ്രവൃത്തിതന്നെയാണ് തടവറ പ്രേക്ഷിതത്വവും.

2024 ആഗസ്റ്റ് 13 ന് വരാപ്പുഴ അതിരൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ തടവറ പ്രേക്ഷിതരുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ മാക്സ്മില്യൻ കോൾബെയുടെ തിരുനാൾ ദിനത്തിൽ കേൾബെ ഡേ സംഘടിപ്പിച്ചിരുന്നു. ആഘോഷത്തിന്റെ ഭാഗമായി തടവറ പ്രേക്ഷിത പ്രവർത്തനങ്ങളിൽ 25 വർഷം പൂർത്തിയാക്കിയ ആറ് പേരെ വരാപ്പുഴ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സ്നേഹോപഹാരം നൽകി ആദരിക്കുകയും ചെയ്തു. സഹതടവുകാരന് വേണ്ടി സ്വന്തം ജീവൻ ത്യജിച്ച വി. മാക്സ്മില്യൻ കോൾബെ 1932 ജൂൺ 26, 27 തിയതികളിൽ താമസിച്ച വരാപ്പുഴ അതിമെത്രാസന മന്ദിരത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചത് എന്നത് ഒരു അനുഗൃഹീതമായ കാര്യമാണ്. 2025 ആഗസ്റ്റ് 14 ന് എറണാകുളം സോണിന്റെ നേതൃത്വത്തിൽ വി. മാക്സ്മില്യൻ കോൾബെ ദിവ്യബലിയർപ്പിച്ച കളമശേരി സെന്റ് ജോൺ ദ ഗോഡ് (തോട്ടംപള്ളി) പള്ളിയിലായിരുന്നു കോൾബെ



ഫാ. ജിനോ ജോർജ് കടുങ്ങാംപറമ്പിൽ

ഡേ ആഘോഷങ്ങൾ സംഘടിപ്പിച്ചത്. റിബിബിയ എന്നായിരുന്നു പരിപാടിയുടെ പേര്. കാലം ചെയ്ത ഫ്രാൻസിസ് പാപ്പ 2025-ൽ പ്രത്യാശയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തത് ഇറ്റലിയിലെ ഈ ജയിലിന്റെ വാതിലുകൾ തുറന്നുകൊണ്ടായിരുന്നു. അതിന്റെ ഓർമ്മക്കായിട്ടാണ് ഈ പരിപാടിക്ക് പേര് നൽകിയത്.

ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ഓണാഘോഷങ്ങളുടെ ഭാഗമായി കാക്കനാട് അത്താണി സെന്റ് ആന്റണീസ് ഇടവകയിലെ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ കാക്കനാട് ബോസ്റ്റൺ സ്കൂളിൽ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചിരുന്നു.

മോനിക്ക പ്രയർ ബങ്ക്

പ്രാർഥനയാൽ തടവറക്കാരെ സൗഖ്യപ്പെടുത്തുക എന്ന ലക്ഷ്യം മുറുകെ പിടിച്ചുകൊണ്ട് വരാപ്പുഴ അതിരൂപത ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ 2026-ലെ കർമപരിപാടിയുടെ ഭാഗമായി ആരംഭിച്ച ആത്മീയ സംരംഭമാണ് മോനിക്ക പ്രയർ ബങ്ക്. തേവര സെന്റ് ജോസഫ് ദേവാലയത്തിലാണ് രൂപതകളിൽ തന്നെ ആദ്യമായി ഇത്തരമൊരു ആത്മീയ സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്. സെന്റ് മോനിക്ക പ്രയർ മിഷന്റെ ഭാഗമാകുന്നവർ തടവറയിൽ കഴിയുന്നവർക്ക് വേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്യുന്നു. വ്യക്തിപരമായും കുടുംബമായും ചൊല്ലുന്ന ജപമാലയുടെ അഞ്ചാമത്തെ രഹസ്യം തടവറയിലുള്ളവർക്കായി സമർപ്പിക്കുന്നു. ദിനപത്രങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരുടെ വാർത്തകൾ കാണുമ്പോൾ അവരുടെ മാനസാന്തരത്തിനുവേണ്ടി ഇവർ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഓരോ കുടുംബവും എല്ലാ മാസവും 27-ാം തീയതി ഈ പ്രാർത്ഥനാ സമാഹാരം അടങ്ങുന്ന ബോക്സുകൾ അടുത്ത കുടുംബത്തിന് കൈമാറുന്നു. അങ്ങനെ ഈ കൂട്ടായ്മയിലെ എല്ലാ കുടുംബങ്ങളും പ്രേക്ഷിത ദൗത്യത്തിൽ പങ്കുകാരാകുന്നു.

സ്നേഹത്തിന്റെ വാതിൽ തുറക്കാം

തടവറയുടെ ഇരുമ്പഴികൾക്കുള്ളിൽ കഴിയുന്നവർ സമൂഹത്തിൽനിന്ന് അകന്നുപോയവരായിരിക്കാം; എന്നാൽ ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ഒരിക്കലും അകന്നുപോകുന്നവരല്ല. കുറ്റം ചെയ്ത മനുഷ്യനെ കുറ്റത്തിന്റെ പേരിൽ മാത്രം കാണാതെ, തിരുത്തപ്പെടാനും പുതുജീവിതത്തിലേക്ക് മടങ്ങിവരാനും കഴിയുന്ന ഒരു വ്യക്തിയായി കാണുക എന്നതാണ് ക്രിസ്തീയ ദർശനം. പ്രതീക്ഷ നഷ്ടപ്പെട്ട ഹൃദയങ്ങളിലേക്ക് സ്നേഹവും കരുണയും പ്രത്യാശയും എത്തിക്കലാണ് ഈ പ്രേക്ഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യം. ഒരു പ്രാർത്ഥന, ഒരു ആശ്വാസവാക്ക്, ഒരു സ്നേഹ സ്പർശം, ഇതൊക്കെ ഒരാളുടെ ജീവിതത്തിൽ വലിയൊരു മാറ്റത്തിന്റെ തുടക്കമാകാം. അതിനാൽ തടവറ പ്രേഷിത പ്രവർത്തനം ചില വ്യക്തികളുടെ മാത്രം ദൗത്യമല്ല, തള്ളിക്കളയപ്പെട്ടവരെയും മുറിവേറ്റവരെയും തിരികെ ചേർത്തുപിടിക്കാനുള്ള സഭയുടെ സുവിശേഷ ദൗത്യമാണ്.

കാർമ്മൽഗിരി സെമിനാരി 71 വർഷത്തിന്റെ പ്രഭയിൽ



ജോസഫ് മാനിഷാദ് മട്ടയ്ക്കൽ കൊങ്ങോർപ്പിള്ളി



കേരളത്തിലെ റോമൻസഭയുടെ വൈദിക പരിശീലനവേദിയായ ആലുവ കാർമ്മൽഗിരി സെമിനാരി സ്ഥാപിതമായിട്ട് 2026 നവംബർ 24-ന് 71 വർഷം തികയുന്നു. ഇന്ത്യയുടെ അപ്പോസ്തലിക് ഇന്റർ നുൻഷ്യോ ആയിരുന്ന മോസ്റ്റ് റവ. ഡോ. മാർട്ടിൻ ലൂക്കോസ് പിതാവായിരുന്നു ഈ സെമിനാരി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തത്.

പോയ കാലങ്ങളിലൂടെ

1673-ൽ സ്ഥാപിതമായ വരാപ്പുഴ ദേവാലയത്തോട് ചേർന്ന് 1682-ൽ കർമ്മലീത്തർ സ്ഥാപിച്ച ചെറിയ സെമിനാരിയിൽ, ഉദയംപേരൂർ സൂനഹദോസിനാൽ കത്തോലിക്കരായി മാറിയ സുറിയാനി ക്രിസ്താനികൾക്ക് പ്രവേശനം നൽകിയിരുന്നു. 8 പേരോടെ സമാരംഭിക്കപ്പെട്ട ഈ സെമിനാരി 1685-ൽ 20 പേരായപ്പോഴേക്കും സാമ്പത്തിക പരാധീനതയും സ്ഥലപരിമിതിമൂലം നിറുത്തലാക്കി. പിന്നീട് 70 വർഷങ്ങൾക്കുശേഷമാണ് 1766-ൽ വരാപ്പുഴയിൽ സെമിനാരി തുറന്നത്. അവിടെ 1767-ൽ പുതിയ സെമിനാരി പണി തുടങ്ങുകയും 1774-ൽ പൂർത്തിയാവുകയും ചെയ്തു. 'മങ്ങാട് എന്നറിയപ്പെട്ടിരുന്ന ആലങ്ങാട് ദേശത്തെ ദേവാലയത്തിനടുത്തായി സുറിയാനിക്കാർക്ക് മാത്രമായി 1768 കാലത്ത് സ്ഥാപിതമായ സെമിനാരി പ്രവർത്തനം തുടങ്ങിയെങ്കിലും 1774-ൽ അവരെ വരാപ്പുഴയിലേക്ക് തിരികെ കൊണ്ടുവന്നു. 6 റോമൻ സഭാംഗങ്ങളും 10 സുറിയാനി സഭാംഗങ്ങളും വീതം പഠനം ആരംഭിച്ച ഈ സെമിനാരി ടിപ്പു സുൽത്താന്റെ ആക്രമണകാലത്ത് വീണ്ടും പൂട്ടിയിടേണ്ടി വന്നു.

ടിപ്പു ബ്രിട്ടീഷുകാരാൽ പരാജയപ്പെട്ടതോടെ വീണ്ടും തുറന്ന സെമിനാരിയിൽ 1807-ൽ 30-ഉം, 1816-ൽ 40-ഉം വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്നു. ക്രിസ്ത്യാനികളുടെ വർദ്ധിച്ച എണ്ണത്തിനനുസരിച്ചും ശീശ്മകളെ ചെറുക്കാനും വൈദികരുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് ബച്ചിനെല്ലി പിതാവിന് ബോധ്യമായി. പുത്തൻപള്ളിയിൽ പണിതുകൊണ്ടിരുന്ന മഠം അദ്ദേഹം സെമിനാരിയാക്കി മാറ്റി.

1866 ആഗസ്റ്റ് 15-ന് ഫാ. മർസലിനോസ് ആസാൻക്താ ത്രേസ്യായുടെ ചുമതലയിൽ പുത്തൻപള്ളിയിൽ വിപുലമായ സൗകര്യങ്ങളോടെ ഈ സെമിനാരി ആരംഭിച്ചു. മൂന്ന് ലത്തീൻകാരും മാന്നാനം സെമിനാരിയിൽ നിന്നുമെത്തിയ 6 സുറിയാനിക്കാരുമായിരുന്നു പ്രഥമ വൈദികവിദ്യാർത്ഥികൾ. പിന്നീട് ഇവിടെയും സ്ഥലപരിമിതി തടസ്സമായി. തത്ത്വശാസ്ത്രം പഠിക്കുന്നതിനായി ഇവിടത്തെ വിദ്യാർത്ഥികൾക്കായി മഞ്ഞുമ്മലിൽ ഒരു മന്ദിരം തുറക്കുകയുണ്ടായി.

1889 മാർച്ചിൽ പ്രൊപ്പഗാന്തയുടെ കീഴിലുള്ള ഇന്റർറിചൽ സെമിനാരിയായി തീരുമാനിക്കപ്പെട്ട ഇത് പിന്നീട് ആലുവയിലേക്ക് മാറ്റിയപ്പോൾ ഏഷ്യയിലെ ഏറ്റവും വലിയ സെമിനാരിയായി തീർന്നു. 66

വർഷത്തെ സേവനപാരമ്പര്യത്തിൽനിന്നും 1932-ൽ പുത്തൻപള്ളിയിലെ ഈ സെമിനാരി മംഗലപ്പുഴ കുന്നിലേക്ക് മാറ്റപ്പെട്ടു. കർമ്മലീത്താ വൈദികരുടെ കഠിനാധ്വാനത്താൽ രൂപം കൊണ്ട ഈ സെമിനാരിയിലെ തത്ത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി 1955 നവംബർ 24-ന് ഒന്നരക്കിലോ മീറ്റർ വടക്ക് മാറി പെരിയാറിന്റെ തീരത്തുതന്നെ വെറും 500 ദിവസം കൊണ്ട് സ്ഥാപിതമായ കാർമ്മൽഗിരി സെമിനാരി, റീത്തു വിഭജനത്തോടെ റോമൻസഭയുടെ വൈദിക പരിശീലനകളരിയായി മാറി.

റെക്ടർമാർ

1774 മുതൽ 1866 വരെ വരാപ്പുഴ സെമിനാരിയുടെ റെക്ടർമാരായി 14 പേർ സേവനം ചെയ്തു. പുത്തൻപള്ളിയിൽ ഇറ്റലിക്കാരായ ഫാ മർസലിൻ (1866-1877), ഫാ. കാമില്ലസ് (1877-1879), ഫാ. എലിസേവൂസ് (1878-1880), ഫാ. പോളിക്കാർപ്പ് (1880-81), ഫാ. ഫിലിപ്പ് (1881-84), ഫാ. ബോനിഫസ് (1884-1912), ഫാ. ജോൺ ജോസഫ് (സ്പാനിഷ് കർമ്മലീത്ത വൈദികൻ 1912-1932) എന്നിവർ സ്തുത്യർഹമായ സേവനം ചെയ്തതിനാലാണ് ഇന്ന് കേരളസഭയിൽ ശുശ്രൂഷയർപ്പിക്കാൻ തദ്ദേശീയ പുരോഹിതരെ ലഭ്യമായത്.

1932-ൽ മംഗലപ്പുഴയിലേക്ക് മാറ്റപ്പെട്ടപ്പോൾ ഈ സ്പാനിഷ് വൈദികർ തന്നെയായിരുന്നു 1944 വരെ റെക്ടറായി സേവനം തുടർന്നത്. 1944 മുതൽ 1956 വരെ ഫാ. ഔറേലിയനും 1956-67 കാലത്ത് ഫാ. മൈക്കിൾ എയ്ഞ്ചലും, 1967-76 കാലത്ത് ഫാ. ഡൊമിനിക് ഫെർണാണ്ടസും റെക്ടർമാരായി സേവനം ചെയ്തു. ഇക്കാലത്ത് വിദേശ മിഷനറിമാരിൽനിന്നും സെമിനാരിയുടെ ചുമതല കേരളസഭ ഏറ്റെടുത്തു.

കരിങ്കല്ലിൽ കവിത രചിച്ച ഫാ. വിക്ടർ സാൻ മിഗേൽ

വിദേശമിഷനറിമാരുടെ വിയർപ്പുവീണ മംഗലപ്പുഴ സെമിനാരിയുടെയും കാർമ്മൽഗിരി സെമിനാരിയുടെയും വടവാതൂർ സെമിനാരിയുടെയും ചരിത്രത്താളുകളിൽ മങ്ങാതെ, മായാതെ നിലനില്ക്കേണ്ട ചില പേരുകളുണ്ട്. ആരും ഒരിക്കലും മറക്കരുതാത്ത ഒരു പേരാണ് കരിങ്കല്ലിൽ വിസ്മയം തീർത്ത ഫാ. വിക്ടർ സാൻ മിഗേലിന്റെത്. മംഗലപ്പുഴ സെമിനാരിക്കും അവിടെ, കരിങ്കല്ലിൽ തന്നെ ഗോത്തിക് വാസ്തുശില്പകലാചൈതന്യം വിളിച്ചോതുന്ന ചാപ്പലിനും ശേഷം, കാർമ്മൽഗിരിയിലും കോട്ടയത്തെ വടവാതൂരിലും സെമിനാരി പണിത ഈ മഹാമിഷനറിയുടെ പേര് ഈ മൂന്ന് സെമിനാരികളുടെയും ചരിത്രരചനകളിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ മൂന്ന് സെമിനാരികൾക്കുമായി അന്ന് ചെലവായതുക എത്രയായിരിക്കുമെന്ന് ഇന്ന് അവ കാണുന്ന ആരെങ്കിലും ഓർത്തിരുന്നുവെങ്കിൽ! മൂന്ന് വർഷമെടുത്ത് പണി പൂർത്തിയായ മംഗലപ്പുഴ സെമിനാരി ചാപ്പലിനു മാത്രം അദ്ദേഹം ചെലവഴിച്ചത് അന്നത്തെ ആറ് ലക്ഷം രൂപ. ഇന്നതിന് കുറഞ്ഞത് 25 കോടിയെങ്കിലും വരും. അതും അദ്ദേഹം സ്വയം കണ്ടെത്തിയത്.



'മംഗലക്കുന്ന്' എന്നർത്ഥമുള്ള മോന്തെ ഫോർമേസ കുന്നിനെ ഇന്നു കാണുന്ന മംഗലപ്പുഴയാക്കി, തോടാലിക്കുന്ന് എന്ന മറ്റൊരു കുന്നിനെ കാർമ്മൽഗിരിയായി രൂപാന്തരപ്പെടുത്തി കരിങ്കല്ലിൽ കവിത വിരിയിച്ച ഫാ. വിക്ടർ സാൻ മിഗേലിനെ ആദരപൂർവ്വം നമിക്കുന്നു.

അദ്ദേഹത്തിന്റെ ബുദ്ധിയും ത്യാഗവും അർപ്പണവും സമന്വയിച്ച ഈ മൂന്നു സെമിനാരികളുടെയും നിർമ്മാണകഥ ലോകം മുഴുവനും അറിയേണ്ടതുണ്ട്. കോട്ടയം വടവാതൂരിലെ 18 ഏക്കർ ഭൂമി സ്വന്തം പേരിൽ വാങ്ങിച്ച് സെമിനാരി നിർമ്മാണം പൂർത്തിയാക്കിയത് ഫാ. വിക്ടർ സാൻ മിഗേലാണ്. എങ്ങനെ അദ്ദേഹം ഈ മൂന്നു സെമിനാരികളും പണിതു എന്ന ചരിത്രവിസ്മയം വൈദികാർത്ഥികൾക്ക് പകർന്നുനല്കിയാൽ അത് അദ്ദേഹത്തോടും കർമ്മലീത്താസഭയോടും മാത്രമല്ല, ഈ സെമിനാരികൾ സാധ്യമാകുവാൻ യത്നിച്ച സകലരോടുമുള്ള ആദരവായി മാറും.



ചിന്താജാലകം

കാലചക്രം തിരിയുമ്പോൾ



ഫാ. ബോബി ജോസ് കട്ടിക്കാട്ട്

'ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്കണമേ! ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണ്ണമാകട്ടെ.' (സങ്കീർത്തനം 90:12)

ജീവിതം ഹ്രസ്വമാണെന്നുമുള്ള അറിവ് ആർക്കാണില്ലാത്തത്. എന്നിട്ടും അതു ബോധത്തെയോ ഹൃദയത്തെയോ ആഴമായി സ്നാനപ്പെടുത്തുന്നില്ല. പഴയ മണൽ ഘടികാരത്തിലെന്നതുപോലെ കാലം വിരലുകൾക്കിടയിലൂടെ ചോർന്നുകൊണ്ടിരിക്കുന്നു.

പറഞ്ഞുവരുമ്പോൾ മുപ്പതിനായിരം ദിവസങ്ങളുടെ കേസുകെട്ടാണ് ജീവിതം. എൺപതിനെ 365 കൊണ്ട് ഗുണിക്കുമ്പോൾ അത്രയും പോലും വരുന്നില്ല; പുലർവെട്ടം ബോണസായി എണ്ണിയാൽ മതി. പിശുക്കന്റെ പൊൻനാണയം പോലെ സൂക്ഷിച്ചും ശ്രദ്ധിച്ചും വിനിമയം ചെയ്യപ്പെടേണ്ട നേരമാണ് ഓരോരോ കൗതുകങ്ങളിൽ പൊങ്ങുതടി പോലെ ഒഴുകി ആഴിയിലേക്ക് കുതിക്കുന്നത്.

കാലം ചെറുതാണെന്ന ബോധം ഓരോന്നിനേയും അപാരതയുടെ പൊൻവെളിച്ചത്തിലും സ്നേഹത്തിന്റെ ഏകാഗ്രതയിലും കാണുവാൻ നിങ്ങളെ സഹായിക്കും. മകളുടെ മരംകയറ്റത്തിനെ ക്കുറിച്ച് പരാതി പറയുന്ന അമ്മ അറിയുന്നുണ്ടോ വളരെ കുറച്ചു കാലത്തെ അവളുടെ കാവൽക്കാരി മാത്രമാണ് താനെന്ന്. ഈ പരാതിക്കെട്ടുകളൊക്കെ പരിഹരിച്ചുകഴിയുമ്പോഴേക്കും നമ്മൾ വൃദ്ധരായിട്ടുണ്ടാവും എന്ന് ആ ചെറിയ ദമ്പതികൾക്ക് വീണ്ടുവിചാരമുണ്ടായാൽ എത്ര ഹർഷത്തോടെ അവർ ഗാഢാലിംഗനം ചെയ്തേനെ. വീടിന്റെ കുഴമ്പുമണമുള്ള ഇരുട്ടുമുറിയിൽ അവരൊക്കെ ഇനി എത്ര കാലം കൂടെയുണ്ടാവും? ഏറ്റവും കുറുമ്പനായ കുട്ടി പോലും പരമാവധി ഒരു ഗർഭകാലമാണ് നിങ്ങളുടെ ക്ലാസ് റൂമിൽ ഇരിക്കാൻ പോകുന്നത്. ഈ ചെറിയ കാലത്തിനു ശേഷം നമ്മളിലൊരാൾ വേഗത്തിൽ പോകുമ്പോൾ ഏറ്റവും ഹൃദ്യമായ ഓർമ്മ അവർക്കും നമുക്കും കൂട്ടായിട്ടുണ്ടാവുമോ?

ആദിമ ക്രൈസ്തവസമൂഹം വളരെ ഏകാഗ്രവും തീക്ഷ്ണവുമായി അവരുടെ ആന്തരിക ജീവിതം ജീവിച്ചു തീർത്തതിന് കാരണം അവരുടെ കാലത്തിൽത്തന്നെ അവർ അഭിമുഖീകരിക്കാൻ പോകുന്ന അവന്റെ രണ്ടാംവരവിനെക്കുറിച്ചുള്ള ധൈര്യമായിരുന്നു. സഭയുടെ ചരിത്രത്തിൽ പിന്നീട് ഫലിതമായി മാറിയ അവന്റെ രണ്ടാംവരവിന്റെ കണിശത, അത്തരം മനുഷ്യരെ തുളസികതിർ പോലെ നിർമ്മലരാക്കിയിരുന്നു എന്നത് നാം കാണാതെ പോകരുത്. യൂയോമയ സഭയിൽ സംഭവിച്ചത് ഓർക്കൂ. എത്ര കൃത്യതയോടു കൂടിയാണ് റവ. യൂസ്തുസ് യോസെഫ് (1835-1887) കർത്താവിന്റെ രണ്ടാംവരവിന്റെ തീയതി കുറിച്ചത്. അക്ഷരാർത്ഥത്തിൽ അതങ്ങനെ സംഭവിച്ചില്ലെങ്കിൽത്തന്നെ എന്ത്? ആലങ്കാരികതയിലും ധ്യാനധ്വനികളിലും അതിനോളം ശുദ്ധീകരിക്കുന്ന ഒരു വിചാരമില്ല. അതുകൊണ്ടാവാണം അംഗസംഖ്യയിൽ ഇന്ന് വളരെ കുറവുള്ള യൂയോമയ സമൂഹം നിഷ്കളങ്കത യുടേയും ലാളിത്യത്തിന്റേയും മറുപദമായി ഈ കാലത്തിന്റെയും പുളിമാവായി നിലനിൽക്കുന്നത്. മാരാനാത്ത എന്ന ആ അരമായിക് പ്രാർത്ഥനയുടെ അർത്ഥം - അതിലാണ് വേദപുസ്തകം അവസാനിക്കുന്നത് - നീ വേഗം വരണമേ എന്നാണ്. വേഗം വരാനുള്ള ഒരാൾക്കു വേണ്ടി അർപ്പിക്കുമ്പോൾ അലസനിമിഷങ്ങളുടെ ആഢംബരം ഇനി അനുവദനീയമല്ല.

ആരിലും ഏതിലുമാണ് നിങ്ങളുടെ സമയം നിക്ഷേപിച്ചിരിക്കുന്നത് എന്നതാണ് ജീവിതത്തിന്റെ മെരിറ്റിനെ നിർണയിക്കുന്ന ഘടകം. ഓരോരുത്തരേയും അഭിമുഖീകരിക്കുമ്പോൾ മനസ്സിനോടു പറയണം, ഞങ്ങളിനി ഒരിക്കലും കാണാൻ പോകുന്നില്ല. മിക്കവാറും പള്ളികളുടെ സങ്കീർത്തിയിൽ ഒരു ചെറിയ കുറിപ്പ് പതിപ്പിച്ചിട്ടുണ്ട്- ഈ കുർബാന നിങ്ങളുടെ ആദ്യത്തേതും അവസാനത്തേതു മെന്ന ബോധത്തിൽ അർപ്പിക്കുക.

'കൊഴിഞ്ഞു വീണ ചെറിപ്പൂക്കളുടെ ഇതളുകൾ പോലും പറയുന്നതിതാണ് വേഗം വേഗം...' (കൊബയാഷി ഇസ്സു).

ദീപ്തി കൂട്ടം

Integrity + Love + Charity
Mother Theresa





ആന്റണി പാസ്ക്കൽ

സിനിമയിലെ ഡയലോഗ് പോലെ ജീവിതംകൊണ്ട് നമ്മെ 'കൊതിപ്പിച്ചു കടന്നു കളയുന്ന' ചില മനുഷ്യരുണ്ട്. അവരുടെ Priorities ലോകത്തിന് വിപരീതമാണ്, Focus തന്നെ വേറെയാണ്. ധൈര്യം മാത്രം പോരാ ഉറച്ച ബോദ്ധ്യവും കാഴ്ചപ്പാടും വിശ്വാസവും വേണം ഇങ്ങനെ ലോകത്തെ തന്നെ challenge ചെയ്ത് ജീവിക്കാൻ. ഫ്രാൻസിസ് പാപ്പാ കൽക്കത്തയിലെ മദർ തെരേസയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിന്റെ പത്താം വാർഷികം സെപ്റ്റംബർ അഞ്ചാം തീയതി ആഘോഷിക്കുമ്പോൾ വിശുദ്ധ മദർ തെരേസയുടെ life equation എന്തായിരുന്നു എന്ന് കണ്ടു വരാം.

Integrity

1985 ഒക്ടോബർ 26ന് ന്യൂയോർക്കിൽ വച്ച് നടന്ന ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിൽ UN Secretary General Javier PWprez de CuWpllar മദർ തെരേസയെ അഭിസംബോധന ചെയ്തത് "the most powerful woman in the world" എന്നാണ്. അത് money power AÃ, muscle power അല്ല, political power അല്ല. അത് ആധികാരികമായ, സത്യസന്ധമായ ജീവിതത്തിലൂടെ മദർ നേടിയെടുത്ത ധാർമിക ശക്തിയാണ്. നമ്മുടെ ബോധ്യങ്ങളോട് നീതിപുലർത്തി സത്യസന്ധമായി ജീവിക്കുമ്പോൾ മറ്റുള്ളവരുടെ മുൻപിൽ മുട്ടുമടക്കാതെ തല ഉയർത്തി നിൽക്കാൻ പാകത്തിന് നമ്മുടെ ജീവിതത്തിന് ആധികാരികത ലഭിക്കുന്നു. ഈ moral power ലോകത്തിലെ മറ്റേത് അധികാരത്തേക്കാളും ശക്തിയുള്ളതാണ് എന്ന് മദർ തെളിയിക്കുന്നു.

Love

സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആയിട്ടുള്ള ഒരു concept ആണ് self love. Solo Trips, Self Care routine videos, Solo dates അങ്ങനെ പോകുന്നു ആശയങ്ങൾ. നമ്മെ തന്നെ കുറച്ചുകൂടി മനസ്സിലാക്കാനും നമ്മെത്തന്നെ ശ്രദ്ധിക്കാനും ഫോക്കസ് ചെയ്യാനും ജീവിതത്തിൽ തന്നെ ഒരു ക്രമം കൊണ്ടുവരാനും തീർച്ചയായും ഇവ നല്ലതുതന്നെ. എന്നാൽ "self love" "selfish love" ആയി മാറാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം.

എനിക്ക് ഞാൻ മാത്രം മതി, ഞാൻ എന്റെ ജീവിതം ആസ്വദിക്കുന്നു എന്ന രീതിയിൽ നമ്മി ലേക്ക് മാത്രം ചുരുങ്ങി പോവാതെ നോക്കണം. മറ്റുള്ളവരെ കൂടി നമ്മുടെ തന്നെ ഭാഗമായി കാണാനുള്ള ക്ഷണമാണ് മദർതെരേസ നൽകുന്നത്. ഡൽഹിയിലെ ജന്തർമന്തറിലെ യുവജന കൂട്ടായ്മ ഇതിന് വലിയ ഉദാഹരണമാണ്. ഉത്തരവാദിത്തപ്പെട്ടവരുടെ കെടുകാര്യസ്ഥതയിൽ ജീവിതം തന്നെ മടുത്ത് ആത്മഹത്യ ചെയ്തവർ എന്റെ കൂടപ്പിറപ്പ് തന്നെയാണ് എന്ന് തിരിച്ചറിവ്, മതവെറി പൂണ്ട് മനുഷ്യത്വം മറന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വീടുകളും ആരാധനാലയങ്ങളും

തല്ലി തകർക്കപ്പെട്ടപ്പോൾ മുറിവേറ്റത് എന്റെ പ്രിയപ്പെട്ടവർക്ക് തന്നെയാണെന്ന് ബോധ്യം. ആഴ്ചകളോ മാസങ്ങളോ അല്ല, വർഷങ്ങളായി മിസൈലുകളുടെയും സൈറനുകളുടെയും അപായ സ്വരം കേട്ട് കേട്ട് മനസ്സും മനസ്സാക്ഷിയും മരവിച്ച് മരണത്തിന് തന്റെ ഊഴം കാത്ത് ചത്തു ജീവിക്കുന്ന ഉക്രൈനിലെയും ഗാസയിലെയും മനുഷ്യരിൽ ഞാൻ കാണുന്നത് എന്നെ തന്നെയാണ്. He/ She is my own extended Self.

Charity

"Give until it pains". സമൃദ്ധിയിൽ നിന്നല്ല ദാരിദ്ര്യത്തിൽ നിന്നും കൊടുക്കാൻ കഴിയണം. അത് സമ്പത്താകാം സമയമാകാം സാന്നിധ്യമാകാം പ്രാർത്ഥനയാകാം. നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഓരോ വ്യക്തിയും വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ഒപ്പം പഠിക്കുന്ന ക്ലാസ്മേറ്റ് സിനെ കുറെകൂടി അടുത്തറിയാനും അവരുടെ വിഷമങ്ങൾ മനസ്സിലാക്കാനും പഠനത്തിൽ സഹായിക്കാനും നമുക്ക് കടമയുണ്ട്. രണ്ടു ചോദ്യങ്ങൾ ഇടയ്ക്ക് നമ്മോട് തന്നെ ചോദിക്കണം Am I happy? Are the people around me happy? മദർ തെരേസ ചെയ്തതും ഇത് തന്നെ.

1. അധികാരത്തെക്കാൾ ആധികാരികയ്ക്ക് പ്രാധാന്യം നൽകി ജീവിക്കാൻ കഴിയുന്നുണ്ടോ?

2. Self - love, selfish love ആയി മാറാതിരിക്കാൻ ശ്രദ്ധിക്കാറുണ്ടോ?

3. നമ്മുടെ സമയവും കഴിവുകളും മറ്റുള്ളവരുമായി സന്തോഷത്തോടെ പങ്കുവയ്ക്കാറുണ്ടോ?

focus

വിശ്വാസി



ബാബു ജോൺ കൊട്ടാരത്തിൽ



വിശ്വാസം അതല്ലേ എല്ലാം. കേവലം പരസ്യ വാചകത്തിനപ്പുറം അഴമുള്ള ചിന്ത തരുന്ന ഒരു വാക്യം. ആരാണ് വിശ്വാസി. കൂദാശകൾ കൃത്യമായി അനുഷ്ഠിച്ച്, ദിവ്യബലി മുടങ്ങാതെ, പ്രാർത്ഥനയുടെ, ആചാരങ്ങളുടെ മലമുകളിൽ കഴിയുന്നവൻ അനുസരണമുള്ള സഭാവിശ്വാസി. രീളൃീ ീീല.

പരസ്യ ജീവിതം തുടങ്ങുമ്പോൾ പ്രഖ്യാപിച്ച ക്രിസ്തുദർശനമുണ്ട്. (ലൂക്കാ 4:18). ദരിദ്രരെ സുവിശേഷമറിയിക്കാനാണ് ഞാൻ വന്നത് എന്ന പ്രഖ്യാപനം. അതിന്റെ practical version ഒന്നേ ഉള്ളൂ. വിശക്കുന്നവന്റെ സു-വിശേഷം ഭക്ഷണം ലഭിക്കും എന്നത് മാത്രമാണ്. സ്നേഹത്തിന്റെ ദാരിദ്ര്യം അനുഭവിക്കുന്നവന് സ്നേഹം ലഭിക്കണം, നീതിയുടെ ദാരിദ്ര്യം അനുഭവിക്കുന്നവന് നീതി ലഭിക്കണം, തുണയില്ലാത്തവന് തുണയുണ്ടാവണം അതിനായി മലയിൽ നിന്നിറങ്ങിയാൽ നീ ക്രിസ്തു വിശ്വാസി. അവിടെ നിന്നെ പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന സ്നേഹത്തിന്റെ കല്പനയുണ്ട്. മനുഷ്യരെ മരങ്ങളായി കാണുന്ന അന്ധത മാറ്റുന്ന കാഴ്ചയുണ്ട്. ശുദ്ധീകരണത്തിന്റെ ചാട്ടവാറടി ശബ്ദമുണ്ട്. ആചാരത്തിന്റെ സാബത്തിനപ്പുറം നിസംഗതയുടെ തളർവാതത്തിൽ നിന്നുള്ള കൈപിടിച്ചുയർത്തലുണ്ട്. ഭീതിയുടെ മുൾപടർപ്പിൽ നിന്നുള്ള മോചന മുണ്ട്.

തെറ്റുകൾക്കെതിരെയുള്ള ശക്തമായ പ്രതികരണമുണ്ട്. ക്രിസ്തുവിശ്വാസിയാകാൻ എന്ത് ചെയ്യണം എന്ന ഒരു ചോദ്യം. ഒറ്റ ഉത്തരം, നീ നിന്റെ comfort zone വിട്ട് ഞാൻ ചെയ്യുന്നത് ചെയ്യുക.

എന്ത് ലഭിക്കും.

ഒറ്റപ്പെടലിന്റെ ഇരുട്ടറ.
കയ്യപ്പാസിന്റെ ആക്രോശം 'ഇവൻ രാജ്യദ്രോഹി'.
അതിന്റെ അടിമ പ്രതിധ്വനികൾ. 'ഇവനെ ക്രൂശിക്കുക'.
മാംസം ചിതറിത്തെറിക്കുന്ന ചാട്ടവാറടി.

പരസ്യ വിചാരണയുടെ മുൾക്കിരീടം.
അപമാനത്തിന്റെ, വ്യാകുലത്തിന്റെ കുരിശുമരം.
മൂന്നുനാളത്തെ മരണം.
അത് കഴിഞ്ഞ് ഉയർത്തെഴുന്നേൽപ്.

തനിയാവർത്തനം.

പേരൊന്ന് തന്നെ 'വിശ്വാസി' എന്താല്ലേ ?

പ്രവൃത്തി കൂടാതെയുള്ള വിശ്വാസം മൃതമാണ് (യാക്കോബ് 2:26)

വിശ്വാസം അതല്ലേ എല്ലാം.

കുട്ടികളിലെ പ്രമേഹം തിരിച്ചറിയാം, പ്രതിരോധിക്കാം



ഡോ. നവ്യ മേരി കുര്യൻ
എൻഡോക്രൈനോളജിസ്റ്റ്
ലൂർദ്ദ് ഹോസ്പിറ്റൽ



ഒരു കാലത്ത് മുതിർന്നവരിൽ മാത്രം കണ്ടിരുന്ന രോഗമായാണ് പ്രമേഹത്തെ പലരും കരുതിയിരുന്നത്. എന്നാൽ ഇന്ന് കുട്ടികളിലും പ്രമേഹം വർദ്ധിച്ചു വരുന്നു. കുട്ടികളിലെ പ്രമേഹം കൃത്യസമയത്ത് തിരിച്ചറിയുകയും ചികിത്സിക്കുകയും ചെയ്യേണ്ടത് അവരുടെ ആരോഗ്യകരമായ ഭാവിക്ക് അത്യന്താപേക്ഷിതമാണ്.

കുട്ടികളിലെ പ്രമേഹം പ്രധാനമായും രണ്ട് തരത്തിലുണ്ട്. ഇൻസുലിൻ ഉല്പാദിപ്പിക്കുന്ന പാൻക്രിയാസിലെ കോശങ്ങൾ നശിക്കുന്നതു മൂലം ഉണ്ടാകുന്ന ടൈപ്പ് 1 പ്രമേഹം കുട്ടികളിൽ കാണുന്ന സാധാരണമാണ്. ഇത് കുട്ടി മധുരം കഴിച്ചതു കൊണ്ടോ മാതാപിതാക്കളുടെ അശ്രദ്ധകൊണ്ടോ ഉണ്ടാവുന്നതല്ല. ഇത്തരം കുട്ടികൾക്ക് ജീവിതകാലം മുഴുവൻ ഇൻസുലിൻ ചികിത്സ ആവശ്യമാണ്.

അമിതവണ്ണം, വ്യായാമക്കുറവ്, അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവയുമായ് ബന്ധപ്പെട്ട ടൈപ്പ് 2 പ്രമേഹം കുട്ടികളിലും കൗമാരക്കാരിലും കണ്ടുവരുന്നു. എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ട ലക്ഷണങ്ങൾ?

അമിതമായ ദാഹം, ഇടയ്ക്കിടെ മൂത്രമൊഴിക്കൽ, രാത്രിയിൽ കിടക്കയിൽ മൂത്രമൊഴിക്കുന്ന ശീലം പുതുതായി ഉണ്ടാകുക, വിശപ്പ് കൂടിയിട്ടും ശരീരഭാരം കുറയുക, അമിതക്ഷീണം എന്നിവ പ്രമേഹത്തിന്റെ ലക്ഷണങ്ങളാണ്. ഈ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറെ സമീപിച്ച് പഞ്ചസാര പരിശോധിക്കണം. ഛർദ്ദി, വയറുവേദന, വേഗത്തിലുള്ളതോ ആഴത്തിലുള്ളതോ ആയ ശ്വാസം, ബോധക്ഷയം എന്നിവയുണ്ടെങ്കിൽ അടിയന്തിര ചികിത്സ തേടണം. ഇത് ജീവന് ഭീഷണിയായ ഡയബറ്റിക്ക് കീറ്റോ അസിസോസിസിന്റെ ലക്ഷണങ്ങളാകാം.

കുട്ടികളിലെ ടൈപ്പ് 2 പ്രമേഹ സാധ്യത കുറയ്ക്കാൻ സമീകൃതാഹാരം, ദിവസവും കുറഞ്ഞത് 60 മിനിറ്റ് ശാരീരിക പ്രവർത്തനം, മതിയായ ഉറക്കം, സ്ക്രീൻ ടൈം നിയന്ത്രിക്കൽ എന്നിവ പ്രധാനമാണ്. പാക്കറ്റ് ഭക്ഷണങ്ങൾ, മധുരപാനീയങ്ങൾ, അമിതമായി സംസ്കരിച്ച ഭക്ഷണങ്ങൾ എന്നിവ പരിമിതപ്പെടുത്തുക, പച്ചക്കറികൾ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, .ധാന്യങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുകയോ വേണം.

പ്രമേഹമുള്ള കുട്ടികളെ കുറ്റപ്പെടുത്തുകയോ, ഒറ്റപ്പെടുത്തുകയോ ചെയ്യരുത്. ശരിയായ ചികിത്സയും, കുടുംബത്തിന്റെ പിന്തുണയും ലഭിച്ചാൽ അവർക്ക് ജീവിതത്തിന്റെ എല്ലാ മേഖലകളിലും സജീവമായി മുന്നേറാം.

വാർത്തകൾ NEWS

ലോക മാനസികാരോഗ്യ ദിനാചരണം: പോലീസ് ഉദ്യോഗസ്ഥർക്കായി ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു



എറണാകുളം ലൂർദ് ആശുപത്രിയിൽ ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ലൂർദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ എറണാകുളം റേഞ്ചിലെ പോലീസ് ഉദ്യോഗസ്ഥർക്കായി മാനസികാരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം എറണാകുളം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് DIG യതീഷ് ചന്ദ്ര ജി.എച്ച്. IPS നിർവഹിച്ചു. തുടർന്ന് ലൂർദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സയൻസ് സീനിയർ കൺസൾട്ടന്റും, മേധാവിയുമായ ഡോ. റിങ്കൂ തെരേസ ജോസ്, കൺസൾട്ടന്റുമാരായ ഡോ. വിനീത വി. ജോസ്, ഡോ. മനു എൻ.എ., ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ദിവ്യ അജയ്, കൗൺസലിംഗ് സൈക്കോളജിസ്റ്റ് ജെയ്സിൽ ജേക്കബ്, ഡോ.ബി.എ അഷിമ അസീസ്, ഡോ. മരിയ എം. ജെ., ഡോ. ഫെക്സാ ലിസ് ബെന്നി എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ നയിച്ചു.

അഭിനന്ദനങ്ങൾ



തായ്ലൻഡിൽ വച്ചു നടന്ന Asia-Pacific International Yogasana Championship ൽ ഇന്ത്യയ്ക്ക് വേണ്ടി മത്സരിച്ച് മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ക്രിസ്റ്റ വർഗീസിന് അഭിനന്ദനങ്ങൾ. നേരത്തെ ഉത്തരാഖണ്ഡിൽ നടന്ന National Yogasana Championship Â Artistic Single വിഭാഗത്തിലും Traditional വിഭാഗത്തിലും Bronze Medal നേടിയിരുന്നു. ഇളമക്കര ലൂർദ് മാതാ പള്ളി ഇടവക പുതുക്കാട് വീട്ടിൽ വർഗീസിന്റെയും സെലീനയുടെയും മകളാണ് ക്രിസ്റ്റ വർഗീസ്.



ലൂർദ് ആശുപത്രിയിൽ പുതിയ കാർഡിയാക് പോസ്റ്റ് സർജറി ഐസിയു യൂണിറ്റ് ഉദ്ഘാടനം ചെയ്തു

കൊച്ചി: ലൂർദ് ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച കാർഡിയാക് പോസ്റ്റ് സർജറി ഐസിയു യൂണിറ്റിന്റെ ഉദ്ഘാടനവും ആശിർവാദവും വരാപ്പുഴ അതിരൂപത വികാരി ജനറൽ ഫാ. മാത്യു ഇലഞ്ഞിമിറ്റം നിർവഹിച്ചു.

വിശ്വാസപരിശീലന കമ്മീഷൻ അറിയിപ്പുകൾ

മോൺ. ഇമ്മാനുവൽ ലോപ്പസ് ബൈബിൾ കിസ് ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ കിസ് മത്സരത്തിന്റെ ഇടവകതല പരീക്ഷ നവംബർ 15, ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്നു. വി. യോഹന്നാന്റെ സുവിശേഷമാണ് ഈ വർഷത്തെ പഠനഭാഗം. 3 വിഭാഗങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ സൺഡേകെയർ വിദ്യാർഥികൾ മുതൽ മുതിർന്ന ആളുകൾക്ക് വരെ പങ്കെടുക്കാം.

ക്രിസ്മസ് കാരൾ മത്സരം

വരാപ്പുഴ അതിരൂപത വിശ്വാസപരിശീലന കമ്മീഷൻ സംഘടിപ്പിക്കുന്ന ക്രിസ്മസ് കാരൾ ഗാനമത്സരം ഡിസംബർ 12 ശനിയാഴ്ച്ച രാവിലെ 8.30 മുതൽ ആശീർഭവനിൽ വച്ച് നടത്തുന്നു. ഫൊറോന തലത്തിൽ നടത്തി, വിജയികളായ 3 ടീമിന് മാത്രമേ അതിരൂപതാ തല മത്സരത്തിൽ പങ്കെടുക്കാൻ കഴിയൂ. പങ്കെടുക്കുന്നവർ ഫൊറോന ഡയറക്ടറിന്റെ സാക്ഷ്യപത്രത്തോടൊപ്പം ഡിസംബർ 2-ന് മുൻപ് വിശ്വാസ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ് ടീമിന് 500 രൂപ.

ഉണ്ണീശോയ്ക്ക് ഒരു കത്ത് മത്സരം

ഒന്ന് മുതൽ എഴാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉണ്ണീശോയ്ക്ക് ഒരു കത്തെഴുതൽ മത്സരം ഡിസംബർ 12 ശനിയാഴ്ച എറണാകുളം സെൻറ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. രാവിലെ 9.30-ന് ആരംഭിക്കുന്ന മത്സരത്തിൽ അതാത് ക്ലാസ്സിന്റെ ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് പങ്കെടുക്കേണ്ടത്. ഒരു ക്ലാസ്സിൽ നിന്നും പരമാവധി 3 പേരെ പങ്കെടുപ്പിക്കാം. ഓരോ ഗ്രൂപ്പിനും സമ്മാനം ഉണ്ടായിരിക്കും. നവംബർ 20-ന് മുൻപ് പങ്കെടുക്കുന്നവരുടെ പേര്, വിലാസം സഹിതം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം വിശ്വാസപരിശീലന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 25 രൂപ.

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നല്കിയവർ

1.തിരുനാൾ പ്രസുദേന്തി, വ്യാകുലമാതാ ചർച്ച്, അംബികാപുരം 50,000.00
2.തിരുനാൾ പ്രസുദേന്തി, വ്യാകുലമാതാ ചർച്ച്, തുതിയൂർ 10,000.00
3.തിരുനാൾ പ്രസുദേന്തി, സെന്റ് നിക്കോളാസ് ഡി ഫ്ളു ചർച്ച്, പടമുകൾ 25,000.00
4.തിരുനാൾ പ്രസുദേന്തി, വേളാങ്കണ്ണിമാതാ ചർച്ച്, കരിമുകൾ 10,000.00
5.തിരുനാൾ പ്രസുദേന്തി, ലിറ്റിൽഫ്ളവർ ചർച്ച് പൊറ്റക്കുഴി 25,000.00
6.തിരുനാൾ പ്രസുദേന്തി, ലിറ്റിൽഫ്ളവർ ചർച്ച്, കുണ്ടന്നൂർ 10,000.00
7.തിരുനാൾ പ്രസുദേന്തി, ഫാത്തിമാമാതാ ചർച്ച് ഇളംകുളം 45,000.00
8.സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച്, പാലാരിവട്ടം 10,000.00
9.തിരുനാൾ പ്രസുദേന്തി, സെന്റ് റാഫേൽസ് ചർച്ച്, തൈക്കൂടം 20,000.00
10.തിരുനാൾ പ്രസുദേന്തി, നാഷണൽ ഷ്റൈൻ ബസിലിക്ക, വല്ലാർപാടം 15,000.00
11.മിഷേൽ & ജേർമി 5,000.00
12.ബിന്നി വല്ലാർപാടം 2,000.00
ആകെ2,27,000.00

വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ

1. സെന്റ് ജോർജ് ചർച്ച്, കർത്തേടം - 50,000 രൂപ
2. സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്, നിത്യസഹായമാത പള്ളി, വളപ്പ് - 5250 രൂപ
3. ഫിലോമിന വലിയപറമ്പിൽ - 25000 രൂപ
4. ഇട്ടിക്കുന്നത് ജോസഫ് ഗിൽബർട്ട്, കർത്തേടം - 10,001 രൂപ
5. കളത്തിൽ ജോസഫ്, കർത്തേടം - 5000 രൂപ

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

എക്സോഡസ്സ് മീറ്റിംഗ്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന ***എക്സോഡസ്സ് മീറ്റിംഗ് 2026 നവംബർ 29 ന് ആശീർഭവനിൽ***

FAMILY COMMISSION
ARCHDIOCESE OF VERAPOLY

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശീർഭവനിൽ വച്ച് നടത്തുന്ന നവംബർ മാസത്തെ പരിപാടികൾ:

വിവാഹ ഒരുക്ക കോഴ്സ് :നവംബർ 6,7,8 & 20,21,22 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
മാതൃവേദി കൂട്ടായ്മ :14വേ നവംബർ രാവിലെ 10 am St John the Baptist Church Palarivattom പള്ളിയിൽ മരിച്ചവർക്കു വേണ്ടിയുള്ള കുർബാന.
വിധവ സംഗമം (അൽമാന):നവംബർ 10 ഉച്ചയ്ക്ക് 3.00 ന് ആശീർഭവനിൽ
പ്രൊ-ലൈഫ് കൂട്ടായ്മ :നവംബർ 21, വൈകിട്ട് 5.00 ന് ആശീർഭവനിൽ
ഏകസ്ഥ കൂട്ടായ്മ :നവംബർ 19, രാവിലെ 10.00 ന് ആശീർഭവനിൽ

ഓർമ്മച്ചെപ്പ്



ബ: വാകയിലച്ചന്റെ ശവസംസ്കാര ദൃശ്യം: ഇടത്തുനിന്നും മോൺ. പൈനുങ്കൽ, ഫാ. ജോസഫ് അട്ടിപ്പേറി (സെക്രട്ടറി), മോൺ. ഫ്രാൻസിസ്സ് ചമ്മണി, ഫാ. പീറ്റർ വടശ്ശേരി, അലക്സാണ്ടർ വാക യിൽ, ഫാ. വെസ്റ്റർമേയർ, റൈറ്റ് റവ. മോൺ കൂർസ് അറക്കൽ (വികാരി ജനറാൾ), മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ, ഫാ. ജോജ്ജ് പള്ളിപ്പറമ്പിൽ, ഫാ. അഗസ്റ്റിൻ ഡി'ക്രൂസ് എന്നിവരേയും കാണാം.
4-11-1931



വരാപ്പുഴ ഇടവകകളിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ പ്രസിദ്ധീകരിക്കുന്ന പാരിഷ് ബുള്ളറ്റിനുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി, മികച്ച മൂന്ന് ബുള്ളറ്റിനുകൾക്ക് അവാർഡ് നൽകുന്നു.

വരാപ്പുഴ അതിരൂപത മുഖപത്രമായ ജീവദീപ്തിയുടെയും അതിരൂപത മാധ്യമ കമ്മീഷന്റെയും ആഭിമുഖ്യത്തിലാണ് പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്.

കത്തോലിക്ക മാധ്യമ രംഗത്ത് നിസ്തുല സംഭാവനകൾ നൽകിയ വിദഗ്ധരടങ്ങിയ 3 അംഗ ജൂറി പുരസ്കാര നിർണയത്തിനായുള്ള പ്രസിദ്ധീകരണങ്ങൾ വിലയിരുത്തും. ആയതിനാൽ അവാർഡിന്റെ പരിഗണനയ്ക്കായി ഇടവകയിലെ പാരിഷ് ബുള്ളറ്റിന്റെ അവസാന 2 ലക്കങ്ങളുടെ 3 കോപ്പികൾ വീതം നൽകണമെന്നും ഈ സംരംഭത്തിൽ സ്നേഹപൂർവ്വം സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഫാ. യേശുദാസ് പഴമ്പിള്ളി.
ഡയറക്ടർ, മാധ്യമ കമ്മീഷൻ.

പിടിയരി പ്രസ്ഥാനം

മത്താ 16: 19-22



ഡോ. വിൻസെന്റ് വാര്യത്ത്

ഉപവി പ്രവർത്തനത്തിന്റെ ഏറ്റവും നല്ല മാതൃകയാണ് 'പിടിയരി പ്രസ്ഥാനം.' വരാപ്പുഴ വികാരി അപ്പോസ്തലിക്കയായിരുന്ന ബർണഡിൻ ബെച്ചിനെല്ലി പിതാവ് ആരംഭിച്ചതാണ് ഈ മഹാ പ്രസ്ഥാനം. ഉണ്ണിമിശിഹായുടെ നിക്ഷേപം എന്ന പേരിൽ ഓരോ വീടുകളിലും അവരുടെ ഭക്ഷണത്തിനുവേണ്ടിയെടുക്കുന്ന അരിയിൽ നിന്നും ഒരല്പം മാറ്റിവെച്ച് പാവപ്പെട്ടവർക്കായി അത് സംഭരിക്കാനും ഓരോ ആഴ്ചയും മാറ്റിവെച്ച അരി പള്ളിയിൽ എത്തിക്കാനും ഉള്ള ഒരു പദ്ധതിയായിരുന്നു അത്. കേരളത്തിലുടനീളമുള്ള കത്തോലിക്കരുടെ ഇടയിൽ വളരെ ഫലപ്രദമായി ഈ പദ്ധതി നടപ്പിലാക്കപ്പെട്ടു.

അന്നത്തെ കാലത്ത് യൂറോപ്പിലെ ആശ്രമങ്ങളിൽ പ്രൊപ്പഗാന്ത എന്ന ധർമ്മസഭയുടെ കീഴിൽ ഉണ്ടായിരുന്ന ഉപവിപ്രസ്ഥാനങ്ങളുടെ മാതൃകയിലാണ് ബെച്ചിനെല്ലി പിതാവ് പിടിയരി പ്രസ്ഥാനം കേരളത്തിൽ തുടങ്ങിയത്. ഉണ്ണിമിശിഹായുടെ ധർമ്മസഭ എന്ന് പിതാവ് ഇതിന് പേരിട്ടു. ഹൃദയപൂർവ്വം ആളുകൾ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും പിടിയരി പ്രസ്ഥാനത്തിലൂടെ സമാഹരിച്ച തുക സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി കൃത്യതയോടെയും വ്യക്തതയോടെയും ഉപയോഗിക്കപ്പെടുകയും ചെയ്തു. 1866 കുംഭമാസത്തിൽ ബർണഡിൻ ബെച്ചിനെല്ലി പിതാവിന്റെ ഇടയലേഖനത്തിലൂടെയാണ് പിടിയരി പ്രസ്ഥാനത്തിനുവേണ്ടിയുള്ള ആഹ്വാനം നടത്തപ്പെട്ടത് (Archives, Archdiocese of Verapoly pb no. 16). ബർണഡിൻ ബെച്ചിനെല്ലി പിതാവ് ഈ മഹാ സംരംഭത്തിന് തുടക്കം കുറിച്ചതിനെക്കുറിച്ച് വിശുദ്ധ ചാവറയച്ചൻ തന്നെ അദ്ദേഹത്തിന്റെ കൃതികളിലൂടെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (സമ്പൂർണ്ണ കൃതികൾ) (Vol 1, The Chronicle Page 109).

അതീവവിശ്വാസത്തോടെയും, സ്നേഹത്തോടെയും ആളുകൾ സംഭരിക്കുന്ന പൈസയിൽ നിന്ന് ഒരു തുട്ടുപോലും പാഴാക്കി കളയാതിരിക്കുന്നതിനുവേണ്ടി കൃത്യമായ നിർദേശങ്ങൾ ഇടയലേഖനത്തിലൂടെ പിതാവ് നൽകി. ഓരോ ഇടത്തുനിന്നും ഏൽപ്പിക്കുന്ന പണത്തിന്റെ രസീത് കൃത്യമായി നൽകുന്നതിനെക്കുറിച്ച് കർക്കശത്തോടുകൂടി പിതാവ് നിഷ്കർഷിച്ചിരുന്നു. പിടിയരി പ്രസ്ഥാനങ്ങളുടെ നേരിട്ടുള്ള നടത്തിപ്പിനു വേണ്ടി രണ്ടു പ്രമുഖ വൈദികരെ മേൽനോട്ടക്കാരായി നിശ്ചയിക്കുകയും ചെയ്തിരുന്നു. 28 ലത്തീൻ പള്ളികളിൽ നിന്നും 4358 രൂപയും, 80 സുറിയാനി പള്ളികളിൽ നിന്നും 6007 രൂപയും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പിടിയരി പ്രസ്ഥാനത്തിലൂടെ ലഭിച്ച തുക ധാരാളം ഉപവി പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചു. ധർമ്മസ്ഥാപനങ്ങളും അനാഥാലയങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടി പണം ചെലവഴിക്കപ്പെട്ടതായി രേഖകളുണ്ട്. അതോടൊപ്പംതന്നെ കൂനമ്മാവിലെ ആശ്രമത്തിനുവേണ്ടിയും മറ്റുപല ആശ്രമങ്ങൾക്കും മഠങ്ങൾക്കും വേണ്ടിയും, പുത്തൻ പള്ളിയിലെ സെമിനാരിക്ക് വേണ്ടിയും പുളിങ്കുന്ന്, വാഴക്കുളം തുടങ്ങിയ ഇടങ്ങളിലെ ഉപവി സ്ഥാപനങ്ങൾക്കുവേണ്ടിയും ഇതിൽനിന്നും പണം എടുത്തതായി രേഖകളുണ്ട്. മൊത്തത്തിൽ ഓരോ വീട്ടിൽ നിന്നും ലഭിച്ച ചെറുതരി സമ്പാദ്യത്തിലൂടെ വലിയൊരു ആത്മീയ, സാമൂഹിക വിദ്യാഭ്യാസ മുന്നേറ്റം നടത്തുവാൻ സഭക്ക് സാധിച്ചു.

പിടിയരി പ്രസ്ഥാനത്തിന് നേതൃത്വം നൽകുവാൻ വരാപ്പുഴ അതിരൂപതയ്ക്ക് സാധിച്ചു എന്നുള്ളതിന് നമ്മൾ ആദ്യം നന്ദിപറയേണ്ടത് ദൈവത്തിനും, ബർണഡിൻ ബെച്ചിനെല്ലി പിതാവിനുമാണ്. ആത്മീയ, സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനുവേണ്ടിയുള്ള അന്നത്തെ അവബോധവും, ഒരുമിച്ചുള്ള പ്രവർത്തനങ്ങളും എന്നും തുടരേണ്ടതും വളർത്തിയെടുക്കേണ്ടതും നമ്മുടെ കടമയാണ് എന്നുള്ള ചിന്ത നമ്മിൽ ആഴമായുണ്ടാവണം.

ചർച്ചയ്ക്ക്

1.സഭയുടെ ഉപവി പ്രവർത്തനങ്ങളിൽ നാം പങ്കുചേരുന്നുണ്ടോ?

2.നമ്മുടെ സമൂഹത്തിൽ കരുണ കുറഞ്ഞോ, കൂടിയോ?

3.സ്വന്തംകാര്യം മാത്രം നോക്കുന്നവരുടെ എണ്ണം കുറഞ്ഞോ, കൂടിയോ?

പിൻമൊഴി

ഓരോ വീടും ജന്തർ മന്തർ ആകണം



ഫാ. യേശുദാസ് പഴമ്പിള്ളി

അവകാശങ്ങൾ ചോദിച്ച് വാങ്ങാനുള്ള ആഗ്രഹത്തോടെ, ദില്ലിയിലെ ജന്തർമന്തറിൽ എത്തിയ പാറ്റക്കൂട്ടം ഉൾപ്പെടെയുള്ള ഇന്ത്യയുടെ യുവജന നിര നിരന്തരം ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ഭരണഘടന എന്നും മാനിക്കപ്പെടണം എന്ന പൊതുസത്യം, രാഷ്ട്രീയത്തിന്റെയും അധികാരത്തിന്റെയും സ്വാധീനത്തിന്റെയും മറവിൽ ജനാധിപത്യ മര്യാദകൾ മറന്ന്, വോട്ട് കൊള്ള നടത്തുന്ന ഇന്നിന്റെ നേതാക്കന്മാരോടുള്ള, ഉയർത്തിപ്പിടിച്ച ചൂണ്ടുവിരലിന്റെ, സത്യം അറിയാനുള്ള ചോദ്യങ്ങളെ നാം കാണാതെ പോകരുത്. ഇന്ത്യ മുഴുവനും പടർന്നുപിടിക്കുന്ന, നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങൾക്കെതിരെയുള്ള മുറവിളികളെ നാം ഗൗനിക്കണം. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ രാജി ആവശ്യപ്പെട്ട് ഡൽഹിയിൽ എൻ.എസ്.യു. നടത്തിയ പ്രതിഷേധ ത്തിൽ പങ്കെടുത്ത മലയാളിയായ യുവതി ലത്തീൻ സഭയിലെ മിയ ജോളിയും മർദ്ദിക്കപ്പെട്ടത് നീതിക്കുവേണ്ടിയുള്ള സമരമുഖത്ത് വച്ചായിരുന്നു. സാന്നിധ്യം അറിയിക്കാനായില്ലെങ്കിലും മനസ്സു കൊണ്ടെങ്കിലും നമ്മുടെ ഉള്ളിൽ ഒരു ജന്തർ മന്തർ ഉണ്ടായിരിക്കട്ടെ. നീതിയുടെ സ്വർഗ്ഗരാജ്യം ആണല്ലോ നമ്മുടെ ലക്ഷ്യം. എവിടെ അത് ഹനിക്കപ്പെടുന്നുവോ, ഇല്ലാതാക്കപ്പെടുന്നുവോ, എവിടെ മാനുഷിക നന്മകളുടെ മുകളിൽ അധികാരം അടയിരിക്കുന്നുവോ, അവിടെയൊക്കെ, നമ്മുടെ ഉള്ളിലും, നമ്മുടെ കുടുംബങ്ങളിലും, പൊതുസ്ഥലത്തും, ജന്തർ മന്തർ ആവർത്തിക്കപ്പെടണം.



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

വരാപ്പുഴ • ക്രൈസ്റ്റ് നഗർ

ക്രിസ്തുരാജ ദൈവാലയം



ക്രിസ്തുരാജത്വ തിരുനാൾ 2026

നവംബർ 18, 19, 20, 21, 22

ബുധൻ • വ്യാഴം • വെള്ളി • ശനി • ഞായർ

തിരുനാൾ ഒരുക്ക നവനാൾ ദിനങ്ങൾ

നവംബർ 9 മുതൽ 17 വരെ

മഞ്ഞുമ്മൽ
കർമ്മലീത്ത ആശ്രമ ദൈവാലയത്തിൽ

ഇടവക മധ്യസ്ഥ
പരിശുദ്ധ അമലോത്ഭവ മാതാവിന്റെ



161-ാം ദർശന തിരുനാൾ

2026 ഡിസംബർ 02 മുതൽ 15 വരെ

നവനാൾ ദിനങ്ങൾ
നവംബർ 23 മുതൽ ഡിസംബർ 1 വരെ



വെരി.റവ. ഫാ. എബിജിൻ അറക്കൽ
(ഫാർണിക്കർ, വരാപുഴ അതിരൂപത)



മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
വരാപുഴ അതിരൂപത സഹായമെത്രാൻ



വെരി. റവ. ബെന്നി അപ്പാരുപറമ്പിൽ ഒ.സി.ഡി.
(ആശ്രമാധിപൻ, ഞെണ്ടുകൽ ആശ്രമം)

2026 ഡിസംബർ 2 ബുധൻ

വൈകിട്ട് 5. 15ന് : പരിശുദ്ധ അമലോത്ഭവ മാതാവിന്റെ തിരുസ്വരൂപത്തിന്റെ 150-ാം വാർഷിക സ്മരണാഘോഷയാത്രക്ക് സ്വീകരണം

5.30ന് : കൊടിയേറ്റം ആഘോഷമായ ദിവ്യബലി

മുഖ്യ കാർമികൻ : വെരി.റവ. ഫാ.. എബിജിൻ അറക്കൽ
(ഫാർണിക്കർ, വരാപുഴ അതിരൂപത)

പ്രസംഗം : റവ. ഫാ. കപ്പിസ്യാൻ ലോഷസ്

2026 ഡിസംബർ 7 തിങ്കൾ
കർമ്മലീത്ത ദിനം

ഉച്ചക്ക് 2.30ന് : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം പള്ളിയിറക്കം

വൈകിട്ട് 5.30ന് : പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം എഴുന്നള്ളിക്കൽ ദിവ്യബലി

മുഖ്യ കാർമികൻ : വെരി. റവ. ബെന്നി അപ്പാരുപറമ്പിൽ ഒ.സി.ഡി.
(ആശ്രമാധിപൻ, ഞെണ്ടുകൽ ആശ്രമം)

പ്രസംഗം : റവ. ഫാ. ബാബു പോൾ ഒ.സി.ഡി.

2026 ഡിസംബർ 8 ചൊവ്വ
തിരുനാൾ ദിനം

രാവിലെ 9.30ന് : ആഘോഷമായ പൊന്തിഫിക്കൽ ദിവ്യ ബലി

മുഖ്യ കാർമികൻ : മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപറമ്പിൽ
(വരാപുഴ അതിരൂപത സഹായമെത്രാൻ)

പ്രസംഗം : മോൺ. റാക്കി ജോബി കളത്തിൽ
(ചാൻസിലർ, കോട്ടപ്പുറം രൂപത)

എട്ടാമിടം ഡിസംബർ 15 ചൊവ്വ

Printed, Published and owned by Fr. Yesudas Pazhampilly and printed at Sterling Print House Kochi - 682017 and published at Ashirbhavan, Kochi - 682018
Editor Fr. Antony Raphel komaramchath. Tel : 90720 26577